

# T.K.M. COLLEGE OF ARTS AND SCIENCE

## MAGAZINE 92-93

# T.K.M. COLLEGE OF ARTS AND SCIENCE

**KARICODE KOLLAM-5**




*Chief Editor:* Prof. (Lt Col) Basheer Kannu

*Staff Editor:* MA Majeed

*Chief Student Editor:* Nazeer. M

*Type Setting:* Parasyavedi, Kollam (Ph: 75774)

*Illustrations:* Unni. K

*Cover:* Unni. K

*Lay out:* Unni. K, Suresh, Nazeer. M, Shamnad. Y, Headlines, Kollam


സാമ്രാജ്യത്വത്തിനെതിരെ പൊരുതുന്ന-
മൂന്നാം ലോക രാജ്യങ്ങളിലെ -
പട്ടിണിപ്പാവങ്ങൾക്കായി -
ഞങ്ങളിത്
സമർപ്പിക്കുന്നു.



JANAB. A. THANGAL KUNJU MUSALIAR

FOUNDER



JANAB
S.H. Musaliar
Chairman, Governing body



JANAB

T. Kamaluddin Musaliar

Treasurer, Governing body



PROF(LT.COL) BASHEER KANNU

**Our Principal**



# കൂട്ടരെ...

പരാതികളും, പരിഭവങ്ങളും
ഏറെ ശിരസ്സാവഹിച്ചവർ
ഞങ്ങൾ
സമയവും തിരമാലയും
കാത്തുനിൽക്കില്ലെന്ന ബോധം
ഞങ്ങളെ വ്യാകുലപ്പെടുത്തി
എങ്കിലും.........
വഴിതേടി അവയ്ക്കൊപ്പം
ഞങ്ങളും സഞ്ചരിച്ചു
സ്നേഹം നെറ്റിയിലെ വിയർപ്പാക്കി
ആ വിയർപ്പ് വിളയിച്ച നവധന്യമിതാനിങ്ങൾക്ക്
ആമഷി വിളയിച്ച
അക്ഷരപ്പൊരുളുകളും നിങ്ങൾക്ക്
സ്മരണിക കാത്തിരുന്ന നിങ്ങളോട്
ഇതിലെ വരികൾ
നിങ്ങളുടെ സ്വന്തമാണ്
ഇവയുടെ അവകാശികൾ
നിങ്ങളാണ്
ഇവ നിങ്ങളിൽ എത്തിക്കുവാൻ
വൈകിയതിൽ
മാപ്പിരുന്നുകൊണ്ട്
ഇവയിലെ പൊരുളുകൾ
പരിവർത്തനത്തിൻെറ
പാതയിലേക്കെത്തിക്കുമെങ്കിൽ
ഞങ്ങൾ ധന്യരായി.



ഹൃദയം നിറഞ്ഞ സ്നേഹത്തോടെ
നിങ്ങളുടെ എഡിറ്റർ
**നസീർ എം.**

ഉദാരവൽക്കരണം,
സ്വകാര്യവൽക്കരണം
ചക്രവാളങ്ങൾക്കുമപ്പുറം തുറന്നിട്ട വാതിലുകൾ,
വാനിലേക്ക് വിദേശനിക്ഷേപങ്ങൾ തുപ്പുന്ന
വിഷപ്പുകകൾക്കുപോലും നാം  കടപ്പെട്ടിരിക്കുന്നു.
വരുംകാല സ്വപ്നങ്ങൾക്ക് എന്നേ വില നിശ്ചയിച്ചുകഴിഞ്ഞു.
ഇനി......
സ്വതന്ത്രമായ ചിന്തയ്ക്കും പേറ്റൻറുനൽകി നാം എഴുതുന്ന
താളുകൾ തീറെഴുതാം.
കാലാന്തങ്ങളുടെ ഭാഷ്യം ഉൾക്കൊള്ളാൻ നമ്മൾ
ഏറെദൂരം താണ്ടി,
എത്തി നിൽക്കുന്ന ഈ ദശാസന്ധിയിൽ ഈ കൊച്ചു
ഉപഹാരം വിനോദമായി ഭവിക്കാം.
നിറയെ വിഭവങ്ങൾ നമുക്ക് പണ്ടേ അപരിചിതം.  എന്നാകിലും,
ഏറെ പറയുവാനുള്ളത് കുറുക്കി വിളമ്പട്ടെ.
പരസ്യങ്ങൾ തന്ന മാന്യമിത്രങ്ങളോടെ കടപ്പാട്. സഹകരിച്ച
ഏവർക്കും നന്ദി.

**മജീദ്**

**സ്റ്റാഫ് എഡിറ്റർ**



# EDITORIAL BOARD



**CHIEF EDITOR**
Prof: (Lt: Col) BASHEER KANNU



**STAFF ADVISER**
Dr. S. KHAJAMEIAH



**STAFF EDITOR**
M. A. MAJEED



**CHIEF STUDENT EDITOR**
NAZEER. M.



**Maneesh. N**
Sub Editor



**Niaz.**
Sub. Editor



**Gracious. A.**
Sub. Editor. I BA

# UNION BEARERS



**JAYAKUMAR L.**
CHAIRMAN



**RAJEELA**
VICE-CHAIRMAN



**AKBAR KHAN RAWTHER**
GEN: SECRETARY



NAZEER. M.
MAGAZINE EDITOR



NIZAM. K.
ARTS CLUB SECRETARY



NAZAR . H
U. U. C



ASHRAF. M.
U. U. C.



**Abhilash**

II P. D. C. Rep.



**Abdul Jabbar**

I Bcom Ist Dc Rep:



**Manoj**

II DC Rep.



**Shahal A.K.**

IIIrd DC Rep:

Lady representatives



**Manju P.B**



**26. Anitha P.S.**

# അസോസിയേഷൻ സെക്രട്ടറിമാർ



**Subash**
Botony Asso: Sec:



**Midhilaj M.A**
II BA. Asso: Secretary



**Udaya Kumar. N**
III Zoology



**Suneer Khan. A**
Maths Asso: Secretary



**Najeeb M.**
Rank B.A. History
1993 April



**Omanakuttan. K**
Sample Survey II BSc Zoology

# സത്യപ്രതിജ്ഞ



ജയകുമാർ. എൽ. ചെയർമാൻ



റജീല- വൈസ് ചെയർമാൻ



നസീർ എം.- എഡിറ്റർ



നിസ്സാം- ആർട്ട്സ് ക്ലബ്ബ് സെക്രട്ടറി



അഷറഫ് യു.യു.സി



SHABU. G. Student Court Judge



Sunil K.P. III Bot SPORTS CLUB SECRETARY

# Principal's Report

Dear Student Chairman Mr. Jayakumar, distinguished guests, respected parents, dear colleagues, teaching and non-teaching beloved students, ladies and gentlemen,

It gives me tremendous pleasure to place before you a brief report of the various activities of our iinstitution during the academic year 1992-93. Two years have passed since we celebrated the silver jubilee of out college, two years long in themselves, but brief in the life of a mighty institution like ours.

By the abundant grace of the Almighty we were able to maintain an extremely high standard of discipline in the college campus amidst the turbulence outside. I would like to thank my colleagues, both teaching and non-teaching and my beloved students from the bottom of my heart for this.

These has been a spectacular improvement in the performance of out PG and DC students in general and out pre-degree students in particular in the university examinations. My congratulations.

Today, as we celebrate college day in the 28th year of the existance of our college, it is impossible for us to forget out beloved founder the late Janab A. Thangal Kunju Musaliar. Thangal Kunju Musaliar college of Arts and Science and Thangal Kunju Musaliar College of Engineering are the two jewels he has gifted to the generations to come. This occasion demands that we pay greateful homage to him. I request everyone of you to stand up and observe a minute's silent prayer. May the Almighty bless him with external bliss.

### 2) Students:

The total student strength of the college is 3751 now. Approximately half of it consits of girls.

### 3) Courses:

We impart instruction to students of the Pre-degree, UG and PG courses. We have a total of 26 Pre-degree, 7 DC and 2 PG batches, the last of them in commerce and Mathematics. We have applied for many more courses at the UG and PG levels and we hope to introduce them during the next academic year.

### 4) Staff:

Benefits of the UGC scheme were enjoyed by fiftyone teaches of the college last year. This year more teachers were brought under the scheme and placed on the Scale. Mr. A. Raghu lecturer in Englush and Mr. Dayanandan, lecturer in Commerce have been awarded doctoral degrees in their respective subjects by the University of Kerala. My congratulation to them. Mr. Nagendra Kumar, Mr. Abdul Majeed, Mr. Prakash Mathew and Mrs. Sumangala Devi Amma have joined full time M. Phil courses in their subjects under the FIP scheme of the University grants commission. Several teacher have enrolled for part-time M. Phil and Ph. D Programmes.

### 5) UGC Assistance:

The University grants commission has sanctioned an amount of Rs. Twelve lakhs as basic grant for the developmental activities of the college. A sum of Rs. Three lakhs has been sanctioned as PG department grant for the commerce faculty. A similar grant is on the cards for the Mathematics department. The Girls Hostel with accomodation facilities for fifty girls is under construction.

### 6) NSS

There are three NSS units functioning in the college under the direction of Dr. Kajah Meah, Mr. M. Abdul Majeed and Mrs H. Shemine. They were involved in a host activities theis year the important areas being blood donation, literacy, mass communication and cancer detetction.

### 7) NCC Army Wing:

Mr. Abdul Manaf has been commissioned as 2/Lt on successful completion of hsi pre-commission training at OTS, Kamptee. He is in charge of the NCC Army wing unit of the college. It under took regular training activities like parades and range firing sessions during this academic year. It participated in Independene and Republic Day celebrations at the district level and the Pre-RD parade at Pangode, Trivandrum.

### 8) NCC Girls Wing:

Lt. G. Prasanna Kumari is the officer in charge of the NCC Army girls sub unit which was involved in various training activities this year. She attended a refresher course at the NCC Girls Academy Gwalior.

### 9) NCC Navy Wing:

Sub Lt S.M. Noushad is in charge of the naval wing of the college NCC unit. Amoung other things it organised a boating expedition from Quilon to Alleppy.

### 10) Adult Education Unit:

The Adult Education Unit of the college is under the leadership of Mr. V. A. Hashim Kutty. It runs the JSN (Jana Shikshana Nilayam) at Peroor.

### 11) PTA

The Parent Teacher Association of the college plays a vital role in the life of the institution sharing and shaping the developmental activities. The association gave each prizes and awards to students who excelled in the various examinations and took steps to encourage co- cumcular activities in the college. On founder's Day inter-collegiate competitions were conducted and rice packets were distributed amoung the needy Scholerships have been instituted for students who excel in NCC/ NSS/Adult Education activites. The Principal is the president of the PTA and Dr. Kajah Meah the Secretary.

### 12. FSA:

Under the chairmanship of Mr. Thomas F.J the FSA of the college has prepared several programme for the welfare of the institution and is in the prices of carrying them out. A merit scholarship scheme for the children of former students has been established.

### 13) Insurance Against Accidents:

The insurance against accidents secheme is being continued this academic year also. The beneficiaries of the scheme are

fewer in number this year than in the previous year as the annual rate of accident has come down. The University of Kerala has taken up the co-ordination of the scheme in the various colleges affiliated to it from this year on wards.

### 14) Physical Education:

The college team participated in many Kerala University Inter-collegiate tournaments. Our ball badminton team won the North Zone tournament. It was the wing up in the Kerala University Tournament. Our athletic team received the second place in the Kollam District Amatur Athletic meet and our weight lifting team the third place on the Kerala University Inter-collegiate competitions. Shanawas A secured the first place in weightlifting (56 Kg) Shreejayan D. and Sharafudeen were overall champions for the year 1992-93.

### 15) Endowment Scholarships:

There are three endowment scholarships. Bini Endowment scholarship, Prof. A. Husain Memorial Scholarships and Prof. S. Yousuf Rawther Retirement Endowment Scholarship. All of the were awarded this year as in the previous years.

### 16) Co-operative Consumers Society and Staff Co-operative Credit Society:

The Co-operative consumers Society is under the secretaryship of Mr. T.M. Hassan Mr. P.N. Narayanan is the secretary of the Staff Co-operative Credit Society.

### 17) Library:

The library now functions is a set of spacious rooms in the main block of the college building. A massive expansion programme which includes the addition of expensive books and periodicals is under way.

### 18) College Magazine:

The current issue of the college Magazine has been released. It was edited by Mr. A. Erushad Husian (staff editor) and Nazar H. (Student Editor).

### 19) Elections:

Elections to the offices of the college union were conducted this year in an atmosphere of disciplane and tranquility thanks to the support and co-operation of the staff. Prof. Khajah Meah was the Returning Officer. My appreciation is due to him and to others.

### 20 Science Forum:

There is an active science forum in the college with Prof. P.N. Narayanan as its staff convener.

### 21) Tourism Club:

Mr. Jamal Mohammed is the college level co-ordinator and Prof. S. Balakrishna Pillai the Distric level co-ordinator of the Tourism Club.

### 22) College Union:

I would like to take this opportunity to express my sincere appreciation of the efficient function of the college union thanks to time advice given by Dr. Kajah Meah and others.

### 23) Advisory System:

This academic year saw the further strengthening and streamlining of the advisory system. The entre student community of the college is divided into batches of about forty students each and placed under the guardianship of a teacher. The system goes a long way to counter the lamentable trend, visible in recent decades, of students and teachers drifting progressively apart and losing touch with each other. Prof. E. Mathew is the co-ordinator os the system.

### 24) Co- curricular Achievements:

Under the able guidance of teachers like Mr. Grijakumaran, Mr. Hassan, Mrs. Shantakumari Amma and Dr. A. Raghu our students brought laurels of our institution. Gopakumar M.S. has benn a remarkable performer in the various competitions.

### 25) Centre for Women Studies:

Regular counselling sessions were conducted by the CWS which functions under the leadership of Mrs. Latheefe Beevi

### 26) Planning Forum:

The college which has been involved in effort to enlighten the student community of the institution about governmental plans armed at nations buildings.

### 27 Auroyouth:

In connection with the formation of the Auroyouth unit in the college a ten-day camp was organised. Among those who spoke at the meetings organised during the camp was Dr. Paul, All India co-ordinator of the Auroyouth movement Mr. Abdual Aziz is in charge of the unit.

### 28) Short Term Computer Course:

A short term computer course was conducted this year for members of the staff. A similar sourse for PG and UG students is on the cards.

### 29) Retirements:

Three of the doyens of the teaching community of the college Dr. C.K.G. Nair, Dr. S. Kajah Meah and Prof. K.K. Varkey retire from service this year. I bid farewell to them most reluctantly. Placing on record my most profound appreciation of their yeomen service to the institution. Spanning nearly three long decades.

I find it heart breaking to speak of the unfortunate, untimely and tragic demise of Professor Abdul Fatah, Head of the Department of English who had been with us right from the inception of the college. He was a teacher of teachers, a professor of professors. where sudden and extremely painful departre leaves behind in the college a vaccum which can never be filled. May his soul rest in peace.

### 30) Conclusion:

These can be no better way to conclude my report than by expressing my heartful gratitude to Janab S.H. Musaliar Chairman, Janab Kamaludeen Musaliar, Secretary and other member of the Trust and the Governing Body and the staff and students of the college for the complete co- operation than have extended to me.


'92



യൂണിയൻ ഉദ്ഘാടനം
വി.എസ്. അച്യുതാനന്ദൻ

# യൂണിയൻ ഉദ്ഘാടനം

ആർട്ട്സ് ക്ലബ്ബ് ഉദ്ഘാടനം-
ഒ. മാധവൻ






സ്വാഗതം പ്രിൻസിപ്പാൾ

അദ്ധ്യക്ഷപ്രസംഗം



ജയകുമാർ- ചെയർമാൻ



ബാബുജാൻ (Sy Member)



ആശംസാ-
ആര്യാട് ഗോപി



ആശംസ-
ആൻസിൽ ഫ്രാൻസിസ്



കൃതജ്ഞത
അക്ബർ



കലാപരിപാടികൾ-



സദസ്സ്

*With Best Compliments From:*

# SREE NARAYANA OPEN EDUCATION CENTRE

KOLLAM

*(Managed by the Sree Narayana Samskarika Samithy, Kollam)*

*Courses Offered:*

Preparation Courses for Medicine & Engineering Entrance Exam. 1994
Long term week-end and Short term Intensive Courses

Post Graduate Courses (Parallel)
M.A. English, Malayalam, Politics, M. Sc. Maths (Kerala)

*Tution Classes:*

Expert Tution for Pre-degree (I & II Groups for Students with not less then 70% marks for SSLC Exam.

**SREE SARADA COLLEGE FOR WOMEN**

*(A Unit of the S.N. Open Education Centre)*

*Courses Offered:*

Pree-degree III & IV groups
Computer Technology

T.D. Dathan
*Secretary, SNS. Samithy*

Tel: 77670

Prof. S. Sivaprasad
*Director*



## ഇരട്ടക്കുളങ്ങര ഉദയൻ

'സാഹിത്യം' ചരിത്രത്തിൻെറ അനുഭവത്തിൻെറ തിരുത്തിയെഴുത്താണ്. താൻ അറിയാതെതന്നെ കാലത്തിൻെറ മാറ്റങ്ങൾ ഉൾക്കൊള്ളുന്നുണ്ട് എഴുത്തുകാരൻ. ഈ സത്യങ്ങൾ മനസ്സിൽ സൂക്ഷിച്ചുകൊണ്ട് സാഹിത്യ നായകൻമാരുടെ കൈകളിൽ ഞാൻ നാലു ദിനരാത്രങ്ങൾ സാഹിത്യസാഗരത്തിൻെറ തീരത്തുകൂടി സഞ്ചരിച്ചപ്പോൾ സാഹിത്യത്തിൻെറ പുതിയ തിരമാലകൾ മനസ്സിൽ ചിതറി വീഴുകയായിരുന്നു. ഇങ്ങനെ സാഹിത്യത്തിൻെറ പുതിയ മേച്ചിൽ പുറങ്ങളിലേക്ക് അവരുടെ അനുഭവങ്ങൾ കഥകളിൽ കവിതകളിൽ നോവലിൽ നാടകങ്ങളിൽ തുടങ്ങിയ എല്ലാ സാഹിത്യശാഖകളിലും എങ്ങനെ സ്വാംശീകരിക്കുന്നുവെന്നുള്ള കാര്യങ്ങൾ രീതികൾ വളരെ വ്യക്തമായി പറഞ്ഞുതന്നപ്പോൾ ഞങ്ങൾ നാൽപ്പത് യുവമനസ്സുകളിൽ ജിജ്ഞാസയോടെ അനുഭവങ്ങളുടെ കഥ ആസ്വദിച്ചുകൊണ്ടിരിക്കുകയായിരുന്നു. മലയാളത്തിൻെറ ഏറെ പ്രശസ്തരായ സാഹിത്യനായകൻമാർ ഞങ്ങളെത്തേടി മദ്ധ്യതിരുവിതാംകൂറിലെ പ്രശാന്തസുന്ദരവും പ്രകൃതിരമണീയവുമായ പമ്പാനദിയുടെ തീരത്ത് എത്തിച്ചേർന്നപ്പോൾ അക്ഷരാർത്ഥത്തിൽ ചരൽക്കുന്ന് ഗ്രാമവും ഞങ്ങൾക്കൊപ്പം സാഹിത്യത്തിൻെറ ആന്ദോളനങ്ങൾ നുകരുകയായിരുന്നു. നഗരപ്രാന്തങ്ങളുടെ വിരസതയാർന്ന കോലാഹലങ്ങൾക്കിടയിൽനിന്നും അകലെ ശാന്തമായ ചരൽക്കുന്നിലായിരുന്നു ക്യാമ്പ് സംഘടിപ്പിച്ചിരുന്നത്. കവിതയുടെ പിറവി, കവിതയുടെ താളം, കവിതയുടെ ജനകീയത, കഥയും മർമ്മവും, സൃഷ്ടിയും വേദനയും, കഥയും പ്രമേയവും, അനുഭവങ്ങൾ രചനയിൽ, 21-ാം നൂറ്റാണ്ടിൻെറ നാടകത്തിൻെറ സാദ്ധ്യത, എക്കാലത്തേയും നല്ല നാടകങ്ങൾ ഇങ്ങനെ നിരവധി വിഷയങ്ങളെക്കുറിച്ച് വളരെ ഉത്സാഹത്തോടെ അത്മാർത്ഥയോടെ ഞങ്ങളിലേക്ക് പകർന്നു എന്നുള്ളതാണ് ഈ ക്യാമ്പിൻെറ സവിശേഷത. പുത്തൻമേഖലകൾ കണ്ടെത്താൻ ഞങ്ങൾ അവർക്കൊപ്പം സഞ്ചരിക്കുകയായിരുന്നു. കേരള സർവ്വകലാശാലായൂണിയൻ 1992 ഒക്ടോബർ 30 മുതൽ നവംബർ 2 വരെ ചരൽക്കുന്നിൽ സംഘടിപ്പിച്ച സാഹിത്യക്യാമ്പിൻെറ അവലോകനം.

1992 ഒക്ടോബർ 30 അനന്തപുരിയിലെ സ്റ്റുഡൻസ് സെൻററിൽനിന്നും തിരിച്ച് 9.30-ന് ശാസ്തമംഗലത്തെ 'സ്ഥാണു' വിലാസം ബംഗ്ലാവിൻെറ പൂമുഖത്തൊരുക്കിയിരുന്ന ലളിതമായ വേദിയിൽ എത്തിച്ചേർന്നു. മലയാളസാഹിത്യത്തറവാടിൻെറ വാനമ്പാടിയായ നാലപ്പാട്ട് ബാലാമണിയമ്മ ഭദ്രദീപംകൊളുത്തി ഉദ്ഘാടനം നിർവ്വഹിച്ചപ്പോൾ ഞങ്ങളുടെ മനസ്സിൽ ആയിരത്തിരിവെട്ടം തെളിഞ്ഞു. ഉദ്ഘാടനത്തിനുശേഷം ബാലാമണിയമ്മ ഞങ്ങളോടായി ഇത്തിരിനേരം സംസാരിച്ചു.

സർഗ്ഗാത്മകമായ ഒരു മനസ്സ് സഞ്ചരിച്ച് സാഹിത്യത്തിൻെറ നിമ്നോന്നതങ്ങൾ നിറഞ്ഞ ബാലാമണിയമ്മ. തൻെറ പ്രിയപ്പെട്ട കൂട്ടുകാരി തങ്കത്തിൻെറ വേർപാടിൽ എഴുതിയ വിലാപകാവ്യം. അതിൽനിന്നും 'കൂപ്പുകൈ' എന്ന കവിതാസമാഹാരം നമുക്ക് വരദാനമായി സമ്മാനിച്ചു. ആത്മസംതൃപ്തിക്കുവേണ്ടി മാത്രാം കവിതാരചന ഒതുക്കിനിർത്താതെ സ്വന്തം നിലപാട് മറ്റുള്ളവരെക്കൂടി അറിയിക്കുന്നതിനുവേണ്ടി രചന നടത്തിയ കവയത്രിയാണ് ബാലാമണിയമ്മ. ഇങ്ങനെ പറഞ്ഞുതുടങ്ങി: "വായനയിലൂടെ ആർജ്ജിച്ച സംസ്കാരമാണ് എന്നെ എഴുത്തുകാരിയാക്കിയത്" എന്ന് അമ്മ സാഹിത്യത്തിൻെറ പുത്തൻ പ്രതീക്ഷകളുമായിരിക്കുന്ന ഞങ്ങളോട് പറഞ്ഞു. പെട്ടെന്ന് ഞങ്ങളുടെ ഭാഗത്തുനിന്നും ഒരു ചോദ്യം ഉയർന്നു. "അമ്മയ്ക്ക് മകളെക്കുറിച്ച് എന്താണ് അഭിപ്രായം?" "അവൾ വളരെ വ്യത്യസ്തമാ



# കേരളാ യൂണിവേഴ്സിറ്റി യൂണിയൻ

# സാഹിത്യ ക്യാമ്പ് 1992-93

ചരൽക്കുന്ന്, പത്തനംതിട്ട

യിട്ടല്ലേ എഴുതുന്നത്." മറുപടി പറഞ്ഞു. തുടർന്ന് "ഞാൻ നിങ്ങളെപോലെ സ്കൂളിൽപോയി പഠിച്ചിട്ടില്ല കുറെ വായിച്ചിട്ടേയുള്ളൂ. പണ്ട് വലിയ പുസ്തകവായനയായിരുന്നു. വള്ളത്തോൾ അന്ന് ദിവസവും വീട്ടിൽ വരുമായിരുന്നു. അമ്മാവൻെറ (നാലപ്പാട്ട് നാരായണമേനോൻ) ആത്മസുഹൃത്തായിരുന്നു. കവിതകൾ നീട്ടിച്ചൊല്ലും ഇന്നും എനിക്കിഷ്ടം വള്ളത്തോളിനേയും കുമാരനാശാനേയുമാണ്. ആദ്യം ശ്ലോകങ്ങളാണ് എഴുതിയത്. പിന്നെ വിവാഹത്തിനുശേഷം ഭർത്താവിൻെറ നിർബന്ധപ്രകാരം കവിതയെഴുതി പ്രസിദ്ധീകരിച്ചുതുടങ്ങി. ആവേശമുണർത്തിയ ഭൂതകാലത്തിലൂടെ സഞ്ചരിച്ചപ്പോൾ പ്രായം ഒരു തടസ്സമായില്ല." നമ്മുടെ കോളേജിൽനിന്നും ക്യാമ്പിൽ പങ്കെടുത്ത ഞാൻ ബാലാമണിയമ്മയോട് ചോദിച്ചു: "അമ്മ ജീവിതത്തിൻെറ കുറെഭാഗം കൽക്കട്ടയിൽ ചെലവഴിച്ചല്ലോ? രണ്ടാം ലോകമഹായുദ്ധകാലത്തോണം പറഞ്ഞുതുടങ്ങി: "ഞാൻ അന്ന് കണ്ട ബംഗാൾ ദുരിതം എന്നെ വേദനിപ്പിച്ചു. എന്നാൽ പഴയതുപോലെ ഇന്ന് കഴിയുന്നില്ല. ഇനി നിങ്ങളുടേതാണ് കാലം. അനീതിയ്ക്കും അസത്യത്തിനുമെതിരെ പ്രതികരിക്കുക. എങ്കിൽ മാത്രമേ നിങ്ങളിൽനിന്നും ഉത്തമസൃഷ്ടികൾ ജൻമമെടുക്കൂ." അതോടൊപ്പംതന്നെ ഇങ്ങനെകൂടി പറഞ്ഞു: "എക്കാലത്തും രണ്ടോ, മൂന്നോ കവിതകളെ ഉണ്ടാവൂ. അവയ്ക്കേ പ്രാധാന്യവും കാണൂ."

ഞങ്ങൾക്ക് സർവ്വനൻമകളും നേർന്ന് ഉദ്ഘാടനം ചെയ്തതായി പ്രഖ്യാപിച്ച് സംസാരം അവസാനിപ്പിച്ചു.

ആദ്യം കഥയെക്കുറിച്ച് മാധവിക്കുട്ടി പറഞ്ഞുതുടങ്ങി. ഇംഗ്ലീഷിൽ കമലാദാസെന്ന് അറിയപ്പെടുന്ന കവയിത്രി. മലയാളത്തിൽ മനുഷ്യമനസ്സിൻെറ ലോലഭാവങ്ങൾ ഹൃദയത്തിൻെറ ആഴങ്ങളിൽ അസ്വാസ്ഥ്യം പടർത്തുന്ന അനുഭവങ്ങൾ സ്വന്തം രക്തത്തിൽ



സാഹിത്യക്യാമ്പ് ബാലാമണിഅമ്മ ഉദ്ഘാടനം ചെയ്യുന്നു.

ത്തിൽ ബംഗാളിലെ ദുരിതങ്ങളെക്കുറിച്ച് 1944-ൽ പ്രസിദ്ധീകരിച്ച 'നമ്മുടെ നാണക്കേട്' എന്ന കവിതയ്ക്ക് അന്നത്തേതിനേക്കാൾ പ്രസക്തി ഇന്നതിനു ഉണ്ടായിക്കൊണ്ടിരിക്കുന്നു. കാലഘട്ടം അത് വിളിച്ചോതുന്നു." തുടർന്ന് ഞാൻ രണ്ടുവരിചൊല്ലി.

'സുവർണ്ണപ്രഭ ചൊരിയുന്ന
വസന്തകാലവും
മുത്തുപൊഴിയുന്ന
വർഷകാലവും
നമ്മുടെ അമ്മയ്ക്ക്
കാഴ്ചകൾ നേരുന്നു.

ഈ അമ്മയുടെ സ്നേഹത്താൽ പരിപോഷിപ്പിക്കപ്പെട്ട നമ്മൾ എങ്ങനെ ഇത്രയും പട്ടിണിപ്പാവങ്ങളും ദരിദ്രരുമായിത്തീർന്നു."

ഇന്ന് നമ്മുടെ രാജ്യത്തിൻെറ പലഭാഗങ്ങളും പ്രത്യേകിച്ച് പ്രശാന്തസുന്ദരവും പ്രകൃതിരമണീയവുമായ കാശ്മീരും അദ്ധ്വാനശീലരുടെ ആത്മാർത്ഥതയുടെ നാടായ പഞ്ചാബും ആസ്സാമും ഇന്നു നീറിപ്പുകയുന്നു. പാവങ്ങൾ കൂടുതൽ പാവങ്ങളും ദരിദ്രരുമായിത്തീരുന്നു. അതുകൊണ്ട് ആ കവിതയ്ക്ക് അന്നുള്ളതിനേക്കാൾ പ്രശസ്തിയും പ്രാധാന്യവും ഇന്നില്ലേ? മറുപടിയെമുക്കിയെഴുതിയ മാധവിക്കുട്ടി എന്ന കഥാകാരി ഇങ്ങനെ പറഞ്ഞുതുടങ്ങി: "ഞാനെന്നും ഒരു സാഹിത്യവിദ്യാർത്ഥിയാണ്. എൻെറ കാരണവൻമാർ പകൽ വേളകളിൽ നട്ടുവളർത്തിയ ഒരു ചെടിയായിരുന്നു 'ആഭിജാത്യം' ഭാവിയിൽ അവരുടെ പട്ടടകൾക്ക് അടയാളമായി അവർ നട്ടുവളർത്തിയ ഒരു തെങ്ങിൻ തൈ. രാത്രികാലങ്ങളിൽ അവരുടെ കുടിയാൻമാർ സ്വന്തം മരുമക്കളെ അവർക്ക് കൂടെകിടക്കാൻ കൊടുത്തു. പിന്നെ ഗർഭം! തുടർന്ന് കിണറ്റിലും കുളത്തിലും വലിച്ചെറിയപ്പെട്ട ആ കൊച്ചുകളിപ്പാവകൾക്ക് ഒരു കടങ്കഥ. ആ ജലാശയങ്ങളിൽനിന്നും അവർ താമരകളും ലില്ലികളുമായി ഉയർന്നുവന്നു. തൊണ്ടയിലൊരു മുറിയും പൊക്കിളിനുകീഴേയൊരു ചെറിയ വീർപ്പുമായി. അതേ, മരിച്ചവർ അവരുടെ മൃഗീയലീലകൾ ഏറ്റുവാങ്ങുന്നു. എൻെറ വായിലൂടെ ചിരിക്കുന്നു. പണക്കാരെ വെറുതെവിട്ട് പാവങ്ങളെമാത്രം നശിപ്പിച്ച നിയമങ്ങളെ ഇന്നവർ പരിഹസിക്കുന്നു. പാവങ്ങൾമാത്രം നശിപ്പിക്കപ്പെട്ടു, ഞെരിച്ചുകൊല്ലപ്പെട്ടു, കെട്ടിത്താഴ്ത്തപ്പെട്ടു, പാതിരായ്ക്ക് പാമ്പിൻകാവുകൾക്ക് പിറകിൽ കുഴിച്ചുമൂടപ്പെട്ടു. അവരുടെ പുരയിടവും കലവും അടുപ്പും ചതിയാൻതട്ടി പറിയ്ക്കപ്പെട്ടു. പാവങ്ങൾ അവർ കോമാളികളായിരുന്നു. ആ നാടുവാഴിയുഗത്തിൻെറ സമൃദ്ധമായ അരങ്ങളെ പരിഹാസപാത്രങ്ങൾ. ആഭി

*With Best Compliments from:*

# PROMPT COMPUTER CENTRE

KADAPPAKADA P.O.

KOLLAM- 8

Phone: 740364

(Pioneer in Computer Education)

(Diploma, P.G. Diploma and Certificate Courses)

ജാത്യമെന്ന തൻെറ സൃഷ്ടിക്ക് പിന്നിലെ അനുഭവം ഞങ്ങളിലേക്ക് പകർന്നുതന്നപ്പോൾ കവിതചൊല്ലുന്ന കഥാകാരി വികാരസാന്ദ്രമായി. തുടർന്ന് 'കവിതയാണെനിക്കിഷ്ടം ഇവിടെ കവിതയെഴുതുകസാധ്യമല്ലല്ലോ!' സമൂഹത്തിന്- എതിരല്ലെ അതെല്ലാം. ഓരോ വ്യക്തിയും വ്യത്യസ്തനാണെന്നു വിശ്വസിക്കുന്ന ഞാൻ എഴുത്തുകാരൻ പക്ഷിയെപിടിക്കുന്ന വ്യക്തിയെപ്പോലെയാണ്.



**മാധവിക്കുട്ടി,**

എപ്പോഴും തേടിക്കൊണ്ടിരിക്കണം. ഞാനൊരുകഥ എഴുതി കഴിയുമ്പോഴാണ് മരിച്ചിട്ടില്ലെന്ന് മനസ്സിലാകുന്നത്. പെണ്ണിൻെറ ശബ്ദം ആണിൻേറതിനേക്കാൾ വികാരസാന്ദ്രമാണ്. അതോടൊപ്പം കൂട്ടിച്ചേർത്ത് കൗമാരപ്രായക്കാർ കക്കൂസിലിരുന്നു സിഗറെറ്റ് വലിച്ച് രസിക്കുന്നതുപോലെയാണ് സ്ത്രീകൾ ആദ്യകാലത്ത് രചന നടത്തിയിരുന്നത്. പുറംലോകം അവർക്ക് അന്യമായിരുന്നു. എനിക്ക് പുതിയ എഴുത്തുകാരിൽ വിശ്വാസമുണ്ടെന്ന് പറഞ്ഞു. ഒടുവിൽ കഥാകാരി ഞങ്ങളോട് ഉപദേശിച്ചു. ഒരുനോട്ടുപുസ്തകവും പേനയും എപ്പോഴും കരുതുക. രാത്രികാലങ്ങളിൽ തലയണയുടെ അടിയിൽ ഒരു ടോർച്ചും ഓരോ ആശയവും പെട്ടെന്നായിരിക്കും മനസ്സിൽതോന്നുക. ഉടൻ കുറിച്ചിടുക." ഇത്രയും പറഞ്ഞുകൊണ്ട് സംസാരം അവസാനിച്ചു. ഈ ചടങ്ങിൽ കിളിമാനൂർ മധു. എം. രാജീവ് കുമാർ, ക്യാമ്പ് ഡയറക്ടർ കുരീപ്പുഴ ശ്രീകുമാർ തുടങ്ങിയവർ പങ്കെടുത്തു. സാഹിത്യത്തിൻെറ രണ്ട് തലമുറകളിലെ ഉപാസകർ സ്വപ്നങ്ങളുമായി ജീവിക്കുന്ന അമ്മയുടെ മകളും. സാഹിത്യത്തിൻെറ ആയിരത്തിരികളിലൂടെ അവർ പകർന്നുതന്നെ പ്രകാശവും പേറിയാണ് നീണ്ടമൂന്നു മണിക്കൂർ യാത്രയ്ക്കുശേഷം സായാഹ്നത്തിൻെറ ചാറ്റമഴയുടെ ഹൃദ്യമായ സ്വീകരണത്തോടെ ചരൽക്കുന്നിലെ ക്യാമ്പിൽ എത്തിച്ചേർന്നു.

ചരൽക്കുന്നിലെ കഥാസംവാദം തുടങ്ങിയത് ശ്രീ കോവിലനായിരുന്നു. അദ്ദേഹം ഇങ്ങനെ പറഞ്ഞുതുടങ്ങി. "ഇരുപത്തിയഞ്ച് വർഷത്തെ പട്ടാളജീവിതമാണ് എന്നെ എഴുത്തുകാരനാക്കിയത്." അങ്ങനെ മലയാള സാഹിത്യത്തിന് 'ഏഴാമെടം', 'തോറ്റങ്ങൾ', 'തകർന്ന ഹൃദയം' മുതലായവ ഒരു രാജ്യസേവകനിൽനിന്നും



**കോവിലൻ**

കിട്ടിയ മഹത്തായ സൃഷ്ടികളാണ്. തുടർന്ന് ഇങ്ങനെ പറഞ്ഞു. 'മനുഷ്യനെ അവൻെറ സ്വഭാവങ്ങളെ നിരീക്ഷിക്കലാണ് എഴുതി തുടങ്ങുന്നവർചെയ്യേണ്ടത്. മാധ്യമത്തെയും ഭാഷയേയും തകർക്കുന്നവർവെറും വഴിപോക്കരാണ്. എനിക്ക് സാഹിത്യത്തിൽ ചെയ്യാൻ കഴിയുന്നത് ചെയ്തു.' പക്വതയെത്തിയ ഒരു കാരണവരെപ്പോലെ. ആവേശപൂർവ്വം പറഞ്ഞു. ദുശ്ശീലങ്ങൾ. ചിലപ്പോൾ മനുഷ്യൻെറ നല്ല ശീലങ്ങളായും തീരാറുണ്ട്. ആദർശാൻമകനായ ഒരു കർഷകനെയോ, രാജ്യത്തിൻെറ ഭദ്രതയ്ക്കും ഐശ്വര്യത്തിനുംവേണ്ടി ധീരമായിപൊരുതുന്ന ഒരു പട്ടാളക്കാരനെയോ ചിത്രീകരിച്ചുകൊണ്ട് എഴുതിതുടങ്ങുന്നവർ സമൂഹത്തോട് പ്രതിബദ്ധതകാട്ടണമെന്ന്പറഞ്ഞു. 'അതോടൊപ്പംതന്നെ നിരീക്ഷണമാണ് സാഹിത്യത്തിൻെറ സത്ത. മനുഷ്യനെ പഠിക്കുന്നതാണ് പുതിയ സൃഷ്ടിക്ക് ജൻമംകൊടുക്കുന്നത്.' തുടർന്ന് 'സാഹിത്യകാരൻ ഗൗരവമായ രാഷ്ട്രീയ വീക്ഷണവും ജാഗ്രതയും ഉള്ള വ്യക്തി ആയാലേ രചനയുടെ മൂല്യം ഉയരുകയുള്ളൂ. അതോടൊപ്പംതന്നെ എഴുത്തുകാരൻെറ ചുറ്റുവട്ടവും സഹവാസവും രാഷ്ട്രീയകാര്യങ്ങൾ അറിയുന്ന വിശാലമായ മനസ്സ് ഒരു എഴുത്തുകാരന് ഒഴിച്ചുകൂടാനാവാത്തതാണെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് കോവിലൻ അവസാനിപ്പിച്ചു."



**സി.വി. ശ്രീരാമൻ,**

തുടർന്ന് ശ്രീ സി.വി. ശ്രീരാമനായിരുന്നു കഥയെക്കുറിച്ച് ക്ലാസ്സെടുത്തത്. "അനുഭവമാണ് ഏറ്റവും മഹത്തായ സൃഷ്ടിക്ക് പ്രചോദനം നൽകുന്നതെന്ന്" പറഞ്ഞുകൊണ്ടായിരുന്നു തുടങ്ങിയത്. അനുഭവങ്ങൾ സാഹിത്യകാരന് ഒരിക്കലും വിസ്മരിക്കാൻ കഴിയില്ലെന്ന് തൻെറ ഒരു കഥ ഉദാഹരണമായി എടുത്തുവിശദമായി സംസാരിച്ചു.

"ഭൂതകാലത്തെ പിന്നിൽ വിട്ട് ശൂന്യമായ ഭാവിയിലേക്ക് ഇറങ്ങിത്തിരിച്ച അഭയാർത്ഥികൂട്ടങ്ങൾ പലായനങ്ങളുടെ ദൈന്യതയിൽ എല്ലാം അപഹരിക്കപ്പെട്ടവർ പടനിലങ്ങളും ശവപ്പറമ്പുകളും കടന്ന് ഒരിടത്ത് നിന്നും മറ്റൊരിടത്തേക്ക് വിഴുപ്പുഭാണ്ഡവും ചട്ടിയും കലവും ചുരുൾപായും പേറിക്കൊണ്ട് നീങ്ങുന്ന മനുഷ്യസമൂഹം സംസ്ക്കാരത്തിൻെറ മറക്കപ്പെട്ട ക്രൂരത രുചിച്ചറിഞ്ഞവരാണവർ ഇടിഞ്ഞുവീഴാൻ മേൽക്കൂരപോലും ഇല്ലാത്തവർ രാഷ്ട്രീയവും സൈനികവുമായ ചതുരംഗങ്ങളിയിൽ നിഷ്ക്കരുണം



പുറത്തായ മനുഷ്യക്കരുക്കളാണിവർ. ഇവരെക്കുറിച്ച് എന്റെ തൂലികത്തുമ്പിൽനിന്നും ആത്മാവിന്റെ നൊമ്പരം പേപ്പർ പാളികളിലേക്ക് നിരക്കുകയായിരുന്നു." അതായിരുന്നു 'വാസ്തുഹാര' (വസ്തുഹരിക്കപ്പെട്ടവൻ, ശരണാർത്ഥി) "1947-നുശേഷം കിഴക്കേ ബംഗാളിൽനിന്നും പടിഞ്ഞാറെ ബംഗാളിലേക്ക് വന്നവർ ആരും തന്നെ ഇന്ത്യാക്കാരനല്ലെന്ന് പണ്ഡിറ്റ് ജവഹർലാൽനെഹ്റു പാർലമെന്റിൽ പ്രഖ്യാപിച്ചപ്പോൾ പലായനം ചെയ്യപ്പെട്ട പാവങ്ങൾ അവരുടെ ദുരിതങ്ങൾ ഇവയൊക്കെ എന്നെ വല്ലാതെ വേദനിപ്പിച്ചു. ഈ വേദനകളിൽനിന്നും അനുഭവത്തിൽനിന്നും പിറന്നതാണ് എന്റെ "വാസ്തുഹാര". മറ്റൊരനുഭവവും അദ്ദേഹം വിവരിച്ചു. ഒരിക്കൽ ഞാനും എന്റെ സഹപ്രവർത്തകരുമായി ആന്തമാൻ നിക്കോബർ ദ്വീപിലേക്ക് ഉദ്യോഗത്തിനായി പോവുകയായിരുന്നു. യാത്രാമദ്ധ്യേ ഞങ്ങളോടൊപ്പം ഉണ്ടായിരുന്ന ഒരു കുടുംബത്തിലെ "തങ്കമണി"യെന്ന് പേരുള്ള ഒരു കൊച്ചു പെൺകുട്ടി മരിച്ചു. ഒടുവിൽ ഞങ്ങളെല്ലാം ചേർന്ന് ദ്വീപിലെ ഒരു ചതുപ്പ് സ്ഥലത്ത് ആ ജഡം മറവുചെയ്തു. വർഷങ്ങൾക്കുശേഷം ആസ്ഥലത്ത് (ഇപ്പോൾ ഫോർട്ട് കോർണർ വാലീസ് എന്നാണ് അറിയപ്പെടുന്നത്.) ആ കുടുംബത്തെചെന്നു കണ്ടു. അവരോട് ചോദിച്ചു. എവിടെയാണ് നമ്മൾ തങ്കമണിയെ മറവുചെയ്തത്? അപ്പോൾ ആ കുട്ടിയുടെ മാതാവ് എന്നോട് ചോദിച്ചത് "ഞങ്ങളെല്ലാം മറന്ന ആ സംഭവം സാർ ഇപ്പോഴും ഓർക്കുന്നതെന്തിനാണെന്നു?" അതിൽനിന്നും ഒരു കാര്യംകൂടി എനിക്ക് മനസ്സിലായി അനുഭവങ്ങളുടെ ഓർമ്മനില നിൽക്കുന്നില്ലെങ്കിൽ സാഹിത്യകാരൻ ജീവിക്കുന്നില്ല. കോവിലന്റെ 'തകർന്നഹൃദയം' എന്ന നോവലും "ബോർഡ് ഔട്ട്" എന്ന കഥയുമാണ് കഥകളെഴുതാൻ അനുഭവങ്ങൾ ആവശ്യമാണെന്നു പഠിപ്പിച്ചതെന്ന്" ശ്രീരാമൻ പറഞ്ഞു, തുടർന്ന് "അനുഭവങ്ങളില്ലാതെ എഴുതാൻ കഴിയില്ല. അനുഭവങ്ങൾ ഒരു ക്യാൻവാസായി ഉപയോഗിക്കണം. ആ ക്യാൻവാസിനു ഉതകുന്ന കഥാപാത്രങ്ങളെ നാം സൃഷ്ടിക്കണം. ആയിരം അനുഭവങ്ങളിൽനിന്ന് ഒന്നെടുത്ത് അതിനു കാൽപ്പനിക ഭാവം നൽകുമ്പോൾ ആത്മഹത്തായ സൃഷ്ടിയായിട്ട് ജൻമമെടുക്കുന്നുവെന്ന്" പറഞ്ഞുകൊണ്ടവസാനിപ്പിച്ചു.



എൻ.പി. മുഹമ്മദ്,

അടുത്തതായി വന്നത് എണ്ണപ്പാടത്തിന്റെ ഇതിഹാസക്കാരനായ ശ്രീ. എൻ പി. മുഹമ്മദ് ആയിരുന്നു. അറബി പൊന്നെഴുതി മലയാള സാഹിത്യത്തിൽ പുതിയ അവബോധം സൃഷ്ടിച്ച സ്വതന്ത്രചിന്തയുടെ അണയാത്ത ജ്വാലസൂക്ഷിക്കുന്ന എഴുത്തുകാരൻ എൻ.പി. മുഹമ്മദ്. മരവും, ഹിരണ്യകശിപൂവും, തൊപ്പിയും തട്ടവും, പ്രസിഡന്റിന്റെ ആദ്യത്തെ മരണവും മതി എൻ.പി.യെ അടുത്തറിയാൻ. അദ്ദേഹവും ഇങ്ങനെ പറഞ്ഞു തുടങ്ങി, "ലാറ്റിനമേരിക്കൻ രാജ്യങ്ങളിലെ ട്രോപ്പിക്കൽ കാലാവസ്ഥ ആ നാട്ടിലെ സാഹിത്യത്തെ സ്വാധീനിച്ചിട്ടുണ്ട്. ആ കാലാവസ്ഥയ്ക്ക് തുല്യമായ പ്രചോധനങ്ങൾ ഉൾക്കൊള്ളാൻ കഴിയത്തക്ക ഭാരതത്തിന്റെ സാഹിത്യമാണ്. കാലാവസ്ഥയാണ് ഭാരതീയ സാഹിത്യകാരനെ ലാറ്റിനമേരിക്കൻ സാഹിത്യവുമായി അടുപ്പിച്ചത്. എഴുത്തുകാരൻ യുഗധർമ്മം അറിഞ്ഞിരിക്കണമെന്ന ദ്ദേഹം പറഞ്ഞു. എന്റെ തലമുറയിൽപ്പെട്ടവർ സ്വാതന്ത്ര്യസമരത്തിലെ പ്രത്യക്ഷപങ്കാളികളായിരുന്നില്ല. പക്ഷേ, സ്വാതന്ത്ര്യസമരത്തിന്റെ ഒരു തരത്തിലുള്ള മോഹനവാഗ്ദാനങ്ങളിൽ കുടങ്ങിയിരുന്നു. എന്നാൽ, സ്വാതന്ത്ര്യാനന്തരം അധികാരം ന്യൂനപക്ഷത്തിന്റെ കൈയിലാവുകയും ഭൂരിപക്ഷംവരുന്ന സാധാരണക്കാരിൽനിന്നും സ്വാതന്ത്ര്യം അകന്നുപോവുകയും ചെയ്തപ്പോൾ ഞങ്ങളുടെ തലമുറനഷ്ടപ്പെട്ടവരുടെ തലമുറയായി. നമ്മുടെ സംസ്ക്കാരിക പൈതൃകത്തിൽനിന്നും പഠിക്കുകയും പുതിയ രീതിയിൽ ചിന്തിക്കുകയും ചെയ്യുന്ന പുതിയ തലമുറ പുത്തൻ പ്രതീക്ഷയോട് ഉണർവേകുന്നുവെന്ന് എൻ.പി. പറഞ്ഞു" സർഗ്ഗാത്മക നിരൂപണമെന്നൊന്നില്ല. നിരൂപണത്തിന്റെ പാളിച്ചകൾ തുറന്നുകാട്ടിക്കൊണ്ട് പറഞ്ഞു. എഴുത്തുകാരന്റെ അനുഭവങ്ങ



തകഴി,

ളുടെ ആശയങ്ങളുടെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ നിരൂപകന് കഴിയില്ല. സൃഷ്ടിയിലെ ചില ഉൾക്കാഴ്ചകൾ മാത്രമാണ് നിരൂപകന് ലഭിക്കുന്നത്. മലയാളികളുടെ ആസ്വാദനത്തിന്റെ പാകപ്പിഴകൾ നിരൂപകരെ ആവശ്യമില്ലാതെ ആശ്രയിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് സംസാരം അവസാനിപ്പിച്ചു.

സാഹിത്യക്യാമ്പിന്റെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് പദ്മവിഭൂഷൻ ശ്രീ. തകഴി ശിവശങ്കരപ്പിള്ള സംസാരിച്ചു.

സ്വാതന്ത്ര്യത്തിന്റെ തീച്ചൂളയിൽ ജ്വലിച്ചുനിന്ന സാഹിത്യനായകൻമാരുടെ കൂട്ടത്തിൽ സ്വാതന്ത്ര്യം വേണമെന്നാവശ്യപ്പെട്ടുകൊണ്ട് സമകാലിക സാഹിത്യകാരൻമാർ കഥകളും കവിതകളും എഴുതാൻ തുടങ്ങിയെന്നു പറഞ്ഞുകൊണ്ട് സംസാരം ആരംഭിച്ചു. നാളത്തെ ഇന്ത്യയെക്കുറിച്ചുള്ള സ്വപ്നങ്ങൾ നാമ്പിട്ടു തുടങ്ങിയപ്പോഴായിരുന്നു. 1917-ൽ സ: ലെനിന്റെ നേതൃത്വത്തിൽ വിപ്ലവം നടന്നത്. ഈ വിപ്ലവം എന്നെയും സമകാലീന സാഹിത്യകാരൻമാരെയും വളരെയധികം സ്വാധീനിച്ചെന്നു തകഴി പറഞ്ഞു. എന്നാൽ, 1947-ൽ സ്വാതന്ത്ര്യം കിട്ടിയതിനുശേഷം.... അതിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ ഇന്നും മനസ്സുവേദനിക്കുന്നു. ജീവിതത്തെക്കുറിച്ചൊരു വ്യർത്ഥതാബോധം. നിലനിന്നിട്ടും മർത്ത്യന്റെ യാതനകളും കഷ്ടപ്പാടുളും ഏറെപ്രചോദനമായി വർത്തിച്ചെന്ന് തകഴിപറഞ്ഞു. പാശ്ചാത്യസാഹിത്യത്തിലേക്ക് വഴുതിക്കൊണ്ടിരിക്കുന്ന സാഹിത്യകാരൻമാർക്ക് ചുറ്റുപാടുകളെക്കുറിച്ചുള്ളബോധം ഉണ്ടായി തുടങ്ങിയപ്പോൾ സ്വന്തം ചുറ്റുപാടുകളെക്കുറിച്ച് പ്രതികരിക്കാൻ തുടങ്ങി. യുദ്ധത്തിനെതിരെ നിരവധി കഥകളും കവിതകളും എന്റെ കാലഘട്ടത്തിൽ ലോകത്തിന്റെ നാനാഭാഗങ്ങളിലും ജൻമമെടുത്തു. പാശ്ചാത്യരാജ്യങ്ങൾക്കൊപ്പംതന്നെ മലയാളത്തിലും സാഹിത്യം മാറ്റത്തിനുവിധേയമായി ലക്ഷ്യബോധം വേണ്ടായെന്ന കാലഘട്ടത്തിൽ ജനിച്ച ഞങ്ങൾ

# യൂണിയൻ റിപ്പോർട്ട്

ദേശീയ സാർവ്വദേശീയ രംഗങ്ങളിൽ അത്യന്തം സംഭവബഹുലമായ ഒരാണ്ടുകൂടി നാം പിന്നിട്ടിരിക്കുന്നു. ജനാതിപത്യത്തിനും മനുഷ്യാവകാശത്തിനും നേരെ കടുത്ത വെല്ലുവിളികൾ ഉയർത്തിക്കൊണ്ട് ലോകസാമ്രാജ്യത്വം താണ്ഡവനൃത്തം ചവിട്ടുന്നു. അവർക്ക് മുന്നിൽ ഇന്ത്യൻ ഭരണാധികാരികൾ ഇന്ത്യൻ ജനാധിപത്യത്തെ അടിയറ വയ്ക്കുന്നു. ഐ.എ.എഫും ലോകബാങ്കും ഇന്ത്യൻ ജനതയെ നിയന്ത്രിക്കുന്ന സ്ഥിതിവിശേഷം സംജാതമായിരിക്കുന്നു. ത്യാഗോജ്വലമായ സമരങ്ങളിലൂടെ നാം നേടിയെടുത്ത അവകാശങ്ങൾ കവർച്ച ചെയ്യപ്പെടുന്നു.

ലോകത്തും .,നമ്മുടെ രാജ്യത്തും നടക്കുന്ന ജനാധിപത്യവിരുദ്ധ സമീപനങ്ങൾക്കെതിരെ ഇന്ത്യൻ വിദ്യാർത്ഥിയുടെ ശബ്ദം ഉയർന്ന് കേൾക്കേണ്ട ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. കടന്നുപോയ ഇന്നലെകൾ. നമുക്ക് പ്രതീക്ഷ നൽകുന്നവയാണ്. പിന്നിട്ട ദൂരത്തേക്കാളേറെ നമുക്കിനിയും നടന്നു കയറുവാനുണ്ട്. പിന്നിട്ട ദൂരത്തേക്കാളേറെ നാം നേടിയ അനുഭവസമ്പത്തും കർമ്മോൻമുഖതയും പുരോഗതിയുടെ പുതിയ പാതയിലേക്ക് നമ്മെ നയിക്കുമെന്ന കാര്യത്തിൽ എനിക്ക് സംശയമില്ല. കടമകൾ ഏറ്റെടുക്കുന്നതിനിടയിൽ പിടഞ്ഞുവീണു മരിച്ച ധീര രക്തസാക്ഷികളുടെ ജ്വലിക്കുന്ന സ്മരണ നമുക്കെന്നും ആവേശംപകരുമെന്ന ആമുഖത്തോടെ റിപ്പോർട്ടിലേക്ക് കടക്കട്ടെ.

## യൂണിയൻ തെരഞ്ഞെടുപ്പ്

1992 സെപ്റ്റംബർ 30-ന് കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് നടന്നു. കാലഘട്ടത്തിൻെറ മാറ്റൊലി ഉൾക്കൊണ്ടുകൊണ്ട് ഭാരതത്തിലെ വിദ്യാർത്ഥി സമൂഹത്തിൻെറ പൊതുധാരണയിലിഴുകിച്ചേർന്നുംകൊണ്ട് പുരോഗമന ജനാധിപത്യവിദ്യാർത്ഥി പ്രസ്ഥാനത്തിൻെറ വക്താക്കൾ എസ്.എഫ്.ഐ. മാത്രമെന്ന് വിദ്യാർത്ഥികൾ വിധിയെഴുതി. കേരളീയ വിദ്യാഭ്യാസത്തിൻെറ മൂല്യശോഷണത്തിനെതിരെ, അരിഷ്ടിയ വാദത്തിനെതിരെ, പുത്തൻ കാമ്പസ് സംസ്ക്കാരം വളർത്താൻ എസ്.എഫ്. ഐ. വിദ്യാർത്ഥി സമൂഹത്തോട് നടത്തിയ അംഗീകാരമാണ് ഈ വിജയം.

ചെയർമാൻ - ജയകുമാർ. എൽ
വൈസ് ചെയർമാനൻ - റജീലാ
ജന: സെക്രട്ടറി - അക്ബർഖാൻ
റാവുത്തർ. എസ്
യു.യു.സി - നാസർ. എച്ച
അഷറഫ്. എം.
മാഗസിൻ എഡിറ്റർ - നസീർ. എം
ആർട്ട്സ്ക്ലബ്ബ് സെക്രട്ടറി- നിസ്സാം. കെ
വനിതാ പ്രതിനിധികൾ - മഞ്ചു പി.ബി
അനിതാ പി.എസ്.

സബീനാ .എം, അഭിലാഷ്. എസ്.എ, ജബ്ബാർ, മനോജ്, ഷിഹാബ്, ബിനോയി എന്നിവർ യഥാക്രമം I PDC, II PDC, I DC, II DC, III DC പ്രതിനിധികളായിട്ട് തിരഞ്ഞെടുത്തു.

## സത്യപ്രതിജ്ഞ

നവംബർ 6-ാം തീയതി ആയിരക്കണക്കിനുവരുന്ന വിദ്യാർത്ഥി സമൂഹത്തിൻെറയും അദ്ധ്യാപകരുടെയും മുന്നിൽ യൂണിയൻ ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്ത് ഔപചാരികമായി അധികാരമേറ്റു. സ്റ്റാഫ്: അഡ്വൈസർ ഡോ. എസ്. ഖാജാമിയ സാർ സത്യവാചകം ചൊല്ലിത്തന്നു.

നവംബർ 3-ന് കൂടിയ ആദ്യ കൗൺസിലിൽ ജഡ്ജിയായി ഷാബുവിനെയും സ്പോർട്ട്സ് സെക്രട്ടറിയായി സുനിൽ കെ.പി. യും സാമ്പിൾ സർവ്വേ കൺവീനറായി ഓമനക്കുട്ടനെയും ജനറൽ ക്യാപ്റ്റനായി ശ്രീജയനെയും തീരുമാനിക്കപ്പെട്ടു.

## യൂണിയൻ ഉദ്ഘാടനം

1992 നവംബർ 6-7 തീയതികളിൽ യൂണിയൻ ഉദ്ഘാടനവും കലോത്സവവും നടന്നു. 6 -ന് രാവിലെ 11.30-ന് ചെയർമാൻ സ: ജയകുമാറിൻെറ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കേരളത്തിലെ പ്രതിപക്ഷനേതാവ് വി.എസ്. അച്ചുദാനന്ദൻ യൂണിയൻ ഉദ്ഘാടനം ചെയ്തു. പ്രശസ്ത നാടകകൃത്ത് ശ്രീ. ഒ. മാധവൻ കലാസമിതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ചടങ്ങിന് ബഹു. പ്രിൻസിപ്പാൾ Lt: Col ബഷീർകണ്ണ് സാർ സ്വാഗതം പറഞ്ഞു. സർവ്വശ്രീ ആര്യാട് ഗോപി, സിൻഡിക്കേറ്റ് അംഗം. കെ.എച്ച്. ബാബുജാനു, നജുമുദ്ദീൻ, പ്രൊഫ. ആൻസിൽഫ്രാൻസിസ്, ഡോ. എസ്. ഖാജാമിയാ എന്നിവർ ആശംസകൾ നേർന്നു. ജന. സെക്രട്ടറി അഖ്ബർ നന്ദിയും പറഞ്ഞു.



## വർഗ്ഗീയ വിരുദ്ധദിനം

ജനുവരി 5-ന് വർഗ്ഗീയവിരുദ്ധദിനം ആചരിച്ചു. അന്നുനടന്ന ചടങ്ങ് പ്രൊഫ. കിളിമാനൂർ രമാകന്തൻ ഉദ്ഘാടനം ചെയ്തു. പ്രൊഫ. ഡോ. എസ്. ഖാജാമിയ സ്വാഗതവും പറഞ്ഞു. ബഹു. പ്രിൻസിപ്പാൾ വർഗ്ഗീയ വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ജയകുമാർ അദ്ധ്യക്ഷസ്ഥാനം വഹിച്ചു. അഖ്ബർ നന്ദി പറഞ്ഞു. പ്രൊഫ. ബാലകൃഷ്ണപിള്ള, ഡോ. സുലേഖ എന്നിവർ സംസാരിച്ചു.

## സ്പോർട്ട്സ് ഡേ

മാർച്ച് 13-ന് സ്പോർട്ട്സ് ഡേ നടന്നു. ബഹു. പ്രിൻസിപ്പാൾ ലെഫ്. കേണൽ ബഷീർ കണ്ണ് ഉദ്ഘാടനം ചെയ്തു. പ്രൊഫ. വാഹിദ് അദ്ധ്യക്ഷൻ ആയിരുന്നു. ചടങ്ങിന് എഡിറ്റർ നസീർ. എം. സ്വാഗതവും സുനിൽ കൃതജ്ഞതയും പറഞ്ഞു. ഈ അവസരത്തിൽ ബഹു. പ്രിൻസിപ്പാൾ സമ്മാനദാനം നിർവ്വഹിച്ചു.

## സർവ്വീസിൽനിന്ന് വിരമിക്കുന്ന അദ്ധ്യാപകർക്ക് യാത്രയയപ്പ്

സർവ്വീസിൽനിന്ന് പിരിയുന്ന അദ്ധ്യാപകർക്ക് യാത്രയയപ്പ് നൽകി. പ്രൊഫ. ആൻസിൽ ഫ്രാൻസിസ് സ്വാഗതവും ബഹു. പ്രിൻസിപ്പാൾ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ ജയകുമാർ, ഷാബു, ഹരിലാൽ, നസീർ എന്നിവർ സംസാരിച്ചു. ഡോ. എസ്. ഖാജാമിയ, പ്രൊഫ. വർക്കി എന്നിവർ യാത്രമൊഴി ചൊല്ലി.

## ഫൈനൽ ഇയേഴ്സ് ഡേ

ഫൈനൽ ഇയേഴ്സ് ഡേ ബഹു. പ്രിൻസിപ്പാൾ ഉദ്ഘാടനം ചെയ്തു. ചെയർമാൻ ജയകുമാർ അദ്ധ്യക്ഷംവഹിച്ച ചടങ്ങിന് പ്രൊഫ. അൻസിൽ ഫ്രാൻസിസ് സ്വാഗതവും പറഞ്ഞു. ജയകുമാർ, അഖ്ബർ, ഷാബു, നാസർ എന്നിവർ യാത്രമൊഴി പറഞ്ഞു. എഡിറ്റർ നസീർ, അനിത എന്നിവർ മറുമൊഴി ചൊല്ലി.

## യൂണിയൻ സമാപനം

മാർച്ച് 13-ന് യൂണിയൻ സമാപനസമ്മേളനം തോപ്പിൽ ഭാസി നഗറിൽ ചേർന്നു. ജില്ലാ കൗൺസിൽ അംഗം ബാൾഡുവിൻ ഉദ്ഘാടനം ചെയ്തു. സർവ്വശ്രീ. കെ.എസ്. രാജീവ്, മുഹമ്മദ് മുസ്തഫ, എഫ്.റ്റി. തോമസ്, കരീന ബി. തെങ്ങമം എന്നിവർ ആശംസകൾ അർപ്പിച്ചു. ബഹു. പ്രിൻസിപ്പാൾ റിപ്പോർട്ട് അവതരിപ്പിച്ചു. യൂണിയൻ ചെയർമാൻ ജയകുമാർ അദ്ധ്യക്ഷനായിരുന്നു. ചടങ്ങിന് ഡോ. എസ്. ഖാജാമിയ സ്വാഗതവും, അക്ബർ നന്ദിയും പറഞ്ഞു. ഉച്ചയ്ക്ക് നടന്ന നൗഷാദ് ബാബു നയിച്ച ഗാനമേള സദസ്സിനെ കോരിത്തരിപ്പിച്ചു.

യൂണിയൻ പ്രവർത്തനങ്ങൾക്ക് ഉപദേശങ്ങൾ നൽകി ഞങ്ങളോട് സഹകരിച്ച ബഹു. പ്രിൻസിപ്പാൾ, സ്റ്റാഫ് അഡ്വൈസർ പ്രൊഫ. ആൻസിൽ ഫ്രാൻസിസ് മറ്റെല്ലാ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും വിദ്യാർത്ഥികളോടും സഖാക്കൾക്കും ഹൃദയത്തിൻെറ ഭാഷയിൽ നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഈ റിപ്പോർട്ട് നിങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

ലാൽസലാം
നിങ്ങളുടെ ജനറൽസെക്രട്ടറി,
അക്ബർ



# TOMORROW YOU TOO COULD BE A COMPUTER PROFESSIONAL

*The yearly production of computers in India is about 1. 5 lakhs at present. The Government of India intends to raise the production to ten lakhs computers a year. Then each computer will create a minimum of three jobs ie. about 31 lakh job placements will be created in computer field before 1996....*

*Seing the future, Central Institute of Technology well based in information technology, coach students for entire job in computers, Our former student's have been well placed in Govt, Private Sectors in India and abroad.*

*Well - equipped lab facilities. Eminent and experienced faculty.*

*Courses Offered*

**PGDCA ■ Com... Com (B. Com + Computer) ■ DCA ■ DOA ■ AutoCad Financial Accounting (DecEasy) ■ Computerised Telex (with online practicals) ■ BASIC ■ UNIX & C ■ Data Entry & Wordstar ■ Lotus 1-2-3 ■ dBase & FoxBase ■ FoxPro ■ Clipper ■ Windows**

☐ Data Preperation & Computer Software (N.C.V.T.)

*Special batches (6 pm to 8 pm) for Employees and Business Executives*

CIT

**CENTRAL**

*Institute of Technology*

(Recognised by State & Central Government)

College Road, SASTHAMCOTTAH | KAPPALANDI MUKKU, KOLLAM-1 | PALACE ROAD ATTINGAL-1.

Ben's

നഷ്ടപ്പെട്ട ലക്ഷ്യബോധം വീണ്ടെടുത്തു. സ്വാതന്ത്ര്യമെന്ന പരമമായ സത്യം ഞങ്ങളിൽ ജൻമംകൊണ്ടു. തുടർന്ന് തകഴി ശിവശങ്കരപ്പിള്ള ഞങ്ങൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ഈ സമാപനസമ്മേളനത്തിൽ ശ്രീ. ജി. സുധാകരൻ, ശ്രീ. കുരീപ്പുഴ ശ്രീകുമാർ, ശ്രീ. സനൽകുമാർ, ശ്രീ. ജി. വേണുഗോപാൽ തുടങ്ങിയവർ പങ്കെടുത്തു.

ചരൽക്കുന്നിൽ നടന്ന ഈ സാഹിത്യക്യാമ്പ് ഒരു മഹത്തായ അനുഭവംതന്നെയായിരുന്നു. കഥകളിലൂടെ, കവിതകളിലൂടെ അക്ഷരകൂട്ടങ്ങൾക്കിടയിൽ ഞാൻ കണ്ടിട്ടുള്ള സാഹിത്യകാരൻമാരെ നേരിൽ കാണാനും അവരുമായി സംവേദിക്കാനും വിലയേറിയ ഉപദേശങ്ങളും അഭിപ്രായങ്ങളും പകർന്നുകിട്ടാൻ കഴിഞ്ഞത് ഞാനൊരു വലിയ ഭാഗ്യമായി കരുതുന്നു.

[redacted]

ഭാരതമെന്നു പേരുകേട്ടാലഭിമാന-
പൂരിതമാകണമന്തരംഗം
കേരളമെന്നു കേട്ടാലോ തിളയ്ക്കണം
ചോര നമുക്ക് ഞരമ്പുകളിൽ

വള്ളത്തോൾ


*With Best Compliments From:*

# S.N.T. College
## Hospital Junction
## Kundara

*A unique institution for MATHEMATICS & STATISTICS*

# ROOSEVELT'S
# COLLEGE

A TEAM OF EFFICIENT LECTURERS
UNDER THE EXPERT DIRECTION OF

**MR. S. ROOSEVELT M. Sc. Handle**

The Following Classes:

M. Sc. MATHS
(1) Kerala University (Going)
(2) Kerala University (Parallel)
(Minimum Marks: 55% for B. Sc)

PDC & DC Maths (Main & Sub)
(Session & Going)
B. Sc., Statistics
Engg. (S1 to S5)

# ആർട്ട്സ് ക്ലബ്ബ് റിപ്പോർട്ട്

ആദരണീയനായ പ്രിൻസിപ്പാൾ, ബഹുമാനപ്പെട്ട അദ്ധ്യാപകരെ, പ്രിയ കൂട്ടുകാരെ,

നമ്മുടെ കലാലയത്തിൻെറ കഴിഞ്ഞ അദ്ധ്യായനവർഷക്കാലത്തെ കോളേജ് യൂണിയൻെറ കലാ പ്രവർത്തനങ്ങളുടെ തിരശ്ശീല വീഴുന്ന ഈ അവസരത്തിൽ സമൂഹം നമ്മോടാവശ്യപ്പെട്ട കടമ നിറവേറ്റാൻ അതിൻെറ വഴിത്താരയിൽ നമുക്ക് കണ്ടുമുട്ടാം എന്നാഗ്രഹിച്ചുകൊണ്ട് വിശ്വാസത്തോടെ ഏറ്റവും കുറഞ്ഞ ഒരദ്ധ്യായനവർഷത്തിൻെറ കലാസമിതി റിപ്പോർട്ട് അവതരിപ്പിക്കട്ടെ,

തൊള്ളായിരത്തി 92 നവംബർ മാസം 6-ാം തീയതി പ്രൊഫ: അബ്ദുൽഫത്തഹ് നഗർ വേദിയിൽവച്ച് കോളേജ് യൂണിയൻ ഉദ്ഘാടനചടങ്ങിനോടനുബന്ധിച്ച് ആർട്ട്സ് ക്ലബ്ബിൻെറ ഉദ്ഘാടനം നടന്നത്. പ്രശസ്ത നാടകരചയിതാവും സാമൂഹ്യപ്രവർത്തകനുമായ ശ്രീ. ഓ. മാധവനാണ് ആർട്ട്സ് ക്ലബ്ബിൻെറ ഉദ്ഘാടനം നിർവ്വഹിച്ചത്. എങ്ങനെയാണ് വിദ്യാർത്ഥികളുടെ ഇടയിൽ സർഗ്ഗവാസന വളർത്തിയെടുക്കേണ്ടത് എങ്ങനെയാണ് ആർട്ട്സ് ക്ലബ്ബിൻെറ പ്രവർത്തനം കാഴ്ചവയ്ക്കേണ്ടതെന്ന് വളരെ വ്യക്തമായി സംസാരിച്ചു. ഒരു കലാസമിതിയുടെ ചിറകും ജീവനുമാകേണ്ട ഒന്നാണ് ആഡിറ്റോറിയം. എന്നാൽ നമ്മുടെ കോളേജിന് ഇന്നോളം ഒരു ആഡിറ്റോറിയം ഇല്ലാത്തത് വളരെ മോശമാണ് എന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

അന്നുച്ചയ്ക്കുശേഷം നടന്ന വിദ്യാർത്ഥികളുടെ കലാപരിപാടികൾ ചടങ്ങിന് വളരെ മാറ്റുകൂട്ടി. രണ്ടാം ദിവസം വിദ്യാർത്ഥികളുടെ കലാപരിപാടികൾ നല്ല നിലവാരം പുലർത്തി. അന്നുച്ചയ്ക്കുശേഷം നടന്ന വോയ്സ് ഓഫ് പ്രിൻസിൻെറ ഗാനമേള സദസിനെ കോരിത്തരിപ്പിച്ചു.

ആർട്ട്സ് ക്ലബ്ബ് ജോയിൻറ് സെക്രട്ടറിമാരായി ഹരിലാൽ III Bot, ബീനാ റാണി III BA എന്നിവരെ യൂണിയൻ തെരഞ്ഞെടുത്തു.

കേരളായൂണിവേഴ്സിറ്റി യുവജനോൽസവം മാർച്ച് 2 മുതൽ 6 വരെ കൊല്ലത്തുവച്ച് അരങ്ങേറി. യുവജനോത്സവത്തിൻെറ നാന്ദിക്കുറിച്ചുകൊണ്ടുള്ള സാംസ്ക്കാരിക ഘോഷയാത്രയിൽ നമ്മുടെ കോളേജിൻെറ പങ്കാളിത്തം വളരെ ശ്രദ്ധേയമായിരുന്നു. ഫെബ്രുവരി 9, 10, 12 തീയതികളിൽ കോളേജിൽനിന്നുള്ള സെലക്ഷൻ നടക്കുകയും വിവിധപരിപാടികൾ ഉൾപ്പെടെ 17 ഇനങ്ങളിൽ നമ്മുടെ കോളേജിൽനിന്നും കലാകാരൻമാരും കലാകാരികളും പങ്കെടുത്തിരുന്നു.

കൂടാതെ മറ്റുനേട്ടങ്ങളെന്നു പറയുമ്പോൾ കോളേജിൽനിന്നും ഇൻറർകോളജിയേറ്റ്, ഇൻറർ യൂണിവേഴ്സിറ്റി തലങ്ങളിൽ നടത്തിയിട്ടുള്ള മത്സരങ്ങളിൽ ധാരാളംപേർ പങ്കെടുക്കുകയും വിജയം വരിക്കുകയും ചെയ്തിട്ടുണ്ട്. അതിൽ ശ്രദ്ധേയമായത് ഫെബ്രുവരി 17-ാം തീയതി മലപ്പുറം എം.ഇ.എസ്. കോളേജിൽ വച്ച് Dr. N.K. മുഹമ്മദ് സാഹിബ് മെമ്മോറിയൽ റോളിംഗ് ട്രോഫിക്കും 250 രൂപാ ക്യാഷ് അവാർഡിനും വേണ്ടിനടത്തിയ ഇൻറർ യൂണിവേഴ്സിറ്റി പ്രസംഗമത്സരത്തിൽ നമ്മുടെ കോളേജിൽനിന്നും II Mathsൽ പഠിക്കുന്ന എം.എസ്. ഗോപകുമാർ ഒന്നാംസ്ഥാനം കരസ്ഥമാക്കി. നമ്മുടെ കോളേജിൻെറ അഭിമാനം ഉയർത്തികാട്ടിയ ഗോപകുമാറിന് ആർട്ട്സ് ക്ലബ്ബ് സെക്രട്ടറി എന്ന പേരിലും കോളേജ് യൂണിയൻെറ പേരിലും നന്ദി രേഖപ്പെടുത്തുന്നു.

അതുപോലെ കുണ്ടറ അലിൻഡിൽ വർഷംതോറും നടത്തിവരാറുള്ള കലാമത്സരങ്ങളിൽ നമ്മുടെ കോളേജിൽനിന്നും പങ്കെടുക്കുകയും സമ്മാനം കരസ്ഥമാക്കുകയും ചെയ്തു. മുട്ടത്തുവർക്കി ഫൗണ്ടേഷൻെറ പേരിൽ നടത്തിയ ചെറുകഥാരചനാ മത്സരത്തിൽ നമ്മുടെ കോളേജിൽനിന്നും I Mathsൽ പഠിക്കുന്ന അനിൽകുമാർ കെ.ജി. പങ്കെടുക്കുകയും ഒന്നാംസ്ഥാനം കരസ്ഥമാക്കുകയും ചെയ്തു. അദ്ദേഹത്തിന് യൂണിയൻെറപേരിലും ആർട്ട്സ്ക്ലബ്ബ് സെക്രട്ടറിയുടെ പേരിലും നന്ദി രേഖപ്പെടുത്തുന്നു. കോളേജ് അടിസ്ഥാനത്തിൽ കേരളോത്സവത്തിൽ പങ്കെടുത്ത് ഒന്നാംസ്ഥാനം കരസ്ഥമാക്കിയ ഹബീബിനും നന്ദി രേഖപ്പെടുത്തുന്നു.

കഴിഞ്ഞ ഒരു വർഷക്കാലത്തെ കലാസമിതി പ്രവർത്തനങ്ങളുടെ ഭാഗമായി എന്ത് നടന്നുവെന്ന് മാത്രമേ ഞാൻ ഇവിടെ ചെയ്തിട്ടുള്ളു. പുതുമകൾ പലതും അവകാശപ്പെടാനോ അവകാശങ്ങൾ നിരത്തി പുകഴ്ത്താനും ഞാനിവിടെ ആഗ്രഹിച്ചിട്ടില്ല. കലാസമിതി പ്രവർത്തനങ്ങൾ ആത്മാർത്ഥമായി സഹകരിക്കുകയും വേണ്ട ഉപദേശങ്ങൾ നൽകുകയും ചെയ്ത പ്രിൻസിപ്പാൾ, സ്റ്റാഫ് അഡ്വൈസർ ആൻസിൽ ഫ്രാൻസിസ് സാർ, ഷാജി സാർ, വിഷ്ണുനാരായണൻ നമ്പൂതിരി സാർ, അമ്പിളിടീച്ചർ, ഡോ. സുലേഖ ടീച്ചർ, ശാന്തകുമാരി ടീച്ചർ, ഹാഷിംകുട്ടി സാർ കൂടാതെ സഹകരിച്ച കൂട്ടുകാർ ഏറെ എന്നിവർക്ക് കലാസമിതിയുടെ നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു.

പൂർണ്ണമായ വിലയിരുത്തലുകൾ ഈ കലാലയത്തിലെ നിങ്ങളോരോരുത്തർക്കും വിട്ടുതരുന്നു.

നാടിൻെറ മോചനത്തിന് ഉറ്റവരേയും ഉടയവരേയും ഉപേക്ഷിച്ച വീരൻമാരുടെ സ്മരണയ്ക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടും നീണ്ട കലാലയജീവിതത്തിനുശേഷം ഈ നാലുകെട്ടിനോട് വിടചോദിച്ചുകൊണ്ടും ഞാനീ കലാസമിതിറിപ്പോർട്ട് നിങ്ങളുടെ സജീവപരിഗണനയ്ക്കായി അവതരിപ്പിക്കുന്നു.

ഒത്തിരി സ്നേഹത്തോടെ,
നിങ്ങളുടെ ആർട്ട്സ്ക്ലബ്ബ് സെക്രട്ടറി,

നിസാം. കെ.





# തെരുവിൽ അവകാശ സമരങ്ങളുടെ ചോരപ്പൂക്കൾ


നസീർ എം.
II B. Com
[illegible]




ക്വിറ്റ് ഇന്ത്യാ സമരത്തിൻെറ സുവർണ്ണജൂബിലി ആഘോഷിക്കുന്നവരാണ് നാം. സ്വാതന്ത്ര്യത്തിൻെറ നാൽപ്പത്തി ആറാം വാർഷികമാഘോഷിച്ച് മധുരം നുണഞ്ഞവരാണ് ഗാന്ധിമാർഗ്ഗം കണ്ടെത്തുന്നവരാണ് നാം. അങ്ങനെ നമ്മുടെ പ്രയാണത്തിലെ മുറിവുകളിൽ അമർത്തിപ്പിടിച്ചുകൊണ്ടിരിക്കുന്നു. കാലടിച്ചോട്ടിലെ മണൽ ഒലിച്ചുപോകുമ്പോഴും തനിക്കെങ്ങനെ വീഴാതിരിക്കാം എന്ന അന്വേഷണത്തിനിടയിൽ തെരുവീഥികളിൽ ചിന്തിയ ചോരകണ്ടില്ലെന്നുനടിക്കാൻ നമുക്കെങ്ങനെ കഴിയും.

ഇവിടെ വിദ്യപോലും നമുക്ക് അപ്രാപ്യമാക്കാനുള്ള, അറിയാനു... അവകാശത്തെ ഹനിക്കാനുള്ള ഭീകരവും ഭീതിദവുമായ ശ്രമങ്ങൾ നട... മ്പോൾ, അതിനെതിരെ പ്രതികരിച്ച യൗവ്വനത്തിൻെറ മജ്ജയും മാംസ... തെരുവീഥികളിൽ ചിതറിത്തെറിക്കുമ്പോൾ സുഹൃത്തേ, നിങ്ങൾ ഈ... നിസ്സംഗത എങ്ങനെ സ്വായത്തമാക്കി?

പത്രത്താളിൽ സർവ്വസാധാരണമായൊരു പ്രയോഗം- ലാത്തിച്ചാർ...

പക്ഷേ,

പൊട്ടിത്തകരുന്നത് യൗവ്വനത്തിൻെറ തുടയെല്ലുകളാണ്.

തലചുറ്റിത്തളരുന്ന് ചരിത്രത്തിന്റെ സ്വന്തം സ്വപ്നങ്ങളാണ്.
ചോരവാർന്നൊഴുകുന്നത് സൂര്യോദയത്തിന്റെ നെഞ്ചിൻ നെരുക
ളാണ്.

ഇതാ തെരുവിൻ ചോരയാണ്!
ഈ ചോരയിൽ കൂലിപ്പണിക്കാരനൊരച്ഛന്റെ വിയർപ്പുണ്ട്.
അടുക്കളപ്പുകയിൽ കരുവാളിക്കുമൊരമ്മയുടെ നെടുവീർപ്പുണ്ട്
പള്ളിക്കൂടം കയറിയിറങ്ങുമൊരനുജന്റെ വെറും കിനാവുകൾ.
ചിതറിത്തെറിപ്പുണ്ടീ ചോരയിൽ
പ്രായംതികഞ്ഞു നിറഞ്ഞുനിൽക്കുമൊരു
ചേച്ചിയുടെ മഴനിലാവുകൾ
ഞെട്ടറ്റുവീഴുന്നുണ്ടീ ചോരയിൽ

മുദ്രാവാക്യത്തിന്റെ ന്യായാന്യായം നമുക്കു മാറ്റിനിർത്താം. വിദ്യാ
ഭ്യാസം വാണിജ്യവൽക്കരിക്കുകയും അതുവഴി വരേണ്യവൽക്കരിക്കു
കയും ചെയ്യുന്നതിന്റെ പരിണതിഫലമെന്തെന്ന് നമുക്ക് ഓർക്കാ
തിരിക്കാം. പക്ഷേ, തിരുവനന്തപുരത്തും, എറണാകുളത്തും തൃശൂരും
പാലക്കാട്ടും കോഴിക്കോട്ടും തെരുവീഥികളിൽ വീണ സഹജരുടെ രക്ത
ത്തിന് നാം എങ്ങനെ മറുപടി നൽകും.

എഞ്ചിനീയറിംഗ് കോളേജിന്റെ ഹോസ്റ്റലിൽനിന്ന് ഒരു രാത്രിയിൽ
ആരോ പിടിച്ചിറക്കിക്കൊണ്ടുപോയ മകനെ കാത്തിരുന്ന് ഭ്രാന്തുപിടിച്ച
അമ്മയുടെ മനസ്സോ, അവനെ തിരഞ്ഞുപോയ പിതൃത്വത്തിന്റെ പ്രാർ
ത്ഥനയോ ആരെയും നോവിക്കുന്നേയില്ല. ഒന്നും മനസ്സിലാക്കാതിരി
ക്കാനുള്ള മൗഢ്യം ഒരു വംശമഹിമയാണ്. ഭാര്യാഹത്യയും, പിതൃ
ഹത്യയും നടത്തി കൈയൂക്ക് കാട്ടുന്നവർക്ക് ആ വംശമഹിമയുണ്ട്.
അവർ നമ്മെ ഭരിക്കുന്നു. നൂറുകണക്കിനു കുട്ടികളെ തെരുവിലിട്ട്
തല്ലിച്ചതയ്ക്കുന്ന പോലീസ്, അതിക്രമത്തിൽ റിംഗ്മാസ്റ്ററായി നിൽ
ക്കുന്നതാരെന്ന് നമുക്കറിയാം. പഴയതൊന്നാവർത്തിക്കാൻ ചരിത്രത്തിൽ
ഇടംബാക്കിയില്ലെന്ന് വിളിച്ചുപറഞ്ഞ മനസ്ഥൈര്യം ആരുടേതെന്നറി
യണം.

ജാഥ സെക്രട്ടറിയേറ്റ് നടചുറ്റി പോകുകയാണ്. തൊട്ടുപിറകെ
പോലീസ് പടയും പോലീസ് പടയും വിദ്യാർത്ഥികളുമല്ലാതെ നഗ
രത്തിലെ ദേശീയപാതയിൽ മറ്റാരുമില്ല. പോലീസിനെതിരെയും മുദ്രാ
വാക്യം മുഴക്കുന്നുണ്ടായിരുന്നു വിദ്യാർത്ഥികൾ. പോലീസിന്റെ ഒരു
വൻ പട വെള്ളിടിവെട്ടിയതുപോലെ വിദ്യാർത്ഥികൾക്കുനേരെ ചാടി
വീണു.



നൃശംസത ഉടലാണ്ടാൽ അതിന് പോലീസ്രൂപം കൂടി ലഭിച്ചാൽ,
പിന്നെ എന്തു നടക്കുമെന്ന് ഏജീസ് ഓഫീസിലെ ജീവനക്കാർ നേ
ൽകണ്ടു. പകൽവെളിച്ചത്തിൽതന്നെ മരണത്തിനുമുമ്പുമാത്രം അനുഭവ
പ്പെടുന്ന ഉൾത്തരിപ്പോടെ.

"ഭീകരമായ പോലീസ് ആക്രമണത്തിന് ഈ നാട്ടിലെ കുരുന്നു വിദ്യാ
ർത്ഥികൾ വീണുടയുന്നത് അവർ നേരിൽ കണ്ടു. കണ്ടുനിൽക്കാൻ
വയ്യാതെ ചിലർ ഓഫീസിനകത്തേക്ക് ഓടിപ്പോയി."

ജൂൺ 21-ന് തിരുവനന്തപുരം ഏജീസ് ഓഫീസിനുമുന്നിൽ നടന്ന
വിദ്യാർത്ഥിമർദ്ദനത്തെക്കുറിച്ച് കലാകൗമുദി പ്രസിദ്ധീകരിച്ച കവർ
സ്റ്റോറിയിലെ വിവരണമാണിത്. (ലക്കം 930 ജൂലൈ 11)

ഇവിടെ പരിമിതമായ വിദ്യാഭ്യാസ അവകാശങ്ങളേയും ജനാധിപത്യ
അവകാശങ്ങളേയും ഇല്ലാതാക്കാൻ ശ്രമിക്കുന്ന ഭരണവർഗ്ഗപക്ഷമുണ്ട്.
പൊതുവിദ്യാഭ്യാസം സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധമായ ഒരു സമൂ
ഹപക്ഷവുമുണ്ട്. നിങ്ങളുടെ പക്ഷം ഏതെന്ന് തീരുമാനിക്കേണ്ടത്
നിങ്ങളാണ്.

നടപ്പാതകളിൽ ചിതറിത്തെറിച്ച പാദരക്ഷകൾ....
പാദരക്ഷയിലോരോന്നിലും പ്രതിരോധത്തിന്റെ ഒരുഗാഥയുണ്ട്.
തെരുവോരങ്ങളിൽ എറിച്ചുനിൽക്കുന്ന കരിങ്കൾച്ചീളുകൾ
കരിങ്കൽച്ചീളിലോരോന്നിലും ഒരു നെറ്റിത്തടത്തിന്റെ രക്തവേഗം
സ്പന്ദിക്കുന്നുണ്ട്.

മറക്കാതിരിക്കുക.

സമൂഹത്തെ മുന്നോട്ടു നയിച്ചത് ജനങ്ങളുടെ അവകാശങ്ങൾക്കും
സ്വാതന്ത്ര്യത്തിനുംവേണ്ടി പോരാടിയവരാണ്.

അവരാണ് ചരിത്രത്തിന്റെ ചക്രങ്ങളെ എന്നും മുന്നോട്ട് ചലിപ്പി
ച്ചത്. അവർക്ക് ലാത്തിയും വെടിയുണ്ടയും നേരിടേണ്ടിവന്നിട്ടുണ്ട്.
അവരുടെ പിൻഗാമികളാണ് തെരുവീഥികളിൽ പോരാടുന്നവർ. സഹ
ജശബ്ദം സംഗീതംപോലെ ആസ്വദിക്കുന്ന കാലത്തിനുവേണ്ടി ശ്രമി
ക്കുന്ന ചൂഷിതന്റെ പക്ഷക്കാർ അവർ ചരിത്രത്തെ മുന്നോട്ടുനയിക്കും.

"പക്ഷേ,
ചിതറിത്തെറിക്കുന്നത്
ഒരു തലമുറയുടെ തന്റേടങ്ങളാണ്
കട്ടപിടിച്ചു കറുക്കുന്നത്
ഒരു ചരിത്രത്തിന്റെ പ്രതിരോധങ്ങളാണ്."





ഈ കൈകൾ അവർ തല്ലിയൊടിച്ചു.
സഹവിദ്യാർത്ഥികളെ തല്ലരുതെന്നഭ്യർത്ഥിക്കുന്ന കേരള
യൂണിവേഴ്സിററി യൂണിയൻ ചെയർ പേഴ്സൺ ഗീനാകുമാരി



# FALL IN LOVE WITH LIGHT

## ചിത്രവാണി ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് വീഡിയോ ഗ്രാഫിക്സ്

കൊട്ടിയം, കൊല്ലം

കേരളത്തിലെ ഏറ്റവും ആധുനികവും സുസജ്ജവുമായ ലാബിൽ വീഡിയോഗ്രാഫി പഠിപ്പിക്കുന്ന ഏക സ്ഥാപനം

ഫോൺ: 047483-753

---

എല്ലാവിധമായ ഇലക്ട്രോണിക് ഉപകരണങ്ങളും (T.V, V.C.R, ടേപ്പ് റിക്കോർഡർ) മുതലായവ ഉത്തരവാദിത്വത്തോടുകൂടി ചെയ്തുകൊടുക്കുന്ന ഏകസ്ഥാപനം

## പ്രണവം വീഡിയോസ്

ടി.കെ.എം. ആർട്ട് കോളേജിനു സമീപം കരിക്കോട്

T.V, V.C.R വിഡിയോകാസറ്റ് വാടകയ്ക്ക് കൊടുക്കുന്നതാണ്

ആഡിയോ, വീഡിയോ റിക്കാർഡിംഗ് ആൻറിന റിപ്പയറിംഗ്, ഇറക്ഷൻ മുതലായവ ചെയ്യപ്പെടുന്നു

---

ആശംസകൾ

## പ്രിയദർശിനി ഫാൻസി സ്റ്റോർ & പ്രിയ ഫുട്‌വെയർ

ടി.കെ.എം. ആർട്ട് കോളേജിന് സമീപം, കരിക്കോട്

---

## നാദം വീഡിയോ ഗ്രാഫേഴ്സ്

TKM Arts കോളേജിനു സമീപം, കരിക്കോട്

ഈ സ്ഥാപനത്തിൻെറ സവിശേഷത:

* വീഡിയോ റിക്കാഡിംഗ്
* മലയാളം, തമിഴ്, ഇംഗ്ലീഷ്, ഹിന്ദി കാസറ്റുകളുടെ വിപുലമായ ശേഖരം
* ഇലക്ട്രോണിക്സ് സാധനങ്ങൾ പ്രത്യേകിച്ച് TV, VCR റിപ്പയറിംഗ് Door to Door
* ആഡിയോ, വീഡിയോ റിക്കോഡിംഗ്
* TV, VCR, VCP വാടകയ്ക്ക് കൊടുക്കുന്നതാണ്



# എന്നോട് ക്ഷമിക്കുക
# എനിക്ക് ചക്രവർത്തിയാകേണ്ട

**ചാ**ൾസ് സ്പെൻസർ ചാപ്ലിൻ എന്ന ചാർലി ചാപ്ലിൻ തെരുവുതെണ്ടിയിൽനിന്ന് വിശ്വപ്രസിദ്ധനായി ഉയർന്നയാളാണ്. അത്ഭുതകരമായി പ്രവർത്തിക്കുന്ന തന്റെ മനസ്സും ശരീരവും ഉപയോഗിച്ച് വിശ്വോത്തരങ്ങളായ കോമഡികൾക്ക് രൂപം നൽകിയ ചാപ്ലിൻ സിനമയുടെ ആത്മാവ് കണ്ടറിഞ്ഞ നടനും സംവിധായകനും തിരക്കഥാകൃത്തും സംഗീതജ്ഞനുമായിരുന്നു. കമ്മ്യൂണിസ്റ്റെന്നു മുദ്രകുത്തി അമേരിക്കയിൽനിന്നും നാടുകടത്തപ്പെട്ട അദ്ദേഹം സാമ്രാജ്യത്വത്തിനും യുദ്ധക്കൊതിക്കുമെതിരെ ശബ്ദിച്ച മനുഷ്യസ്നേഹിയും ആയിരുന്നു.

നീല നിറത്തിലുള്ള മുഖമുയർത്തി അവൻ മേൽപ്പോട്ടു നോക്കി. ഇണർപ്പുപൊട്ടിയ കറുത്ത നാക്ക് പുറത്തേക്ക് വെട്ടിച്ചു. പാമ്പിന്റെ പത്തിവിടരുന്നത് രവിയും കൗതുകത്തോടെ നോക്കി വാത്സല്യത്തോടെ കയ്പടത്തിൽ പല്ലുകൾ അമർന്നു. പല്ലുമുളയ്ക്കുന്ന ഉണ്ണിക്കുട്ടന്റെ വികൃതിയാണ്. കയ്പടത്തിൽ വീണ്ടും വീണ്ടും അവ പതിഞ്ഞു. പത്തിപൂരുക്കി കൗതുകത്തോടെ വാത്സല്യത്തോടെ രവിയെ നോക്കീട്ട് അവൻ വീണ്ടും മൺകട്ടകൾക്കിടയിലേക്ക് നുഴഞ്ഞുപോയി.

മഴ പെയ്യുന്നു. മഴ മാത്രമേയുള്ളു. കാലവർഷത്തിന്റെ വെളുത്ത മഴ. മഴ ചെറുതായി രവി ചാഞ്ഞുകിടന്നു. അയാൾ ചിരിച്ചു. അനാദിയായ മഴവെള്ളത്തിന്റെ സ്പർശം. ചുറ്റും പുൽക്കൊടി വളർന്നു. മുകളിൽ വെളുത്ത കാലവർഷം പെരുവിരയോളം ചുരുങ്ങി.

അതെ. മലയാള നോവൽ സാഹിത്യത്തിന്റെ പ്രകാശഗോപുരമെന്ന് വിശേഷിപ്പിക്കപ്പെട്ട, മലയാള നോവൽ സാഹിത്യത്തിന്റെ ചരിത്രപരമായ ദശാസന്ധിയെന്ന് വാഴ്ത്തപ്പെട്ട 'ഖസാക്കിന്റെ ഇതിഹാസം' അവസാനിക്കുന്നത് ഇങ്ങനെയാണ്. ഇതിന്റെകൂടെ ചേർത്തുവെച്ച് വായിക്കേണ്ടതായ സാഹിത്യരചനയിൽ എന്നും ഒ.വി. വിജയന്റെ സഹയാത്രികനായിരുന്ന എം. മുകുന്ദന്റെ ചില വാക്കുകളുണ്ട്. ഒരിക്കൽ മുകുന്ദൻ ഇങ്ങനെ പറഞ്ഞു: "എന്റെ ഹരിദ്വാരിൽ മണികൾ മുഴങ്ങുന്നു" എന്ന കൃതി കേരളത്തിലെ ചെറുപ്പക്കാർക്കിടയിൽ മയക്കുമരുന്നുപഭോഗം വർദ്ധിപ്പിക്കുന്നതിനിടയാക്കി എന്നറിയേണ്ടിവന്നതിൽ എനിക്ക് ദുഃഖമുണ്ട്. ഞാൻ ആ കെണിയിൽനിന്ന് രക്ഷപ്പെട്ടു. അവരും രക്ഷപെടട്ടെ എന്ന് ഞാൻ ആശിക്കുകയാണ്. പിന്നീട് മുകുന്ദൻ പറഞ്ഞു: ("എന്റെ നോവലല്ല കമ്മ്യൂണിസത്തിന്റെ തകർച്ചയാണ് കേരളത്തിലെ യുവാക്കളെ മയക്കുമരുന്നു സംസ്ക്കാരത്തിലേക്കെത്തിച്ചത്" എന്ന് തിരുത്തുകയുണ്ടായി എന്നത മറ്റൊരു കാര്യം) ഈയിടെ മുകുന്ദൻ വീണ്ടും പറഞ്ഞു: "എന്റെ കൃതികളിലെ കഥാപാത്രങ്ങളാകാൻ ശ്രമിച്ച് ജീവിതം നശിപ്പിച്ച യുവാക്കളെ ഞാൻ കാണുന്നു. എന്റെ കൃതികൾ സമൂഹത്തിൽ ഒരു 'നെഗറ്റീവ് ഇഫക്ട്' ആണോ ഉണ്ടാക്കുന്നത് എന്ന് ഞാൻ ഭയപ്പെടുന്നു" എന്ന്.

ഈ ആധുനികരുടെ സാഹിത്യം നമ്മുടെ സമൂഹത്തിൽ 'നെഗറ്റീവ് ഇഫക്ട്' ആണ് ഉണ്ടാക്കുന്നതെങ്കിൽ ആ സാഹിത്യം നല്ല സാഹിത്യമെന്നു പറയാൻ നാം ധൈര്യം കാട്ടേണ്ടിയിരിക്കുന്നു.

ക്രോചേയുടെ 'എസ്തെറ്റിക്സ്' (Asthetic) എന്ന പുസ്തകം കലാസിദ്ധാന്തലോകത്തിൽ വളരെയധികം ചലനങ്ങൾ സൃഷ്ടിച്ച ഒന്നാണ്. അദ്ദേഹത്തിന്റെ മറ്റൊരു പ്രശസ്തമായ പുസ്തകമാണ് 'ലാക്രിട്ടിക്കാ' (Lacritica) ഈ പുസ്തകങ്ങളിലെ വാദഗതികളെ പലരും അടിസ്ഥാനപ്രമാണങ്ങളായിട്ടാണ് കണക്കാക്കുന്നത്.

കവിതയിൽ ശാശ്വതങ്ങളായ രണ്ടുഘടകങ്ങളുണ്ടെന്ന് ക്രോചേ സിദ്ധാന്തിച്ചു. നാനാതരം ചിത്രങ്ങളും അവയ്ക്ക് ചൈതന്യമരുളുന്ന വികാരവും (Images and a feeling that animates them) ഇതിനുപുറമേ ചിന്തകളും ഉദ്ഘോഷങ്ങളും ബോധനങ്ങളും ഒക്കെ കടന്നുകൂടാം. പക്ഷേ, അവ കാവ്യാത്മകമല്ലെന്നാണ് ക്രോചേയുടെ വാദം. അത് ആസ്വദിക്കുന്നയാൾ കവിതയല്ലത്രേ ആസ്വദിക്കുന്നത്.

തികച്ചും തെറ്റായൊരു നിലപാടാണിത്. കലയെന്നാൽ സൗന്ദര്യമാണ്. സൗന്ദര്യം മാത്രമാണ് എന്ന തെറ്റായ ധാരണയിൽ നിന്നാണ് ഇത്തരം വാദഗതികളുടലെടുക്കുന്നത്.

ക്രോചേ വീണ്ടും പറയുന്നു. ഭാവാത്മകമായ സഹജജ്ഞാനമാണ് കവിത. ജ്ഞാനം രണ്ടുതരത്തിൽ. സഹജജ്ഞാനവും, യുക്തിപരമായ ജ്ഞാനവും. ആദ്യത്തേത് ഭാവനയിലൂടെയും രണ്ടാമത്തേത് പ്രജ്ഞയിലൂടെയും ലഭിക്കുന്നു. കലയുടെ ലോകത്ത് ആദ്യത്തേതിനു മാത്രമേ പ്രസക്തിയുള്ളൂവെന്നാണ് ക്രോചേയുടെ മതം. ഇത് ശുദ്ധഭോഷ്കാണെന്ന് പറയേണ്ടിയിരിക്കുന്നു. നേരത്തേ പറഞ്ഞതിൽനിന്നും ഒട്ടും വ്യത്യസ്തമല്ലാത്തൊരു നിലപാടാണിത്. യുക്തിപരതയ്ക്ക് കലയിൽ പ്രാധാന്യമില്ല എന്ന തെറ്റായ ബോധത്തിൽനിന്നുമാണ്, കൊത്താൻ ശ്രമിക്കുന്ന പാമ്പിനുമുന്നിൽ ചിരിച്ചുകൊണ്ടുനിൽക്കുന്ന കഥാപാത്രങ്ങൾ കലാകാരന്റെ മനസ്സിൽ സൃഷ്ടിക്കപ്പെടുന്നത്.

ക്രോചേയുടെ ഈ നിലപാടുകളെ തുറന്നുകാട്ടാൻ ധൈര്യം കാട്ടാത്ത നിരൂപകശ്രേഷ്ഠൻമാർ, വസ്തുക്കളുടെ സാരാംശത്തെക്കുറിക്കുന്ന ചില്ല് ചിത്രങ്ങളെ മനസ്സിൽ രൂപവത്ക്കരിക്കുന്നതാണ് കലയുടെ സ്വഭാവം എന്നും അതിനു ബാഹ്യരൂപം നൽകുന്നതിന് വലിയ പ്രാധാന്യമൊന്നുമില്ലെന്നും മറ്റുമുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകളെ ആക്രമിച്ച് സായൂജ്യമടയാൻ ശ്രമിക്കുന്നത് അവരുടെ ഭീരുത്വംകൊണ്ടാണെന്ന് പറയേണ്ടിയിരിക്കുന്നു.

നമുക്ക് ഇനി ഓർട്ടിഗിയിലേക്ക് (Jose Ortege Gasset) വരാം.

# പാശ്ചാത്യ കലാസിദ്ധാന്തങ്ങളും മാർക്സിയൻ കാഴ്ചപ്പാടുകളും

മിദിലാജ് എം.എ III B.A

കൊത്താൻ പത്തി നിവർത്തുന്ന പാമ്പിനു മുന്നിലേക്ക് കാൽ നീട്ടിവച്ചുകൊടുക്കാൻ പഠിപ്പിക്കുന്നതാണ് സാഹിത്യമെങ്കിൽ, നിഷ്ക്രിയത്വവും നിസംഗതയുമാണ് സാഹിത്യം പഠിപ്പിക്കുന്നതെങ്കിൽ ആ സാഹിത്യം പിന്തിരിപ്പൻ ആണെന്ന് പറയുവാനുള്ള ചങ്കൂറ്റം നമ്മൾ കാട്ടേണ്ടതുണ്ട്.

പക്ഷേ, അങ്ങനെ പറയുന്നവർ ശുദ്ധകഥയിൽ സാമൂഹ്യപ്രതിബദ്ധത കണ്ടെത്താൻ ശ്രമിക്കുന്ന സൗന്ദര്യബോധമില്ലാത്തവരാണെന്ന് വിധിയിരുത്തപ്പെടും. അതുകൊണ്ടുതന്നെ, നമുക്ക് ഈ ആധുനികതാനിരൂപണം അവരുടെ പ്രത്യയശാസ്ത്രാടിത്തറയിൽനിന്ന് ആരംഭിക്കേണ്ടതുണ്ട്.

ആധുനിക നിരൂപണത്തിന്റെ അമരക്കാരായ കെ.പി. അപ്പനും, വി. രാജകൃഷ്ണനുമൊക്കെ തങ്ങളുടെ ലേഖനങ്ങളിൽ സമൃദ്ധമായി ഉദ്ധരിക്കുന്ന ചില പേരുകളുണ്ട്, ബെനഡിറ്റോ ക്രോചേ, ലജാബ് ഓർട്ടീഗ ഗാബറ്റ്, ഉംബർട്ടോ എക്കോ തുടങ്ങിയവ. മലയാള നിരൂപണസാഹിത്യത്തിലെ വാരഫലക്കാരൻ ഈയിടെ തന്റെ ഇതുവരെയുള്ള ജ്യോതിഷഗണിതങ്ങൾ പുസ്തക രൂപത്തിലാക്കിയപ്പോൾ അതിന്റെ ആമുഖത്തിൽ താൻ ക്രോചേയുടെ ശിഷ്യനാണെന്ന് എഴുതിക്കൊണ്ടായിരുന്നു തുടങ്ങിയത്. നമുക്കും ക്രോചേയിൽനിന്നുതന്നെ ആരംഭിക്കേണ്ടതുണ്ട്.

ഓർട്ടീഗയുടെ 'The Dehumanigation of Art' എന്ന പുസ്തകം ആധുനീകരുടെ അടിസ്ഥാന ഗ്രന്ഥങ്ങളിലൊന്നായി കണക്കാക്കപ്പെടുന്നു.

സത്യം രണ്ടുതരത്തിലുണ്ടെന്നാണ് ഓർട്ടിഗയുടെ മതം. മാനുഷിക സത്യവും (Lived reality) നിരീക്ഷണ സത്യം അഥവാ Observed reality. ഇതിൽ മനുഷ്യത്വവിഹീനസത്യം ആധുനീകതയെ പ്രതിനിധാനം ചെയ്യുന്നു.

സൗന്ദര്യാത്മകമായ കലയിൽ മനുഷ്യത്വത്തിന്റെ കെട്ടുപാടുകൾ ഉണ്ടാവരുതെന്ന കാഴ്ചപ്പാട് പഴയ 'ശുദ്ധകല' എന്ന സങ്കൽപ്പത്തിൽ നിന്നുതന്നെയാണ് വരുന്നത്.

പ്രശസ്ത നോവലിസ്റ്റ് ബോർഹഡ്, "ബംഗാൾ വനങ്ങളിലെ കടുവയും തന്റെ നോവലിലെ കടുവയും രണ്ടാണെന്നുണ്ടെങ്കിൽ പിന്നെ, അതിനു മൂന്നു കാലായാലെന്താണ്, സംസ്കൃതം സംസാരിച്ചാലെന്താണ്?" എന്ന് ചോദിക്കുന്നത് ഈ ഒരു പ്രത്യയശാസ്ത്രാടിത്തറയിൽനിന്നുകൊണ്ടാണ്.

മാനുഷിക സത്യങ്ങളെ ത്യജിക്കുന്ന ആധുനികൻ സത്യത്തിൽ പ്രപഞ്ചത്തിലേക്കുള്ള വഴിതടയുകയാണ്. അതിനു ജീവിതത്തോട് ബന്ധ

മില്ലാതായിമാറുന്നു. ഇവിടെയാണ് മാർക്സിയൻ കാഴ്ചപ്പാടിന് പ്രസക്തിയും പ്രാധാന്യവും കൈവരുന്നത്. കലയെ സംബന്ധിച്ച മാർക്സിയൻ കാഴ്ചപ്പാട് എന്തെന്നുകൂടി പരിശോധിച്ചുംകൊണ്ട് നമുക്ക് ഈ ലേഖനം അവസാനിപ്പിക്കാം.

മാർക്സിയൻ സിദ്ധാന്തമനുസരിച്ച് കലയും ഉത്പ്പാദനബന്ധങ്ങളും തമ്മിൽ നിശ്ചിതമായ ബന്ധമുണ്ട്. ഉൽപ്പാദനബന്ധങ്ങൾ മാറുമ്പോൾ ഉപരിഘടനയുടെ ഭാഗമെന്ന നിലയിൽ കലയ്ക്കും മാറ്റംവരുന്നു.

ഈ ഒരു കാഴ്ചപ്പാടാണ് മറ്റ് പാശ്ചാത്യകലാചിന്തകർക്ക് ഇല്ലാതെപോയത്. കല സ്വയംഭൂവല്ലെന്നും അത് സ്വയം നിർണ്ണിതമല്ലെന്നും മാർക്സിയൻ സിദ്ധാന്തം നമ്മെ മനസ്സിലാക്കിത്തരുന്നു. നിശ്ചിതമായ സാമൂഹ്യസാഹചര്യങ്ങളിൽനിന്നാണ് അതത് കാലഘട്ടങ്ങളിൽ കലാരൂപങ്ങൾ ഉടലെടുക്കുന്നത്.

കലയും, സമൂഹത്തിലെ വർഗ്ഗവും തമ്മിൽ നിശ്ചിതമായ ബന്ധമുണ്ടെന്നും സത്യാത്മകവും, പുരോഗമതാത്മകവും ആയ കല ഉന്നതി പ്രാപിക്കുന്ന വർഗ്ഗത്തിൻെറ കലയാണെന്നും മാർക്സിയൻ സിദ്ധാന്തം അനുശാസിക്കുന്നത്.

കല പുരോഗമനാത്മകമായി മാറുന്നതിൻെറ ഫലമായി രാഷ്ട്രീയവും സൗന്ദര്യശാസ്ത്രപരവുമായ അംശങ്ങൾ ഒന്നിച്ചു ചേരുന്നുവെന്നും, വിപ്ലവാത്മകമായ ഉള്ളടക്കവും, കലാത്മകമായ അംശവും ഒന്നിക്കുന്നുവെന്നും മാർക്സിയൻ സിദ്ധാന്തം ചൂണ്ടിക്കാട്ടി.

തികഞ്ഞ കലാമൂല്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു കവിത വായിച്ചിട്ട് "ഇതിൽ സാമൂഹ്യപ്രതിബദ്ധത എവിടെ" എന്ന് ചോദിക്കുന്നവനാണ് മാർക്സിസിസ്റ്റ് നിരൂപകൻ എന്ന ആക്ഷേപത്തിനുള്ള മറുപടിയാണിത്. പുരോഗമനാത്മകമല്ലാത്ത കല, അത് എത്രത്തോളം കലാമൂല്യങ്ങൾ ഉൾക്കൊള്ളുന്നുണ്ടെങ്കിലും മഹത്തരമല്ല എന്ന് പറയേണ്ടതായിട്ടുണ്ട്.

ഉന്നതി പ്രാപിക്കുന്ന വർഗ്ഗത്തിൻെറ താൽപ്പര്യങ്ങളും ആവശ്യകതയും ആവിഷ്ക്കരിക്കാൻ കലാകാരൻ കടപ്പെട്ടവനാണ് എന്നും അധഃപതിക്കുന്ന വർഗ്ഗത്തിൻെറ പ്രതിനിധികൾക്ക് ജീർണ്ണിച്ച കലയല്ലാതെ ഒന്നും സൃഷ്ടിക്കാനാകില്ല എന്നും മാർക്സിയൻ കലാചിന്തകർ കരുതി.

ഈയിടെ നമ്മുടെ ഭാഷയിൽ വീണ്ടും ചർച്ചാവിഷയമായ, വിവാദങ്ങളുണ്ടാക്കിയ ഒരു നിലപാടാണിത്. ഇതിന് ഒരു തിരുത്ത് കൊടുക്കാവുന്നത് പുരോഗമനാത്മകത കലാകാരൻ ബോധപൂർവ്വം സൃഷ്ടിക്കുന്നതാകണമെന്നില്ല എന്നതാണ്. ഇതിനുദാഹരണമായി മാർക്സ് ബൽസാക്കിനെയും, ലെനിൻ ടോൾസ്റ്റോയിയേയും ചൂണ്ടിക്കാട്ടിയിരുന്നു. ആശയപരമായി തികഞ്ഞ പിന്തിരിപ്പൻ ആയിരുന്ന ടോൾസ്റ്റോയിയുടെ കൃതികൾ പക്ഷേ പുരോഗമന പരമായിരുന്നു. ബൽസാക്കിൻെറ കാര്യത്തിലും ഇത് തന്നെയാണ് സംഭവിച്ചത്.



മാർക്സിയൻ കാഴ്ചപ്പാടനുസരിച്ച് സാമുദായിക ബന്ധങ്ങൾക്ക് ഏറ്റവും യോജിച്ച കലാരൂപം റിയലിസമാണ്, ശരിയായ രൂപവും.

കലാരൂപങ്ങൾ അനുദിനം മാറിക്കൊണ്ടിരിക്കുകയാണ്. ആധുനികത മരിക്കുകയും ആധുനികോത്തരത വരികയും ചെയ്യുന്നു. വീണ്ടും അതും വഴിമാറിക്കൊടുക്കുന്നു. ഈ രചനാസിദ്ധാന്തങ്ങളുടെ പ്രളയത്തിനിടയിൽ സുരക്ഷിതനായ ഒരു വായനക്കാരൻ തൻെറ വായനാരീതിയെ അനുദിനം പരിഷ്ക്കരിക്കുന്നുണ്ടാകും. പക്ഷേ, അങ്ങനെയല്ലാത്ത ഒരു വായനക്കാരനെ സംബന്ധിച്ചിടത്തോളം ഏറ്റവും ആസ്വാദ്യമായ രൂപം റിയലിസം തന്നെയാണ്. ഭൂരിപക്ഷം വായനക്കാരും അശിക്ഷിതരാണല്ലോ.

ഇത്രയും പറഞ്ഞുകൊണ്ട്, മലയാളസാഹിത്യം മലയാളിയിൽ ഉണ്ടാക്കിയെടുക്കുന്നത് ഒരുതരം നെഗറ്റീവ് ഇഫക്ട് ആണെന്ന് കരുതരുത്. ഒ.വി. വിജയനോ, മുകുന്ദനോ അല്ല ഇന്നിൻെറ സാഹിത്യത്തെ പ്രതിഫലിപ്പിക്കുന്നത്. അങ്ങനെ വിളിക്കപ്പെടാൻ അർഹതയുള്ളവർ ആനന്ദിനെപ്പോലുള്ള സാഹിത്യകാരൻമാരാണ്. ഈ പ്രസ്ഥാനവേലിയേറ്റങ്ങൾക്കിടയിലും സ്വന്തം തനിമ കാത്തുസൂക്ഷിക്കാൻ കഴിഞ്ഞ ഒരു എഴുത്തുകാരനാണ് ആനന്ദ്. അതുകൊണ്ടാണ് മാനവികതയിൽ മരുഭൂമികൾ ഉണ്ടാകുന്നതെങ്ങനെയെന്ന് മലയാളിയെ പഠിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞത്. 'ആൾക്കൂട്ടം' പോലൊരു നോവൽ മലയാള സാഹിത്യത്തിലുണ്ടായതും മറ്റൊരു കാരണംകൊണ്ടല്ല.

വായനക്കാരൻ വായിക്കാൻമാത്രം വിധിക്കപ്പെട്ടവനാണ് എന്ന ധാരണയിൽനിന്ന് വ്യത്യസ്തമായി വായനക്കാരനെ ചിന്തിക്കാൻ പ്രേരിപ്പിക്കുക എന്നതാണ് സാഹിത്യകാരൻെറ കടമ എന്ന ചരിത്ര നിയോഗം തിരിച്ചറിഞ്ഞ ആനന്ദിനെപ്പോലെയുള്ള എഴുത്തുകാർ നമ്മുടെ ഭാഷയിൽ കുറവാണെന്ന് പറയേണ്ടിയിരിക്കുന്നു.

## തെരുവിൽ......

പോരാട്ടങ്ങൾ ഒരു കാലത്തും നിലക്കുന്നില്ല. ചരിത്രത്തെ തിരുത്തിക്കുറിക്കാനുള്ള നിശ്ചയദാർഢ്യത്തോടെ രണഭൂമികളെ പ്രകമ്പനം കൊള്ളിച്ചുകൊണ്ട് നവതലമുറ അത്ഭുതങ്ങൾ സൃഷ്ടിക്കുകതന്നെ ചെയ്യും. വിപ്ലവ ചിന്തയും കലാപബോധവുമായി കാമ്പസുകളിൽ അഗ്നിപടർത്തുന്ന വിദ്യാർത്ഥികളെ കാലവും ജനതയും ഉറ്റുനോക്കുകയാണ്.

കറുത്ത നീതി നടപ്പിലാക്കപ്പെടുമ്പോൾ പോരാട്ടത്തിൻെറ വഴി തെരഞ്ഞെടുക്കേണ്ടത് വർത്തമാനകാലത്തിൽ ജീവിക്കാനുള്ള അർഹതയാകുന്നു. രക്തനക്ഷത്രാങ്കിത ശുഭ്രപതാകക്ക് കീഴിൽ കൂടുതൽ തീക്ഷ്ണമായ പോരാട്ടത്തിന് തയ്യാറെടുക്കാൻ എസ്.എഫ്.ഐ. വിദ്യാർത്ഥി സമൂഹത്തോട് ആഹ്വാനം ചെയ്യുന്നു.

HOTEL
THUSHARA
NEAR . T.K.M.C.E
KARICODE

# മണിമുഴങ്ങുന്നു!!

ഗണേഷ് ലാൽ
II A2

മണി മുഴങ്ങുന്നു; യാത്രയ്ക്ക് നേരമായ്,
സ്ഫടികാരമലറുന്നു.
ഓർമ്മതൻ മരണ മഞ്ചവും പേറിയീ
പഴയൊരില്ലത്തിൻെറ
മുറിവിട്ടിറങ്ങുന്നു....
തമ്മിൽ മംഗളം ചൊല്ലുന്നു നമ്മൾ.
ഇനി മറക്കാം....
നമ്മൾ നുണഞ്ഞോരാമധുരവും
വ്യഥയും വ്യാമോഹവും
ഇനി നടക്കാം....
ഈ ശവഘോഷയാത്രയിൽ
മൂകരായ് പങ്കുകൊണ്ടീടാം, മുന്നിൽ
ഇരുളാണ്ടൊരീവഴിയും ശൂന്യം, യെന്നിൽ
തപം നീറുമീ മനവും ശാന്തം

ഓർക്കുന്നുവോ....
പണ്ടൊരീയില്ല മുറ്റത്തുനാം
ആതിരചമച്ചതും കോലങ്ങൾ തീർത്തതും
ഒഴിഞ്ഞോരീക്കോലായിൽ ചാരം പൊടിഞ്ഞതും
പൂരം പിന്നെതു മറിഞ്ഞില്ലേ....
ലഹരി തൻ തീരാക്കയങ്ങളിൽ നീന്തിതുടിച്ചതും
കണ്ണീർ കനിഞ്ഞതും, ചുണ്ടുകൾ ചിരിച്ചതും
കാമങ്ങളിൽ വിഷസർപ്പം കടിച്ചതും
സന്താപജ്വാലകളെരിഞ്ഞതും നമ്മളാ
ശാപകാലത്തിൻ കണക്കുകൾ കോർത്തതും
സാന്ത്വനചിന്തുകൾ പൊട്ടുന്നതും കാത്ത്
മൂകരായ് നമ്മളാ തീരത്തിരുന്നതും
എല്ലാം മറക്കാം
ഒക്കെ മറവിതൻ താളുകളിൽ
മാറ്റി പകർത്താം.
വിറയാർന്നൊരീ വിരൽത്തുമ്പിനാൽ ഞാൻ കോറും
ഓർമ്മക്കുറിപ്പുകൾ, മൂഢത്വവാക്കുകൾ
പ്രാണനിലുറഞ്ഞ വിശ്വാസങ്ങൾ, യെൻെറ
പ്രാണൻ കവർന്ന നിശ്വാസങ്ങൾ
മറവിതൻ കുപ്പയിൽ സൂക്ഷിക്കെയൊരുനാൾ
എൻ മൃതിവൃത്താന്തവും പേറി നിൻ
വാതായനങ്ങളിൽ വായു വെത്തുമ്പോൾ
ചികഞ്ഞെടുത്താച്ചീള് മടിയിലേറ്റി, പിന്നെ



പിടയുമാത്മാവിനോട് മൊഴിയേണം
കൂട്ടുകാരാ, നീയെൻെറ നിഴലായിരുന്നെന്ന്
നിഴലിൻ നിലയ്ക്കാത്തൊരുയിരായിരുന്നെന്ന്
സല്ലപിക്കാനില്ല നേരമെൻ ദുഃഖമേ
മണിമുഴങ്ങുന്ന കേട്ടില്ലേ! അങ്ങകലെ
മറവിതൻ പുറംമ്പോക്കിൽ
ഓർമ്മക്ക് ചിതകുറിക്കുന്നുണ്ട് കർമ്മികൾ
കാലമാം മുമ്പേയീ പിണ്ഡമങ്ങൊത്തണം
കണ്ണീരിനാലെയുദകം കുഴയ്ക്കണം

അസ്ഥിത്വമുട്ടികളടുക്കണം, ഓർമ്മതൻ
അസ്ഥി പൊട്ടുന്നതും കണ്ടുനിന്നീടണം
ചെങ്കനൽ ചുറ്റിലീചെഞ്ചോര വറ്റവേ
വിടകൊള്ളണം; വിദൂരത്ത്
വഴിക്കണ്ണും കൊളുത്തിയേറയായ്
കാക്കുന്നൊരമ്മയെ കാണണം
കമ്പിളിചുറ്റിൽ തണുപ്പിനെകൊല്ലുന്നൊ-
രമ്മക്കുവേണ്ടിയാ-
രാമായണത്തിൻെറ താളുകൾ താണ്ടണം
ഇനിയിറങ്ങട്ടെ, ദൂരെ സൂര്യനാഴ്ന്നല്ലോഓ...
ഇനി നടക്കട്ടെ, താണ്ടുവാനേറയുണ്ടല്ലോ....
മണിമുഴങ്ങുന്നു 'ഓർമ്മതൻ മരണമായ്'
ഫ്ലടികാരമലറുന്നു.....



# സാമ്പിൾ സർവേ 1992-93

ഈ കോളേജിലെ ബഹുഭൂരിപക്ഷം വരുന്ന വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് കോളേജ് യൂണിയൻസാമ്പിൾസർവേ നടത്തുകയുണ്ടായി. ഗൗരവമേറിയ 30 ചോദ്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സർവ്വേയിലൂടെ സാമ്പിൾ സർവ്വേക്കമ്മിറ്റി അറിയുവാൻ ആഗ്രഹിച്ചരുന്നത് വിദ്യാർത്ഥികൾക്ക് നേരിട്ടറിയാൻ കഴിയുന്ന സാമൂഹ്യപശ്ചാത്തലത്തെക്കുറിച്ചുള്ള പ്രതികരണമായിരുന്നു. ഈ സർവ്വേയിൽ പങ്കെടുത്ത ബഹുഭൂരിപക്ഷം വിദ്യാർത്ഥികളും അർഹിക്കുന്ന പ്രാധാന്യത്തോടെ പ്രതികരിച്ചപ്പോൾ ഇതൊരു തമാശയായി കണ്ടവരും കുറച്ചല്ല. ഈ സർവ്വേ ഫാറം വാങ്ങി വീട്ടിൽകൊണ്ടുപോയി സുരക്ഷിതമായി സൂക്ഷിച്ചുവച്ചിരിക്കുന്ന ചിലരെങ്കിലും ഉണ്ട് എന്ന് അറിഞ്ഞതിൽ ഈ കമ്മിറ്റിക്ക് ഖേദമുണ്ട്. ഭൂരിപക്ഷം വിദ്യാർത്ഥികളും പേരു വെളിപ്പെടുത്തിയപ്പോൾ സദ്ദാംഹുസൈൻ, സുകുമാരക്കുറുപ്പ് ഹനുമാൻ എന്നിങ്ങനെ പേരുള്ള കുറച്ച് വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടെന്ന് അവകാശപ്പെടുന്നു. സമ്പൂർണ്ണസാക്ഷരത നേടിയ നമ്മുടെ നാട്ടിലെ കലാലയത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സർവ്വേഫാറം പൂരിപ്പിച്ചതിൽ അക്ഷരത്തെറ്റുകൾ കടന്നുകൂടിയതിൽ ഈ കമ്മിറ്റി ദുഃഖിക്കുന്നു. സർവ്വേയിൽ ഒന്നാമതായി ഉൾപ്പെടുത്തിയ ചോദ്യം നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തോട് യോജിപ്പുണ്ടോ എന്നുള്ളതാണ്. ഭൂരിപക്ഷം വിദ്യാർത്ഥികളും വിയോജിപ്പ് പ്രകടിപ്പിച്ചപ്പോൾ കുറേപ്പേർ യോജിപ്പ് പ്രകടിപ്പിച്ചു. ചിലർ പ്രതികരിച്ചിട്ടില്ല. വിദ്യാഭ്യാസ സമ്പ്രദായംതന്നെ നിർത്തലാക്കണമെന്ന അഭിപ്രായം ഉള്ളവരും ഈ കാമ്പസിൽ ഇല്ലാതില്ല. സമരസമ്പൂർണ്ണവും പരീക്ഷാരഹിതവുമായ വിദ്യാഭ്യാസ സമ്പ്രദായം രൂപപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട ഒരു വിദ്യാർത്ഥിയും ഈ കലാലയത്തിൽ പഠിക്കുന്നു. കലാലയ രാഷ്ട്രീയത്തോട് ഭൂരിപക്ഷം വിദ്യാർത്ഥികളും യോജിപ്പ് പ്രകടിപ്പിച്ചപ്പോൾ ഒരു വിദ്യാർത്ഥി എല്ലാവിദ്യാർത്ഥികൾക്കും ഓരോ സംഘടനവേണമെന്നാവശ്യപ്പെട്ടു. മറ്റൊരു വിദ്യാർത്ഥി അദ്ധ്യാപക സംഘടനാപ്രവർത്തനത്തെക്കുറിച്ചുള്ള അഭിപ്രായംകൂടി സ്വരൂപിക്കണമെന്നാവശ്യപ്പെട്ടു.

ഏറ്റവും ഇഷ്ടപ്പെട്ട നേതാവായി ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാടിനെ തിരഞ്ഞെടുത്തപ്പോൾ ഇ.കെ. നയനാർ, വി.എസ്. അച്ചുതാനന്ദൻ, വി.പി. സിംഗ്, എ.കെ. ആൻറണി എന്നിവർ തൊട്ടുപിറകിലായി നിൽക്കുന്നു. കെ. കരുണാകരനെ ഇഷ്ടപ്പെടുന്ന രണ്ടു വിദ്യാർത്ഥിനികളും പ്രധാനമന്ത്രി നരസിംഹറാവുവിനെ ഇഷ്ടപ്പെടുന്ന ഒരു വിദ്യാർത്ഥിയും നമ്മുടെ കാമ്പസിൽ പഠിക്കുന്നു. മുഖ്യമന്ത്രിയും പ്രധാനമന്ത്രിയും തീർച്ചയായും ഈ വിദ്യാർത്ഥികളോട് അങ്ങേയറ്റം കടപ്പെട്ടിരിക്കുന്നു. ഇഷ്ടപ്പെട്ട വിദ്യാർത്ഥിനേതാവായി എസ്.എഫ്.ഐ. സംസ്ഥാനസെക്രട്ടറി എ. പ്രദീപ്കുമാറിനെയാണ് കൂടുതൽ വിദ്യാർത്ഥികൾ നിർദ്ദേശിച്ചിട്ടുള്ളത്. യു.പി. ജോസഫ്, കെ.എൻ. ബാലഗോപാൽ, കെ.സി. വേണുഗോപാൽ എന്നിവർ തൊട്ടടുത്ത സ്ഥാനങ്ങളിൽ നിൽക്കുന്നു. നാസർ, ജയകുമാർ, അക്ബർ, നസീർ എം, ഹരിലാൽ, ഷാബു, സുനിൽ.കെ.പി. എന്നിവരെയും ഒട്ടനവധി വിദ്യാർത്ഥികൾ വിദ്യാർത്ഥിനേതാവായി സർവ്വേയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

തങ്ങൾ ഇഷ്ടപ്പെടുന്ന വിദ്യാർത്ഥിസംഘടനയായി പുരോഗമന വിദ്യാർത്ഥിപ്രസ്ഥാനമായ എസ്.എഫ്.ഐ-യെ തെരഞ്ഞെടുത്തപ്പോൾ കെ.എസ്.യു, എ.ഐ.എസ്.എഫ്, പി.എസ്.യു, എം.എസ്.എഫ്, എ.ബി.വി.പി. എന്നീ സംഘടനകളെ ഇഷ്ടപ്പെടുന്നവരും ഉണ്ട്. വാസു എന്ന സംഘടനയെ ഇഷ്ടപ്പെടുന്ന ഒരു ഒന്നാംവർഷ പ്രീഡിഗ്രി വിദ്യാർത്ഥിനിയും സർവേയിൽ പങ്കെടുത്തിട്ടുണ്ട്.

ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ ഇഷ്ടപ്പെടുന്ന സിനിമാ



നടനായി മലയാള സിനിമയിലെ മെഗാസ്റ്റാർ മമ്മൂട്ടിയെ തി
ഞ്ഞെടുത്തപ്പോൾ മോഹൻലാൽ ഇന്നസെൻറ് എന്നിവർ തൊട്ട
പിറകിൽ നിൽക്കുന്നു. ക്യാൻറീൻമാമായെ ഇഷ്ടപ്പെട്ട സിനിമ
നടനായി നിർദ്ദേശിച്ച ചില വിദ്യാർത്ഥികളും നമ്മുടെ ക്യാമ
സിൽ ഉണ്ടെന്നറിഞ്ഞതിൽ കമ്മിറ്റി അത്ഭുതപ്പെടുന്നു. ഇഷ്ടപ്പെ
നടിയായി ഗൗതമിയെ നിർദ്ദേശിച്ചപ്പോൾ ഉർവ്വശി, പാർവ്വതി തു
ങ്ങിയവർ തൊട്ടുപിറകിൽ നിൽക്കുന്നു. സിൽക്ക് സ്മിതയെ ഇഷ്
പ്പെട്ട നടിയായി കാണുന്ന വിദ്യാർത്ഥികൾ നമ്മുടെ കാമ്പസി
ഉണ്ട് എന്ന് കമ്മിറ്റിക് ബോധ്യമായി. ഇഷ്ടപ്പെട്ട സിനിമയായ
പപ്പയുടെ സ്വന്തം അപ്പൂസിനെ തെരഞ്ഞെടുത്തപ്പോൾ സർഗ്ഗം
ഗോഡ്ഫാദർ എന്നീ സിനിമകൾ ഇഷ്ടപ്പെട്ടവരും ഉണ്ട്. ഇഷ്ട
പ്പെട്ട സംവിധായകനായി കൂടുതൽപേരും അടൂർ ഗോപാലകൃ

ഷ്ണനെ നിർദ്ദേശിച്ചപ്പോൾ ഫാസിൽ, ഭരതൻ, സിബിമലയിൽ, ലെനിൻ രാജേന്ദ്രൻ, എന്നിവർ തൊട്ടുപിറകിലുണ്ട്. കെ.എസ്. ഗോപാലകൃഷ്ണനെ ഇഷ്ടപ്പെട്ടവരും ഇല്ലാതില്ല.

ഏറ്റവും കൂടുതൽ പേരും ഇഷ്ടപ്പെടുന്ന നിറം വെള്ളയാണ്. ചുവപ്പ്, നീല, പച്ച ഇവ ഇഷ്ടപ്പെടുന്നവർ നമ്മുടെ കാമ്പസിൽ ധാരാളമുണ്ട്.

നമ്മുടെ കോളേജിൽ ഭൂരിഭാഗം പേരുടേയും ഇഷ്ടപ്പെട്ട ആഹാരം ചോറും കറിയുമാണ്. ചപ്പാത്തിയും ഇറച്ചിയും ഇഷ്ടപ്പെടുന്നവരും ചിക്കൻ ബിരിയാണി ഇഷ്ടപ്പെടുന്നവരും ചീനിയും മീനും ഇഷ്ടപ്പെടുന്നവരും നമ്മുടെ കാമ്പസിൽ ഉണ്ട്. കാൻറീനിലെ പത്തിരിയും കടലയും ഇഷ്ടപ്പെടുന്നവരും ഉണ്ട്. തട്ടുദോശ ഇഷ്ടപ്പെട്ട ആഹാരമായി സ്വീകരിച്ച ഒരാളും സർവ്വേയിൽ പങ്കെടുത്തു. ബഹുഭൂരിപക്ഷം വിദ്യാർത്ഥികളും ഇഷ്ടപ്പെടുന്ന സാഹിത്യകാരനായി സുകുമാർ അഴീക്കോടിനെ നിർദ്ദേശിച്ചപ്പോൾ ഒ.എൻ.വി. കുറുപ്പ്, എം. ടി. വാസുദേവൻനായർ, വൈക്കം മുഹമ്മദ് ബഷീർ, തകഴി എന്നിവരെ നിർദ്ദേശിച്ചവരും കുറവല്ല. മാത്യു മറ്റത്തെ ഇഷ്ടപ്പെട്ട സാഹിത്യകാരനായി നിർദ്ദേശിച്ച ഒട്ടനവധി ഒന്നാംവർഷ പ്രീഡിഗ്രി വിദ്യാർത്ഥികളും സർവേയിൽ പങ്കെടുത്തു.

ഇഷ്ടപ്പെട്ട കായികതാരമായി ഭൂരിപക്ഷം വിദ്യാർത്ഥികളും കപിൽദേവിനെ തിരഞ്ഞെടുത്തപ്പോൾ ഷൈനി എബ്രഹാം എം. വിജയൻ, പാപ്പച്ചൻ എന്നിവർ തൊട്ടുപിറകിൽ നിൽക്കുന്നു. വിളനിലത്തെ ഇഷ്ടപ്പെടുന്ന കായികതാരമായി ഒരു വിദ്യാർത്ഥി നിർദ്ദേശിച്ചപ്പോൾ മറ്റൊരു വിദ്യാർത്ഥിനിക്ക് ഇഷ്ടപ്പെട്ട കായികതാരം ബോട്ടണിയിലെ മാധവയണ്ണനാണ്.

ഭൂരിപക്ഷം വിദ്യാർത്ഥികളും ഇഷ്ടപ്പെടുന്ന വേഷം പാൻറും ഷർട്ടും, സാരിയും ബ്ലൗസുമാണ്. ചുരിദാർ, മുണ്ടും ഷർട്ടും ഇഷ്ടപ്പെടുന്നവരും നിക്കറും ഉടുപ്പും ഇഷ്ടപ്പെടുന്ന ഒരു പ്രീഡിഗ്രി വിദ്യാർത്ഥിയും നമ്മുടെ ക്യാമ്പസിലുണ്ട്. ഇതേവരെ യാതൊരു വസ്ത്രം ധരിച്ചിട്ടില്ലാത്ത ഒരു വിദ്യാർത്ഥിയും ഇതെല്ലാം ഉപേക്ഷിച്ച് വസ്ത്രങ്ങളില്ലാത്ത ഒരു ലോകം സ്വപ്നം കാണുന്നവരും നമ്മുടെ കാമ്പസിൽ ഉണ്ട് എന്നറിഞ്ഞതിൽ ഈ കമ്മിറ്റിക്ക് കൗതുകം ജനിപ്പിക്കുന്നു.

ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ ഇഷ്ടപ്പെടുന്ന വിനോദം വായനയാണ്. സംഗീതം ആസ്വദിക്കുന്നത് ഒരു വിനോദമായി തെരഞ്ഞെടുക്കുന്നവരും ധാരാളമുണ്ട്. ചീട്ടുകളി, കാൻറീനിലെ മോതകം മോഷ്ടിക്കുക ഇവയൊക്കെ വിനോദമായി കാണുന്നവരും ആൺകുട്ടികളെ കമൻറടിക്കുക പ്രേമിക്കുക ഇവയൊക്കെ വിനോദമായി കാണുന്നവരും നമ്മുടെ കാമ്പലിസുള്ളപ്പോൾ വിദ്യാർത്ഥികൾ ഇത്തരക്കാരെ പ്രത്യേകം ശ്രദ്ധിക്കണം എന്നൊരു സൂചനമാത്രം ഈ സർവ്വേക്കമ്മിറ്റി തരുന്നു.

സ്ത്രീധന സമ്പ്രദായത്തോട് ഭൂരിഭാഗം വിദ്യാർത്ഥികളും വിയോജിപ്പ് പ്രകടിപ്പിച്ചപ്പോൾ അനുകൂലിക്കുന്നവരും കുറവല്ല. അഡ്വാൻസായി കുറെകാശ് ഇപ്പോൾ കിട്ടിയാൽ കൊള്ളാം എന്നഭിപ്രായമുള്ള ഒരു ഫസ്റ്റ് ഇയർ പ്രീഡിഗ്രീ വിദ്യാർത്ഥിയും ഉണ്ട്. സ്ത്രീതന്നെ ധനമല്ലേയെന്ന് ചോദിച്ച വളരെയധികം വിദ്യാർത്ഥിനികൾ ഉള്ളപ്പോൾ പുരുഷധനം കിട്ടിയാൽ കൊള്ളാമെന്ന് അഭിപ്രായപ്പെട്ട ഒരു വിദ്യാർത്ഥിനിയുമുണ്ടെന്ന് കമ്മിറ്റി മനസ്സിലാക്കുന്നു.

ഭൂരിഭാഗം കൂട്ടുകാരും പ്രേമവിവാഹത്തോട് താൽപ്പര്യം പ്രകടിപ്പിക്കുമ്പോൾ വിയോജിക്കുന്നവരും കുറവല്ല. പ്രേമിക്കുന്നവരെ തെരഞ്ഞെടുത്ത് പ്രേമവിവാഹത്തിൻെറ മഹത്വത്തെക്കുറിച്ച് ഒരു സെമിനാർ സംഘടിപ്പിക്കുവാൻ പ്രിൻസിപ്പാൾ തയ്യാറാകണം ഇല്ലെങ്കിൽ ശക്തമായ സമരം സംഘടിപ്പിക്കും എന്ന് മുന്നറിയിപ്പ് നൽകുന്ന ഒരു വിദ്യാർത്ഥിയും നമ്മുടെ കോളേജിലുണ്ട്. ഈ കലാലയത്തിൽ കൂടുതൽ കൂട്ടുകാരും ഇഷ്ടപ്പെടുന്ന ദിന



പത്രം കേരള കൗമുദിയാണ്. ദേശാഭിമാനി, മനോരമ, മാതൃഭൂമി, വീക്ഷണം തുടങ്ങിയവ ഇഷ്ടപ്പെടുന്നവരും ഉണ്ട്. വായന കമ്മിറ്റിയാണെന്നഭിപ്രായപ്പെടുന്ന വിദ്യാർത്ഥികളും കുറവല്ല.

കുടുംബത്തിൻെറ വാർഷിക വരുമാനം എത്രയെന്ന് അറിഞ്ഞുകൂടാത്തവരാണ് ഭൂരിഭാഗവും. യാതൊരു വരുമാനവും ഇല്ലാത്ത ഒരു കുടുംബത്തിൽനിന്ന് ഒരാളും, കുടുംബവും വരുമാനവും ഇല്ലാത്ത ഒരാളും കോളേജിലെത്തുന്നു എന്നതറിഞ്ഞതിൽ ഈ കമ്മിറ്റിക്ക് ദുഃഖമുണ്ട്.

ബഹുഭൂരിപക്ഷം വിദ്യാർത്ഥികളും യാത്രചെയ്യുന്ന വാഹനം ബസ്സാണ്. കാൽനടയായി കോളേജിൽ എത്തുന്നവരും ടൂവീലറിൽ എത്തുന്നവരും കുറവല്ല. കാളവണ്ടിയിൽ കോളേജിൽ എത്തുന്ന ഒരു വിദ്യാർത്ഥിയുണ്ടെന്ന് ഈ കമ്മിറ്റിക്ക് ബോധ്യമായപ്പോൾ ഈ ആത്മബന്ധത്തിനുള്ളിൽ ഒളിഞ്ഞുകിടക്കുന്ന ഗൗരവം ഈ കമ്മിറ്റി വേണ്ടിവന്നാൽ പരിശോധിക്കും.

നമ്മുടെ കോളേജിൽ ക്യാൻറീനെക്കുറിച്ചുള്ള അഭിപ്രായം സമ്മിശ്രപ്രതികരണം ഉണ്ടാക്കി. പെൺകുട്ടികൾ കൂടുതൽപേരും കാൻറീനിൽപോകാറില്ല എന്ന സത്യം ഈ കമ്മിറ്റി മനസ്സിലാക്കുന്നു. കാൻറീനിലെ പത്തിരിയുടെ വലുപ്പം ദിവസംതോറും കുറഞ്ഞുവരുന്നുണ്ടോ എന്ന് ഒരു വിദ്യാർത്ഥി സംശയം പ്രകടിപ്പിച്ചപ്പോൾ ക്യാൻറീൻ ഒരു ദുരിതബാധിതപ്രദേശമായി പ്രഖ്യാപിക്കണമെന്ന് ഒരു കുട്ടി അഭിപ്രായപ്പെട്ടു.

ലൈബ്രറി ഈ കോളേജിൽ എവിടെയാണ് പ്രവർത്തിക്കുന്നത് എന്ന് അറിഞ്ഞുകൂടാത്തവരും നമ്മുടെ ക്യാമ്പസിലുണ്ട്. ലൈബ്രറിയിൽ ഉറങ്ങാനുള്ള സംവിധാനം വേണമെന്ന് ചിലർ ആവശ്യപ്പെടുമ്പോൾ ലബോറട്ടറിയിൽ കൃത്യമായി വെള്ളം ഇല്ലാത്തത് ചൂണ്ടിക്കാണിക്കുവാൻ ധാരാളമുണ്ട്.

ഭൂരിപക്ഷം വിദ്യാർത്ഥികളും അദ്ധ്യാപകര വിദ്യാർത്ഥിബന്ധം മെച്ചപ്പെടേണ്ടതുണ്ടെന്ന് അഭിപ്രായപ്പെട്ടപ്പോൾ, അദ്ധ്യാപക-വിദ്യാർത്ഥിബന്ധത്തെക്കുറിച്ച് നല്ല അഭിപ്രായം രേഖപ്പെടുത്തിയവരും അദ്ധ്യാപകരും വിദ്യാർത്ഥികളും സമാന്തരരേഖപോലെ കൂട്ടിമുട്ടാതെ പോകണമെന്ന് പറഞ്ഞവരും കുറവല്ല.

കേരളത്തിലെ ഭരണത്തെക്കുറിച്ച് ആരാഞ്ഞപ്പോൾ മോശം എന്ന് അഭിപ്രായപ്പെടുന്നവരാണ് ഭൂരിഭാഗവും. കേരളത്തിലെ ഭരണം ക്ലിഫ് ഹൗസിലെ കുളത്തിനടിയിൽ ആയിപ്പോയി എന്ന് അഭിപ്രായപ്പെടുമ്പോൾ മുഖ്യനെ മാറ്റണം എന്ന് അഭിപ്രായപ്പെ

To 62

*With Best Compliments From:*

# പനോരമ

**ആശുപത്രിമുക്ക്, കുണ്ടറ**

ക്ലാസ്സുകൾ: പ്രീഡിഗ്രി, ഡിഗ്രി

(പാരലൽ, ട്യൂഷൻ, സെഷൻ)

---

*With Best Compliments From:*

## Institute of Arts & Science
## (IAS)

**Karicode**

an Educational institution for college class only. (Pre-dgree, Degree and P.G. class) the biggestofits kind with highly qualified and well-experienced lecturers, imparting pedagogically accepted method of teaching.

Director

---

*With Best Compliments From:*

## compro

Institute of Computer Education

*Courses Offered:*

DCOM
DCA
DCAM
ACSA
PGDCA

*Certificate courses on:*
Autocad, Windows, Excel, M.S. word, F oxpro, Clipper etc., etc..

Near S.N. College
Kollam

# ലോകം അവസാനിക്കുന്നു!

ഷെമീർ ഷാ ഖാൻ
II C1

രാവിലെ പത്രം വന്നത് തുറന്നു നോക്കി
അതെ, ലോകം അവസാനിക്കുന്നു!
നാളെ രാത്രി 12-ന് ലോകമവസാനിക്കുന്നു!
റേഡിയോ ഓൺ ചെയ്തു
പ്രധാന വാർത്തയിൽ ലോകം അവസാനിക്കുന്നു.
നാളെ രാത്രി 12-ന്
ടി.വിയും വച്ചു നോക്കി
അതിലും ലോകമവസാനിക്കുന്നു
അതെ ലോകം അവസാനിക്കുന്നു!

നാളെ രാത്രി കൃത്യം 12 നാണവസാനം
എങ്ങനെയാണെന്നറിയില്ല
ഭൂകമ്പമോ, ചുഴലിക്കാറ്റോ, ഇടിമിന്നലോ
തീമഴയോ, വെള്ളപ്പോക്കമോ
അതോ ഭൂമി മുഴുവനായുള്ള പൊട്ടിത്തെറിയോ
അതോ എല്ലാം ഒരുമിച്ചോ?
എങ്ങനെയെന്നറിയില്ല
പക്ഷേ, ലോകം നാളെ അവസാനിക്കും അത് തീർച്ച.

പ്രാർത്ഥനകൾ ഇനി ഫലിക്കില്ല
മത പണ്ഡിതൻമാർ അരുളി.
കുമ്പസാരവുമേൽക്കില്ല, തൗബയും
പൊറുക്കലിൻെറ കവാടം അടച്ചൂ ദൈവം
ഇനി പൊറുക്കിലൊന്നുമദ്ദേഹം.
ഇനി നാമെന്തു ചെയ്യും?
പാപികൾ അലറി വിളിച്ചു.
പക്ഷേ, ഒന്നു തീർച്ച
നാളെ ലോകമവസാനിക്കുന്നു.

ക്ലിൻറണുമോഹം, ഇന്നുതന്നെ അവസാനിപ്പിച്ചാലോ എല്ലാം
അദ്ദേഹം ബോംബുകൾ ഒന്നൊന്നായി തടച്ചുവച്ചു.

നരസിംഹനാശ്വാസം
ഇനി ഈ ഭരണമൊന്നു നിർത്താമല്ലോ.
കരുണനു ദുഃഖം
കസേര പോകുമല്ലോ.
എന്നാൽ, മദർ തെരേസ പ്രാർത്ഥിക്കുന്നു
ലോക ജനതയ്ക്ക് വേണ്ടി പ്രാർത്ഥിക്കുന്നു
അതെ, നാളെ ലോകം അവസാനിക്കാൻ പോകുകല്ലേ.

മണി ഇപ്പോൾ പതിനൊന്നേ മുക്കാൽ
കാൽ മണിക്കൂർ മാത്രം
കുട്ടികൾ ഒന്നുമറിയാതെ നിശബ്ദരായി ഉറങ്ങുന്നു.
വൃദ്ധർക്ക് സന്തോഷം
പെട്ടെന്നങ്ങെത്താമല്ലോ
പക്ഷേ, മദ്ധ്യവയസ്ക്കർക്കും യുവാക്കൾക്കും ഭയം
അവർ ഉറങ്ങുന്നില്ല.
കുത്തിയിരിക്കുന്നു.
മിണ്ടുന്നില്ല.
ആലോചിക്കുന്നു, ഇന്നലകളെക്കുറിച്ച്
വരാത്ത നാളെകളെക്കുറിച്ച്
ഇതിനിടയിൽ പലരും,
അവരുടെ അവസാന ആഗ്രഹങ്ങൾ സാധിക്കുന്നു.
അതെ നാളെ ലോകം അവസാനിക്കാൻ പോകയല്ലേ.

മണി കൃത്യം പന്ത്രണ്ട്
ഒരനക്കവുമില്ല.
നേരിയ തണുത്ത കാറ്റുമാത്രം
സമയം വീണ്ടുമിഴഞ്ഞു നീങ്ങുന്നു.
ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച്, ആറ്
പതിവുപോലെ സൂര്യനുദിക്കുന്നു.
കിളികൾ ചിലക്കുന്നു
മൃഗങ്ങൾ ഉണരുന്നു, കൂടെ പ്രകൃതിയും
എവിടെയും ആഹ്ലാദം, ഉത്സാഹം, ഉത്സവം
എല്ലാവരും ആടിതിമിർക്കുന്നു.
മദ്യഷാപ്പുകൾ നേരത്തെ തുറക്കുന്നു, കാലുകൾ കുഴയുന്നു.
ലോകനേതാക്കൾ ജനങ്ങൾക്കാശംസകൾ അർപ്പിക്കുന്നു.
ലോകം അവസാനിച്ചില്ല
അതെ, ലോകം അവസാനിച്ചില്ല.
പക്ഷേ, ഒന്നു തീർച്ച
ലോകം എന്നെങ്കിലുമവസാനിക്കും.
തീർച്ച, അത് തീർച്ച.



‘കഠിന സമരകാലമിന്നു
തലകൊടുത്തിടുന്നു ഞങ്ങൾ
കരകയാണു ഞങ്ങളിൽ
യുഗമിതിൻ വിമോചനം.
ജനനി തൻെറ ശ്യാമളാഞ്ച
ലത്തിലുജ്ജ്വലാഭിമാന
നയനനീർ നിറച്ചിടുന്നു
ഞങ്ങൾ വിദ്യാർത്ഥികൾ.
‘ഞങ്ങൾ ബലം ഞങ്ങൾ ശക്തി
ഞങ്ങൾ വിദ്യാർത്ഥികൾ’.

— ക്വാസിനസ്‌റുൾ ഇസ്ലാം

# നിഴൽ



പ്രഭാതത്തിലെ നിഴൽ
എന്നിൽ നിന്നകലേക്കകലേക്ക്
പശ്ചിമാംബരത്തിലേക്കോടുന്നു
ഇന്നിൻെറ സത്യ് തേടി!
സ്നേഹം തേടി!!
ഉണർവുതേടി!!!
പായുന്നു നിഴൽ
മഞ്ഞുകണം വീണ ദർഭമുനയോടും
വീണുകിടക്കുന്ന നഷ്ടസ്വപ്നത്തോടും
ഒക്കയായി ഓടിനടന്നു ചോദിക്കയായി
എവിടെയാണിന്നിൻെറ സത്യം?
എവിടെയാണിന്നിൻെറ സ്നേഹം?
എവിടെയാണിന്നിൻെറ ഉണർവ്വ്?

കണ്ടില്ല കാണാൻ കഴിഞ്ഞില്ലീ-
വാഴ്‌വിലൊരിത്തിരി
സത്യവും സ്നേഹവും
ഒക്കെയൊരു പഴയ
സ്വപ്നംപോലെ
നിൽക്കുന്നതോർമ്മയിൽ വീണ്ടും.
മദ്ധ്യാഹ്നത്തിലാ നിഴൽ
വന്നെൻെറ പാദത്തെ
സ്പർശിച്ചു നിന്നു
ഉള്ളിലൊതുക്കിയ ഗദ്ഗദത്തോടെ
കാണാൻ കഴിയാത്ത
സത്യത്തെ സ്നേഹത്തെ
ഒക്കെ പറഞ്ഞു വിലപിച്ചു.
ഇത്തിരിനേരം പറഞ്ഞതെ-
ന്നോടായി ഓർമ്മയിലെ
പഴയൊരു കാഴ്ച.
ജ്യേഷ്ഠൻെറ രക്ഷയ്ക്കൊരനുജനും
കാന്തന് കൂട്ടായി കാന്തയും
കാട്ടിലേക്കന്ന് പോയപ്പോൾ
മനസ്സിലാ പ്രീയപത്നി
എത്ര പരിശുദ്ധ....
എന്നാൽ കിരീടം ശിരസാ-
വഹിച്ചപ്പോൾ
പരിശുദ്ധി തെളിയിക്കാൻ
കാന്തനുവീണ്ടുമൊര-
ഗ്നിപരീക്ഷണം വേണ്ടിവന്നു.
കൈവന്ന നേട്ടം
പരീക്ഷിക്കുവാൻ പണ്ട്
ഇരുവിട്ടു സന്യാസിമന്ത്രം
അന്ന് പിണങ്ങിയൊരാ
തെറ്റിൻെറ പ്രതീകമായി
നിൽക്കുന്നു! ആ മൂത്ത പുത്രൻ
അപ്പൊഴും മനസ്സിൻെറ
ഉള്ളിൽ പിടയ്ക്കുന്നു
എല്ലാം തകർത്തൊരഭിമാനം
പുത്രനെ ഓർത്തില്ല
മാതൃത്വസ്നേഹം മരിച്ചദേവി....

ആശതകർന്നിട്ടും
ദുഃഖത്തോടാ നിഴൽ
പൂർവ്വദേശത്തേക്ക് യാത്രയായി
പശ്ചിമഘട്ടത്തിൽ
കാണാൻ കഴിയാത്ത
സത്യത്തെ സ്നേഹത്തെ തേടി...
നാടിൻെറ സംസ്ക്കാരം
വിറ്റൊരാക്കാശിന്
നാവിൽ രസായനം
നാറുന്ന മർത്ത്യൻെറ
നാട്ടു പ്രസംഗവും
കേട്ടു കള്ളത്തരങ്ങൾ മറയ്ക്കുവാൻ
മാത്രമായി ശരണം
വിളികളുടെയൊച്ച
അറിയാതെ നിഴലൊന്നു
ചോദിച്ചുപോയി....
ശിലയിൽ തീർത്തൊരാ
ദൈവത്തിൻ കോലങ്ങൾ
മർത്ത്യൻെറ കരവിരുതല്ലേ?
ഇത്തിരികൂടി മുന്നോട്ടങ്ങു-
ചെന്നപ്പോൾ കണ്ടുപോയി
പാവമൊരു കാഴ്ച
പച്ചമാംസത്തിനു
വിലപറഞ്ഞെത്തുന്ന
പാവം കന്യാജനങ്ങൾ
കാമജ്വരംപൂണ്ട
കാട്ടാളമർത്ത്യൻ
വിലപേശി ദൂരേക്ക് കൊണ്ടുപോകുന്നു
ഇത്തരം കാഴ്ചകണ്ടെല്ലാം
തകർന്നൊരാനിഴലിന്നു
ഇരുളിൽ മറിഞ്ഞുവീഴുന്നു
ഇരുളിൽ മറിഞ്ഞുവീഴുന്നു.



**ഇരട്ടക്കുളങ്ങര ഉദയൻ**
രണ്ടാംവർഷ സസ്യശാസ്ത്രം



# ഓർമ്മയിലെ നിസ്വർ

ബിന്ദു. ജി. III BA

കല അലങ്കാര വസ്തുവല്ല ശത്രുവിനെ ആക്രമിക്കാനും ആക്രമണം ചെറുക്കുവാനുമുള്ള ആയുധമാണ്

-പിക്കാസോ-

ഓമൽ കൊളുപ്പിച്ച വാളുമായ്
പൊരുതും പോർക്കളവേള തൻ മാർഗം
ഇതോ ധരിത്രിതൻ പുരോഗതി
ഇതോ ധരിത്രിതൻ വാഗ്ദാനസ്വാദി

-ഉള്ളൂർ-

ഒരു വീട്ടിൽ ജനിച്ചവ ഓരമ്മതൻ മക്കൾ നമ്മൾ
ഒരിക്കാനിത്ര വിഷമമാണോ
നമ്മളൊരു ശുഭലോകം ചമച്ചതിൽ മനുഷ്യത്വം
നടമാടുന്നതും നോക്കിരസിക്കും നമ്മൾ

-ചങ്ങമ്പുഴ കൃഷ്ണപിള്ള-

നിങ്ങളെന്റെ കറുത്ത മക്കളെ ചുട്ടുതിന്നുന്നോ
നിങ്ങളവരുടെ നിറഞ്ഞ കണ്ണുകൾ ചൂഴ്ന്നെടുക്കുന്നോ
നിങ്ങൾ ഞങ്ങടെ കുടിമാടം കുളം തോണ്ടുന്നോ
നിങ്ങളോർക്കുക നിങ്ങളെങ്ങനെ നിങ്ങളായെന്ന്

-കടമ്മനിട്ട രാമകൃഷ്ണൻ-



ഉത്തരങ്ങൾ ജ്വലിച്ചുനിൽക്കുന്ന നമ്മുടെ ഇരുണ്ട ശിരസ്സുകളാൽ അവയതിക്കൊള്ള തുടച്ച് തുരങ്കങ്ങളത്ത് നമുക്ക് പോവുക.

-ഏണസ്റ്റോ ചെഗുവേര-

മൗനമെന്നാൽ മനുഷ്യന് മരണമെന്നർത്ഥം

-പാബ്ലോ നെരൂദ-

എരിയുന്ന ഭാരതത്തിലെ ആർത്തലക്ഷങ്ങൾ വരണ്ട തൊണ്ടയോടെ നിലവിളിക്കുന്നത് അപ്പത്തിന് വേണ്ടിയാണ്. അവർ അപ്പം ചോദിക്കുന്നു. നാം കല്ല് കൊടുക്കുന്നു. പട്ടിണി കിടക്കുന്നവർക്ക് മതം കൊടുക്കുന്നത് പരിഹാസമാണ്. പട്ടിണി കിടക്കുന്നവനെ തത്വജ്ഞാനം പഠിപ്പിക്കുന്നത് പരിഹാസമാണ്.

-സ്വാമി വിവേകാനന്ദൻ-

കാപട്യം നിറഞ്ഞ അസ്ഥിരതേ
നിന്റെ പേർ സ്ത്രീ എന്നാകുന്നു

-വില്യം ഷേക്സ്പിയർ-

മനുഷ്യന്റെ ബോധമല്ല അവന്റെ ചേതനയെ നിയന്ത്രിക്കുന്നത് നേരെ മറിച്ച് അവരുടെ സാമൂഹ്യചേതനയാണ് ബോധത്തെ നിയന്ത്രിക്കുന്നത്.

-കാറൽ മാർക്സ്-

വെളുത്ത വസ്ത്രവും നിറഞ്ഞ തീൻ മേശകളും സംഗീതം സൗന്ദര്യവും പഞ്ചേന്ദ്രിയങ്ങൾക്ക് അനുഭവിക്കാവുന്ന സമസ്ത സൗഖ്യങ്ങളും നിഷേധിക്കപ്പെടേണ്ടവയല്ല

അങ്ങനെ നിഷേധിച്ചാൽ മാത്രമേ കമ്യൂണിസ്റ്റാവൂ എന്ന് ഒരാചാര്യനും പറഞ്ഞിട്ടില്ല.

-മലയാറ്റൂർ രാമകൃഷ്ണൻ-

കഥ

# സ്കൂളിലേക്ക്

കനി എസ്. കലാം I A1

**നാ**ളെ സ്കൂൾ തുറക്കുന്നു.

ഒരു വേനലൊഴിവിൻെറ ഓർമ്മകളും പുതുപുലരിയുടെ സങ്കൽപ്പങ്ങളും മനസ്സിൽ വല്ലാത്ത ഒരവസ്ഥ സൃഷ്ടിച്ചിരിക്കുന്നു. ദുഃഖമോ, സന്തോഷമോ എന്ന് പറഞ്ഞറിയിക്കാൻ പറ്റാത്ത അവസ്ഥ. നാളെക്കൂടി വീട്ടിൽ നിൽക്കാൻ കഴിഞ്ഞെങ്കിൽ. ഉണ്ണി കട്ടിലിൽ ഉറക്കം കാത്ത് കിടക്കുകയായിരുന്നു. ചിന്നം ചിന്നം മഴ പെയ്യുന്നു. അച്ഛൻെറ മുറിയിൽ പ്രകാശം കെട്ടിരുന്നില്ല. ഉണ്ണി ഉറക്കത്തിലേക്ക് വഴുതിവീണു.

പുറത്ത് ശക്തിയായി മഴ പെയ്യുന്നു. ഉണ്ണി കതകിൻെറ മറവ് ചേർന്നുനിന്നു. അച്ഛൻ സ്വീകരണമുറിയിലിരിപ്പുണ്ട്. അമ്മ തളർന്ന സ്വരത്തിൽ പറഞ്ഞു:

"ദേ... ഉണ്ണി... ഉണ്ണി പറഞ്ഞത് കേട്ടോ..."

അച്ഛനൊന്നും മിണ്ടുന്നില്ല. ആ മുഖത്തെ ഭാവമെന്തെന്ന് വ്യക്തമല്ല. കുടയില്ലാതെ സ്കൂളിൽ പോകില്ല എന്ന് പറഞ്ഞതിന് ഒരുപക്ഷേ അച്ഛൻ തല്ലുമോ? അമ്മയുടെ മുഖം ഇരുണ്ടിരിക്കുന്നു. അവൻ ഇരുവരേയും മാറിമാറി നോക്കി. അവിടെ നിൽക്കാൻ കഴിയുന്നില്ല. മനസ്സിന് വല്ലാത്ത വേദന. അവൻ പിന്തിരിഞ്ഞു.

"ഉണ്ണിക്കുട്ടനിങ്ങുവന്നേ..."

തണുത്ത ശബ്ദത്തിൽ അച്ഛനാണ് വിളിച്ചത്. അവൻെറ തോളിൽ അച്ഛൻ തലോടി.

"ഉണ്ണിക്ക് കൊട വേണം?"

"ഉം."

അവൻ പുറത്തേക്ക് നോക്കി. പപ്പനും മാളുവുമൊക്കെ പുത്തൻ വർണ്ണകുടകളുമേന്തി സ്കൂളിലേക്ക് പോകുന്നു. അതു കണ്ടപ്പോൾ അച്ഛൻെറ മുഖം വാടിയെന്ന് തോന്നുന്നു. മഴ തകർത്തു പെയ്യുന്നു.

"നിന്നെ കുടകൂടാതെ സ്കൂളിലേക്കയക്കുന്നതിന് ഞങ്ങൾക്ക് വിഷമമില്ലാഞ്ഞല്ല..."

മഴയുടെ ഇരമ്പലിൽ അച്ഛൻെറ ശബ്ദം ഏറിയിറങ്ങി. കുട കിട്ടിയില്ലെന്ന് ഉറപ്പായി. അവൻ അമ്മയെ നോക്കി. അമ്മ കരയുന്നു. കുടയില്ലാതെ നനഞ്ഞ് തനിയ്ക്ക് പനി പിടിക്കും എന്ന് കരുതീട്ടല്ലേ അമ്മ കരയുന്നത്. അവൻ അമ്മയുടെ അടുത്ത് ഓടിയെത്തി.

"എന്തേ കരയണെ...? എന്തേ കുടയില്ലാത്തെ.....?"

"അമ്മേടെ ഉവ്വാവ മാറ്റാൻ പണം വേണ്ടേ..." അച്ഛനാണ് മറുപടി പറഞ്ഞത്. അവൻ കാര്യം ഗ്രഹിച്ചു. അമ്മയ്ക്ക് സുഖമില്ലാത്തതാണ്. അപ്പോഴും വഴിയിൽകൂടി കുടയുമേന്തി കുട്ടികൾ പോകുന്നുണ്ട്. അമ്മയുടെ സാരിത്തുമ്പില പിടിച്ചുകൊണ്ട് അവൻ യാന്ത്രികമായി പറഞ്ഞു:

"എനിക്ക് കുടവേണ്ട."

അമ്മ ചോദിച്ചു.

"പിന്നെ?"

"അമ്മ നോക്കിക്കോ..." എന്ന് പറഞ്ഞുകൊണ്ട് ബുക്കുകൾ ഉടുപ്പിൻെറ അടിയിൽ തിരുകിക്കൊണ്ട് അവൻ പുറത്തേക്ക് ചാടി. മഴയിലൂടെ ഊളിയിട്ടുനീങ്ങി. അമ്മ ഉണ്ണിയെന്ന് വിളിച്ച് കരയുന്നുണ്ട്. അപ്പോഴും അവൻ വിളിച്ചു പറഞ്ഞു: "എനിക്ക് കുടവേണ്ട..."

"എന്താ ഉണ്ണീ... എന്തിനാ കരഞ്ഞെ?" അച്ഛൻ അടുത്തു നിൽക്കുന്നു. താൻ കട്ടിലിൽതന്നെ. താനാകെ വിയർത്തിരിക്കുന്നു അവൻ പറഞ്ഞു.

"തൊപ്പിനം കണ്ടു."

അച്ഛനവൻെറ നെറ്റിയിൽ കൈവെച്ചുകൊണ്ട് പറഞ്ഞു.

"പനിക്കണുണ്ടല്ലോ... സാരമില്ല. എഴുന്നേൽക്ക് സ്കൂളിൽ പോണ്ടെ..."

അവൻ മേശപ്പുറത്തിരുന്ന പുത്തൻ കുടയെടുത്ത് നെഞ്ചോടടുപ്പിച്ചു.

അച്ഛൻ അവനെ കുളിപ്പിച്ചൊരുക്കി. പുസ്തകങ്ങളും കുടയുമേന്തി അവൻ ദൈവങ്ങളുടെ മുറിയിലേക്ക് നടന്നു. ആ മുറിയിലെ കണ്ണാടിച്ചില്ലുകളിൽ അവൻ തൊട്ടു. അതിനുള്ളിൽ തൻെറ അമ്മയുണ്ട്. ദർശിക്കാമെങ്കിലും സ്പർശിക്കാനാകാത്ത ദുഃഖം. അവൻെറ കണ്ണുകൾ നിറഞ്ഞൊഴുകി. കൂപ്പിനിന്ന കുഞ്ഞിക്കൈകളിൽ കണ്ണുനീർ വീണു. എന്നിട്ടും അമ്മ ചിരിക്കുന്നു. ആ കണ്ണാടിച്ചില്ലുകൾ പൊട്ടിച്ചെറിയണമെന്ന് അവന് തോന്നിയിട്ടുണ്ട്. എങ്കിലും അമ്മ അകലെയാണെന്നുള്ള ബോധം അവനിലുണ്ട്. അങ്ങകലെ! ആകാശത്തിലെങ്ങോ!

അവൻ വീടിനു പുറത്തിറങ്ങി. മഴ പെയ്യുന്നില്ല. കാർമേഘങ്ങളുമില്ല. അവനുവിഷമം തോന്നി. അച്ഛൻെറ കണ്ണിൽനിന്നും മറഞ്ഞപ്പോൾ അവൻ ചുറ്റും നോക്കി, ആരുമില്ലെന്ന് ഉറപ്പുവരുത്തി, കുട നിവർത്തി മുകളിലേക്ക് ചുഴറ്റി. മുകളിലേക്ക് നോക്കിക്കൊണ്ട് കണ്ഠം പൊട്ടുമാറുച്ചത്തിൽ അവൻ വിളിച്ചുപറഞ്ഞു.

"അമ്മേ...... സ്കൂളിൽപോകാൻ അച്ഛനെനിക്ക് എന്തെല്ലാം വാങ്ങിത്തന്നൂന്നറിയാമോ.....?"



*With Best Compliments of:*

# BHASKAR COLLEGE

**CHEMMANMUKKU, KOLLAM-1**

*Classes:*

PDC (College going, Parallel & Session)
BA, B Com (College going, Parallel & Session)
BSc (College going & Session)
MA, MSc (Maths) & M Com (Parallel)

Well equipped Laboratories for PDC & BSc

***Classes handeled by Rtd Professors and Experienced Lecturers***

FOR COLLEGE CLASSES

# TRINITY

## EDUCATIONAL COMPLEX

**Karicode, Kollam- 691 005**

*We Impart*
*Tution Classes for:*

(i) PDC (All goups & Subjects)
(ii) BA, BSc & B Com (All Main & Subs)
(iii) MBBS & ENGG Entrance Coaching
(iv) D. Pharm
(v) ENGG Subjects

*Parallel Classes for:*

(i) PDC III & IV goups
(ii) BA & B Com

Co-ordinator

ജലജകുമാർ III Bot.



# മഹത് വചനങ്ങൾ

പ്രതിഫലേച്ഛയില്ലാത്ത കർമ്മമാണ് മോക്ഷത്തിലേക്കുള്ള ചവിട്ടുപടികൾ.

—ഗീത

ഉറച്ച തീരുമാനവും ഇളകാത്ത ലക്ഷ്യബോധവും ഉള്ളവൻ ലോകത്തെ അവനായി രൂപപ്പെടുത്തുന്നു.

—ഗെയ്ഥെ

സ്വാർത്ഥതയാണ് ദുഃഖത്തിന്റെ കാരണം.

—ശ്രീബുദ്ധൻ

സംസ്ക്കാരമെന്നത് വിദ്യാഭ്യാസത്തിനും സർവ്വനാശത്തിനും ഇടയിലുള്ള ഓട്ടപ്പന്തയമാണ്.

—എച്ച്. ജി. വെൽസ്

തിന്മ ഇരുട്ടിൽ തഴച്ചു വളരുന്നു പകൽ വെളിച്ചത്തിൽ അത് പ്രത്യക്ഷമാകുകയുംചെയ്യുന്നു.

—മഹാത്മാഗാന്ധി

നിങ്ങൾ സത്യവും അസത്യവും കൂട്ടിക്കുഴക്കയും ബോധപൂർവ്വം സത്യം മറച്ചുവയ്ക്കുകയും ചെയ്യരുത്.

—ഖുർആൻ

ദൈവഭയം ഉള്ളവർക്ക് എല്ലാമതവും തുല്യമാണ്. യുദ്ധം ആരംഭിക്കുന്നത് മനുഷ്യരുടെ മനസ്സിലാണ് അതിനാൽ മനുഷ്യരുടെ മനസ്സിലാണു സമാധാനത്തിന്റെ പ്രതിരോധ നിര കെട്ടിപ്പടുക്കേണ്ടതു്.

—ക്ലമന്റ് ആററ്ലി

### സാമ്പിൾ സർവ്വേ - തുടർച്ച

ട്ടുന്ന വിദ്യാർത്ഥിനിയും നമ്മുടെ കൃാമ്പസിലുണ്ട്. എന്നാൽ ഒരു വിദ്യാർത്ഥി ഇതുപോലൊരു മരണം ഞാൻ കണ്ടിട്ടുമില്ല ഇതുപോലൊരു മുഖ്യനെ കേട്ടിട്ടുമില്ല എന്ന് തെരുവത്തി കവിതയിലൂടെ പ്രതികരിച്ചപ്പോൾ പങ്കുവെച്ചും പണയംവെച്ചും തല്ലിട്ടകലുന്നു എന്ന് സിനിമാ ഗാനത്തിൻെറ വരിയെഴുതിയ മറ്റൊരു വിദ്യാർത്ഥിയും ഉണ്ട്.

നിങ്ങൾ കണ്ട ഏറ്റവും വലിയ വിഡ്ഢി ആര് എന്ന ചോദ്യത്തിന് മന്ത്രിമാർ എന്ന് ഭൂരിഭാഗം വിദ്യാർത്ഥികളും വിധിയെഴുതി.

കോളേജ് യൂണിയനെ കുറിച്ച് ഭൂരിഭാഗം വിദ്യാർത്ഥികളും നല്ല അഭിപ്രായം രേഖപ്പെടുത്തിയപ്പോൾ സമയം തികയുന്നില്ലായെന്നും യൂണിയൻ പരിപാടി സംഘടിപ്പിക്കുവാൻ നമ്മുടെ കോളേജിന് സ്വന്തമായി ആഡിറ്റോറിയം ഇല്ലാത്തതും വിദ്യാർത്ഥികൾ ശ്രദ്ധയിൽപ്പെടുത്തി.

സ്നേഹിതരെ നേരത്തെ സൂചിപ്പിച്ചതുപോലെ ഈ സാമ്പിൾ സർവേയെ കുറെപ്പേർ എങ്കിലും തമാശയായി കണ്ടതിൽ ഈ കമ്മിറ്റിക് ഖേദമുണ്ട്. തുടർന്നുള്ള വർഷങ്ങളിലെങ്കിലും ഇത്തരം പരിപാടികൾ നടത്തുമ്പോൾ കൂട്ടുകാർ അതിൻെറ ഗൗരവം എടുത്തുകൊണ്ട് അതിൽ പങ്കാളികളാകണമെന്നാണ് ഈ കമ്മിറ്റിക്ക് നിർദ്ദേശിക്കുവാനുള്ളത്.

ഈ സാമ്പിൾ സർവ്വേയിൽ ഗൗരവപൂർവ്വം പങ്കാളികളായവർക്ക്, ഈ സർവ്വേ നടത്തുവാൻ സ്വന്തം ക്ലാസ്സുകളിൽ കയറാതെ ഈ കമ്മിറ്റിയുടെ പ്രവർത്തനങ്ങളെ മുന്നോട്ട് നയിച്ച യൂണിയൻ പ്രവർത്തകർക്ക് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് 93-94-ലെ സാമ്പിൾ സർവ്വേ റിപ്പോർട്ട് നിങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

കോളേജ് യൂണിയനുവേണ്ടി സർവ്വേകമ്മിറ്റി കൺവീനർ,

ഓമനക്കുട്ടൻ
II Zoology



# ഒരു സ്വപ്നത്തിൻെറ അവശിഷ്ടവും പേറി

**മിദിലാജ്. എം.എ III BA**

ഞാൻ എൻെറ മനസ്സിൻെറ വനാന്തരസ്ഥലങ്ങളിലായിരുന്നു.

അവൾ ഉദാത്തീകരിക്കപ്പെട്ട ഈഗോയിലും. അല്ലെങ്കിൽ ചോദ്യവും ഉത്തരവും ഇങ്ങനെയാകുമായിരുന്നില്ല.

"നിനക്ക് സ്വന്തം മുഖം കാണാൻ കഴിയുമോ?" ഞാൻ അവളോട് ചോദിച്ചു.

"അറിയില്ല" അവൾ പറഞ്ഞു.

"ഞാൻ നിനക്ക് നിൻെറ മുഖം കാട്ടിത്തരാം. നീ തിരിച്ചും അതുപോലെ ചെയ്യുമോ?" ഞാൻ ചോദിച്ചു.

അവൾ ഒന്നും പറഞ്ഞില്ല.

എനിക്ക് യാതൊരു നിരാശയും തോന്നരുതാത്തതായിരുന്നു. കാരണം, ഞാൻ ഇത് മുമ്പ് പലരോടും- റാമിനോടും ജോസിനോടും സേതുവിനോടുമൊക്കെ- ചോദിച്ചുമടുത്ത ചോദ്യമായിരുന്നു. ഇക്കുറി ഒരു പ്രണയത്തിൻെറ തനിമ കലർന്നിരുന്നുവെന്നു മാത്രം. ഒരുപക്ഷേ, അതായിരിക്കാം ഈ ഉത്തരം പിന്നെയുമെന്നെ മൗനിയാക്കിയത്.

അനാദ്യമായി എല്ലാം ഒന്നുതന്നെയാണെന്നു പറഞ്ഞ ഉപനിഷത്തുകളും, ചിന്ത ദ്രവ്യമാണെന്നും ഏകരൂപമാണെന്നുമുള്ള മാർക്സിയൻ കാഴ്ചപ്പാടും നിരർത്ഥകമാണെന്ന് എനിക്കു തോന്നി.

ഞാനും നീയും എന്ന രീതിയിൽ നമ്മൾ പരസ്പരം നോക്കി നിൽക്കുന്നത് സമൂഹത്തിൻെറ തെറ്റിദ്ധാരണ മൂലമാണെന്ന് ദെറീദ ചുമ്മാ പറഞ്ഞതാണ്. സമൂഹവും താനും രണ്ടാണെന്ന ബോധം ഉള്ളിലുള്ളതുകൊണ്ട് മാത്രമാണയാൾക്കങ്ങനെ പറയാൻ കഴിഞ്ഞത്.

ഒടുവിൽ, വേർപാടിൻെറ വഴിത്തിരിവിൽ, അപരിചതത്വത്തിലേക്കുള്ള ദശാസന്ധിയിൽ അവൾ ഒരു ചെറു പുഞ്ചിരിയോടെ എനിക്കുനേരെ നീട്ടിയ ഡയറി വാങ്ങിക്കൊണ്ട് ഞാൻ എൻെറ പേന തിരയുകയായിരുന്നു.

അപ്പോൾ അവൾ ഒരാത്മഗതംപോലെ പറഞ്ഞു.

"എൻെറ ഏകാന്തതകളിൽ നിൻെറ വരികൾ വാക്കുകളായിമാറി ഇ എന്നെ അലോസരപ്പെടുത്തിയിരുന്നെങ്കിൽ."

ആ നിറവിൻെറ നിമിഷത്തിൽ ഞാൻ പഴയ ചോദ്യവും ഉത്തരവും മറന്നു. പിന്നെ, എൻെറ ഹൃദയത്തിൻെറ നീലിമകലർന്ന, നീലിച്ച അക്ഷരങ്ങളിൽ ഇങ്ങനെ എഴുതി.

"പ്രപഞ്ചത്തിൻെറ ആദിമദശയിൽ ഞാനും താനും ഉണ്ടായിരുന്നു, നമ്മൾ ഒന്നായിരുന്നു, പൊടിപടലങ്ങൾ. ഇന്ന് സമൂഹം നമ്മെ രണ്ടെന്നു വിളിക്കുന്നു. ഈ പ്രപഞ്ചത്തിന് ഇനിയും ഒരവസ്ഥാന്തരമുണ്ടാകാം. ആ രൂപമാറ്റത്തിൻെറ നാളുകളിൽ നമ്മൾ വീണ്ടും ഒന്നിക്കും പൊടിപടലങ്ങളായി അല്ലെങ്കിൽ പ്രപഞ്ചപാതമായി."

എൻെറ മനസ്സ് അതിൻെറ ആശാവസാനമേഖലകൾ തേടുകയായിരുന്നുവോ!



# കൂട്ടിലെ രോദനം



അമ്മതൻ ചിറകൊച്ച-
കേൾക്കുവാൻ കാതും
കൂർപ്പിച്ചിമ്മരക്കൊമ്പിലീ-
ക്കൂട്ടിൽ കഴിയും കുഞ്ഞുങ്ങളെ
നിങ്ങളെയൊരു ദുഃഖ-
കഥ ഞാനറിയിക്കാം.
വിങ്ങുന്ന കരങ്ങളോടെ
നിറയും മിഴിയോടെ
പുലരി വിരിഞ്ഞപ്പോൾ-
നിങ്ങൾക്ക് കൊറിക്കുവാൻ
പുതുനെന്മണി തേടി
പോയല്ലോ തള്ളക്കിളി
നീലവാനിടം താണ്ടി-
ക്കാട്ടിലും വയലിലും
നിങ്ങൾക്ക് തീററയ്ക്കായ്-
ക്കണ്ണും നട്ടുഴലുമ്പോൾ
ഒരു കശ്മലൻ വേടൻ-
കൂരമ്പിൻ മുനയാലെ
കുരുതി കഴിച്ചല്ലോ
നിങ്ങൾ തൻ മാതാവിനെ
ചുടുചോരയിൽ വീണ-
പിടയും സമയത്തും
ഇടനെഞ്ചുപൊട്ടിക്കേണു
നിങ്ങളെ വിളിച്ചവൾ
ആ വിളിയൊരു ഗദ്ഗദ-
ക്കാററായ് ഈക്കിളിക്കൂട്ടിൽ
ഹൃദയം നടുക്കുമാറാ-
ഞ്ഞടിച്ചിട്ടുണ്ടാവാം.
ഇനി നിങ്ങളെത്തേടി-
ഈ മരക്കൊമ്പിൻമേലെ
വരില്ലൊരിക്കലുമാക്കിളി-
സ്നേഹക്കിളി.
ഇതുകേട്ടലമുറ കൂട്ടരുതാരും-
തനിയെ ഇരതേടി കഴിയാനൊരുങ്ങണം
ഉയരങ്ങളിലേക്ക് ചീറിപ്പറന്ന്-
ഉയരണമേ നിങ്ങൾ, കണ്ണീർപൊഴിക്കാതെ.
ഈ ദുഃഖസ്മൃതിയുടെകഥപാടുവാനെത്തും
ഭ്രാന്തനാം കവി, ഞാനല്ലാതെന്തുപറവാൻ-
കുഞ്ഞുങ്ങളെ!

നാസർ. ഷബ്. III Bcom.

# ജനപ്പെരുപ്പവും ദേശീയ വികസനവും ഇന്ത്യൻ പശ്ചാത്തലത്തിൽ

- ഹരിലാൽ. ജെ. III Bot

ജനസംഖ്യാവർദ്ധനവിന്റെയും സമ്പത്ത്, ഭക്ഷ്യ വസ്തുക്കൾ മുതലായവയുടെയും ഏറ്റക്കുറച്ചിലുകളനുസരിച്ചു ലോകരാഷ്ട്രങ്ങളെ മൂന്നായി തരംതിരിച്ചിരിക്കുന്നു. വികസിതം — വികസ്വരം — അവികസിതം. അമേരിക്ക, ജപ്പാൻ, കാനഡ തുടങ്ങിയ രാജ്യങ്ങൾ വികസിത രാഷ്ട്രങ്ങളായി അറിയപ്പെടുന്നു. ജനസംഖ്യയിൽ മുൻപന്തിയിൽ നിൽക്കുന്ന ആഫ്രിക്കൻ രാജ്യങ്ങളും ഇൻഡ്യ ഉൾപ്പെടുന്ന ചില ഏഷ്യൻ രാജ്യങ്ങളും വികസ്വര—അവികസിത രാഷ്ട്രങ്ങളായി കണക്കാക്കിപ്പോരുന്നു. വികസിത രാജ്യങ്ങളുടെ പ്രതിശീർഷ ഭക്ഷണ വിതരണത്തിന്റെയും ആരോഗ്യത്തിന്റെയും തൊഴിലിന്റെയും തോതു വികസ്വര—അവികസിത രാജ്യങ്ങളുടെ തോതിൽ നിന്നും എത്രയോ മടങ്ങു ഉയർന്നതാണ് അവികസിത രാജ്യങ്ങളിലും ചില വികസ്വര രാജ്യങ്ങളിലുമുണ്ടായിട്ടുള്ള ജനസംഖ്യാ വർദ്ധനവാണ് ഈ വ്ശ്വാസത്തിനു നിദാനമെന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു.

ഭാരതം ഒരു വികസ്വര രാഷ്ട്രമാണ് കഴിഞ്ഞ കാലങ്ങളിൽ ഇവിടുത്തെ ആളോഹരി വരുമാനം 1378 രൂപയായിരുന്നു. ഇതേ ഘട്ടത്തിൽ അമേരിക്കയിലും അറബിരാഷ്ട്രങ്ങളിലെയും ആളോഹരി വരുമാനം 2,00,000 രൂപയായിരുന്നു. ഈ കണക്കുകൾ വച്ചുനോക്കുമ്പോൾ നമ്മുടെ ദേശീയ വരുമാന സമ്പാദനത്തിലും ജനസംഖ്യാവർദ്ധന നിയന്ത്രണത്തിലുമുണ്ടായ പരാധീനതയാണ് ഇതിനു കാരണമെന്ന് നമുക്കു പ്രസ്താവിക്കുവാൻ കഴിയും.

ജനസംഖ്യയുടെ ഘടനയിലുള്ള പ്രത്യേകതകളാണ് മറ്റൊന്ന് വികസനവും ജനസംഖ്യയുടെ ഘടനയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. ഉയർന്ന ജനനനിരക്കുള്ള നമ്മുടെ രാജ്യം അന്താരാഷ്ട്രകായികമത്സരങ്ങളിൽ വളരെ പരിതാപകരമായ നിലവാരമാണ് പുലർത്തുന്നത് ഇതിന്റെ വിശദാംശങ്ങളിലേക്കു കടക്കാം. ഇൻഡ്യൻ സമ്പത്തിന്റെ നല്ലൊരു ഭാഗം വിദ്യാഭ്യാസാരോഗ്യകാര്യങ്ങൾക്കായി ചിലവഴിക്കുന്നു. മറ്റൊരു സിംഹഭാഗം നിർമ്മാണ പ്രവർത്തനങ്ങൾക്കും പ്രതിരോധാവശ്യങ്ങൾക്കുമായി വിനിയോഗിക്കേണ്ടിവരുന്നു. തൽഫലമായി കായികരംഗംപോലുള്ള വിഷയങ്ങൾക്കുവേണ്ടത്ര



ധനം വിനിയോഗിക്കാൻ സാധിക്കാതെ വരുകയും ഈ രംഗത്തുള്ള പ്രോത്സാഹനം വഴിമുട്ടുകയും ചെയ്യുന്നു. ഇൻഡ്യയിലാകമാനം 263 ലക്ഷം പേർ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്തതായുള്ള കണക്കുകൾ ഇതിനകം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. പേരു രജിസ്റ്റർ ചെയ്യാത്ത അഭ്യസ്ത വിദ്യരല്ലാത്ത ലക്ഷക്കണക്കിനു തൊഴിൽ രഹിതർ വേറെയും നമ്മുടെ രാജ്യത്തുണ്ട്. ഇപ്രകാരം രൂക്ഷമായ തൊഴിലില്ലായ്മയും ജനസംഖ്യാ വർദ്ധനവും ഏതൊരു രാഷ്ട്രത്തിന്റെയും വളർച്ചക്കും വികസനത്തിനും വിഘാതമായി നിലനില്ക്കുന്നു. മററൊന്ന് അസാധാരണമായ ജനപ്പെരുപ്പം പ്രകൃതി വസ്തുക്കളുടെ ക്രമാതീതമായ ചൂഷണത്തേയും പ്രോത്സാഹിപ്പിക്കുന്നു. ഫലമോ മനുഷ്യന്റെ ജീവസന്ധാരണത്തിനും നിലനിൽപിനും വിഘാതം സൃഷ്ടിക്കുന്നു.

പ്രകൃതിവിഭവങ്ങളെ രണ്ടായി തരംതിരിക്കാം. പുനഃസൃഷ്ടിക്കാൻ സാധിക്കുന്നവയും അങ്ങനെചെയ്യാൻ സാധിക്കാത്തവയും. വനവിഭവങ്ങളും മത്സ്യസമ്പത്തും ക്രമാതീതമായ ഉപഭോഗംകൊണ്ടു കുറവുനികത്താനാവാത്തവിധം ദൗർബല്യം നേരിടുന്ന വസ്തുക്കളാണ്. ഇവകൾ മനുഷ്യപ്രയത്നം കൊണ്ടു വീണ്ടും പുനഃസൃഷ്ടിക്കുവാൻ സാധിക്കും. എന്നാൽ വീണ്ടും നേടാൻ കഴിയാത്ത പരിമിതമായ ഒരു വിഭവമാണ് പെട്രോളിയം. തീരാത്ത വിഭവങ്ങളുടെകൂട്ടത്തിൽ മണ്ണ്, വെള്ളം, വായു, സൂര്യപ്രകാശം എന്നിവ ഉൾപ്പെടുന്നു.

ഭാരതത്തെ സംബന്ധിച്ചിടത്തോളം വനസമ്പത്തു പ്രയത്നം കൊണ്ടു വീണ്ടും ഉല്പാദിപ്പിക്കേണ്ടിവരുന്നില്ല. കാരണം ഉള്ളവനങ്ങൾകൂടി വെട്ടിത്തെളിച്ചെങ്കിൽ മാത്രമെ വർദ്ധിച്ച ജനങ്ങൾക്കു തലചായ്ക്കാൻ ഇടം കിട്ടുകയുള്ളു എന്ന അവസ്ഥയിലേക്കു മാറിയിരിക്കുന്നു. ഇന്ന് പ്രതിവർഷം 1 കോടി 13 ലക്ഷം ഹെക്ടർ വനഭൂമിയാണ് ലോകത്താകമാനം ജീവസന്ധാരണത്തിനായി വെട്ടിത്തെളിച്ചുകൊണ്ടിരിക്കുന്നത്. ഫലമോ മണ്ണൊലിപ്പുകൂടുകയും തത്ഫലമായി ഭൂമിയുടെ ഫലഭൂയിഷ്ടത കുറയുകയും ചെയ്യുന്നു. നദികളിലും മററും മണ്ണടിയുന്നതു കാരണം അണക്കെട്ടുകളിലെ സംഭരണശേഷിയിൽ വളരെയധികം കുറവുണ്ടാക്കുകയും ജലസേചനപദ്ധതികളേയും ജല



വിതരണ പദ്ധതികളേയും ദോഷകരമായി ബാധിക്കുകയും ചെയ്യുന്നു. മാത്രമല്ല വൈദ്യുതോല്പാദന പദ്ധതികൾക്കു വിഘാതം സൃഷ്ടിക്കുകയും ചെയ്യുന്നു. ഇന്നു ഭാരതത്തെ സംബന്ധിച്ചിടത്തോളം ഈ അനുഭവമാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. ലോകത്ത് ഏററവും കൂടുതൽ മഴ ലഭിച്ചിരുന്ന ചിറാപുഞ്ചിപോലും വനനശീകരണവും മണ്ണൊലിപ്പും കാരണം ഇന്നു മരുഭൂമിയായി മാറിയിരിക്കുന്നു.

അടുത്തതായി ഇൻഡ്യയുടെ ജനസംഖ്യയും കാർഷികപുരോഗതിയും തമ്മിലുള്ള ബന്ധങ്ങളെ ക്കുറിച്ചു ഒരു പഠനം നടത്താം. രാജ്യത്തിന്റെ ഭൂവിസ്തൃതിയുടെ 41ശതമാനം കൃഷിഭൂമിയാണ്. സ്പോടനാത്മകമായ ജനപ്പെരുപ്പം വഴി ഇൻഡ്യൻ ജനതയുടെ ഭൗതികപുരോഗതികൾക്കായി കൃഷിഭൂമിയുടെ വിസ്തൃതി കുറഞ്ഞു കുറഞ്ഞു വരുന്നതായി കാണാം. ഇപ്രകാരം ഭക്ഷ്യവസ്തുക്കൾ കൃഷിചെയ്യുന്ന ഭൂമി വയലുകൾ നികത്തി പുരയിടങ്ങളും എസ്റേററുകളുമാക്കിക്കൊണ്ടിരിക്കുന്നു. ഇത് രാജ്യത്തിന്റെ കാർഷിക പുരോഗതിയെ തടസ്സപ്പെടുത്തുന്നു. താമസംവിനാ സ്വാശ്രയമെന്ന നമ്മുടെ നയത്തിനെതിരെയുള്ള ഒരു വെല്ലുവിളിയിലേക്കു നമ്മെ കൊണ്ടെത്തിക്കുകയും ചെയ്യുന്നു. ഇൻഡ്യൻ ജനതയിൽ 70 ശതമാനവും കൃഷിയെ മാത്രം ആശ്രയിച്ചുള്ള ജീവിതമാണ് നയിക്കുന്നതെന്നു ഈ അവസരത്തിൽ ഓർമ്മിക്കുക. ജനസംഖ്യയുടെ തോതനുസരിച്ച് കൃഷി ഭൂമി വർദ്ധിപ്പിക്കുവാൻ കഴിയാതാകയാൽ ജനങ്ങൾ ഗുണനിലവാരം കുറഞ്ഞ കുന്നിൻ ചരിവുകളിലും വനാതിർത്തികളിലും മലപ്രദേശങ്ങളിലും കൃഷിയിറക്കുവാൻ നിർബന്ധിതരാകുന്നു. ഇതിന്റെ ഫലമായി പോഷകചൂഷണം സംഭവിച്ച ഭക്ഷ്യോല്പന്നമാണ് നമുക്കു കൈവരിക്കുവാൻ സാധിക്കുക. ഇത് ജനങ്ങളുടെ ആരോഗ്യസംബന്ധമായ കാര്യങ്ങളിൽ അപകടം സൃഷ്ടിക്കുന്നു. ആരോഗ്യമുള്ള ജനവിഭാഗമാണ് ഏതൊരു രാഷ്ട്രത്തിന്റെയും സമ്പത്ത്. രോഗമില്ലാത്ത അവസ്ഥ മാത്രമല്ല ആരോഗ്യം. മനുഷ്യന്റെ മാനസിക ഊർജ്ജസ്വലതയും പോഷകമൂല്യമുള്ള ഭക്ഷണപദാർത്ഥങ്ങളുടെ ലഭ്യതയും ഇതിനെ ആശ്രയിച്ചാണ് നിലനില്ക്കുന്നത്. ഒരു രാഷ്ട്രത്തിന്റെ പുരോഗതി സമ്പത്ത്, വികസനം ഇവകൾ നിർണ്ണയിക്കുന്നതിൽ പ്രമുഖസ്ഥാനം ആരോഗ്യമുള്ള ജനസമൂഹമാണല്ലൊ.. സൗകര്യപ്രദമായ അന്തരീക്ഷത്തിൽ എല്ലാവിധ പ്രശ്നങ്ങളിൽ നിന്നും വിമുക്തമായ ഒരു സാഹചര്യം നിലനിന്നെങ്കിൽ മാത്രമേ മനസ്സിന്റെയും ശരീരത്തിന്റെയും സുഖം നിലനിർത്തു വാൻ കഴിയു. ഇന്നു നമ്മെ രൂക്ഷമായി അലട്ടുന്ന ഒരു പ്രശ്നം എല്ലാവർക്കും താമസസൗകര്യത്തിനുള്ള അപര്യാ





പ്തതയാണ്. ആളുകളുടെ എണ്ണം വർദ്ധിക്കുംതോറും അവർക്കു പാർപ്പിട സൗകര്യങ്ങളും ഉണ്ടാവണം. ജനസംഖ്യയും നഗര വല്ക്കരണത്തിന്റെ വളർച്ചയും ഇതിന്റെ അപര്യാപതയിലേക്കു വെളിച്ചം വീശുന്നവയാണ്. ജനസംഖ്യാനുപാതികമായ ഭൂവിസ്തൃതി വർദ്ധിപ്പിക്കുവാൻ കഴിയുകയില്ലല്ലോ. അപ്പോൾ ഉള്ള സ്ഥലങ്ങളിൽ പാർപ്പിടങ്ങൾവച്ചു ഇടതിങ്ങി വസിക്കേണ്ടിവരുകയും ചെയ്യുന്നു. ഏററവും കൂടുതൽ ജനസാന്ദ്രതയുള്ള സംസ്ഥാനമെന്ന നിലയിൽ കേരളം ഈ അവസ്ഥയിലേക്കു അതിവേഗം മുന്നേറിക്കൊണ്ടിരിക്കുന്നു. ഗ്രാമങ്ങളിൽ നിന്നും ജനം നഗരങ്ങളിലേക്കു പ്രവഹിക്കുന്നു. അപ്രകാരം നഗരങ്ങൾ ചേരിപ്രദേശങ്ങളായി ഉടലെടുക്കുകയും ചെയ്യുന്നു. ഇതിനുദാഹരണമാണ് നമ്മുടെ സിരാകേന്ദ്രങ്ങളിലുൾപ്പെടുന്ന ബോംബയിലെ ചുവന്ന തെരുവിന്റെ സൃഷ്ടി. ജനങ്ങളുടെ അതിരററ ആവശ്യങ്ങളും പരിമിതങ്ങളായ സുഖസൗകര്യങ്ങളും ആവശ്യസാദ്ധ്യതയ്ക്കുവേണ്ടിയുള്ള മുറവിളിയുമാണ് ഇതിലൂടെ വ്യക്തമാകുന്നത്. ഇത് മനുഷ്യന്റെ വ്യക്തിത്വത്തെ പ്രതികൂലമായി ബാധിക്കുമെന്നു പറയുന്നതിൽ അതിശയോക്തി തോന്നുന്നില്ല. ഈ വക പ്രശ്നങ്ങൾ ഇൻഡ്യയുടെ ദേശീയ വികസന പ്രക്രിയയിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ വരുത്തുന്നു.

രാജ്യങ്ങളുടെ വിപുലമായ വികസന നയത്തിൽ ജനസംഖ്യയുടെ വർദ്ധനവും പ്രത്യാഘാതങ്ങളും ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതായിട്ടുണ്ട്. ഇപ്രകാരം ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും ജന സംഖ്യയെ സംബന്ധിച്ചുള്ള ചർച്ചകൾ 'ജനസംഖ്യാനയത്തിന്റെ' ആവിർഭാവത്തിനു വഴിതെളിച്ചു. ജനസംഖ്യ കൊണ്ടുദ്ദേശിക്കുന്നതു ദേശീയ താല്പര്യങ്ങൾക്കുതകുന്ന ചില ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുക എന്നതാണ്. ഇതിന്റെയെല്ലാം ഫലമായി ഉരുത്തിരിഞ്ഞ ഒരു ആശയമാണ് ഇൻഡ്യയിൽ ദേശീയ കുടുംബക്ഷേമ പദ്ധതികളുടെ തുടക്കം. ഇപ്രകാരം വികസ്വര രാഷ്ട്രങ്ങളുടെ കൂട്ടത്തിൽ ജനസംഖ്യാവിപത്തുകളെക്കുറിച്ചു ആദ്യമായി ചിന്തിച്ചതും ജനന നിയന്ത്രണത്തിനു ദേശീയ പദവി നല്കിയ ആദ്യ രാജ്യവും ഇൻഡ്യയാണ്.

ഭാരതത്തിലെ ദേശീയ കുടുംബക്ഷേമ പദ്ധതികളുടെ ഫലമായി ജനസംഖ്യാ നിയന്ത്രണത്തിലും രാജ്യത്തിന്റെ പൊതുവികസന പ്രവർത്തനങ്ങൾക്കും സാരമായ മാററങ്ങൾ കണ്ടുതുടങ്ങിയിട്ടുണ്ടെങ്കിലും ഇനിയും ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു. നലയൊരു ഭാരതം സ്വപ്നം കാണുന്ന നമ്മൾ ജനപ്പെരുപ്പത്തിന്റെ പ്രത്യാഘാതങ്ങളെ വേണ്ടവിധം മനസ്സിലാക്കി രാജ്യത്തിന്റെ വികസനത്തിനായി പ്രവർത്തിക്കണം.



# അവർ പറഞ്ഞു.....

മനുഷ്യരെല്ലാം തുല്യ ജീവിതത്തിന് അർഹരാണ് എന്നാൽ തുല്യ ജോലിക്ക് അപ്രാപ്തരാണ്.

-റൂസോ.

കോപം ജനിക്കുമ്പോൾ അതിന്റെ അനന്തരഫലങ്ങളെപ്പററി ചിന്തിക്കുക.

-കൺഫ്യൂഷ്യസ്

ഏകാന്തതയും ആരും നോക്കാനില്ലെന്ന തോന്നലുമാണ് അധരണനെ കടുത്ത ദാരിദ്രത്തേക്കാളേറെ പീഡിപ്പിക്കുന്നത്.

-മദർ തെരേസ

വൈരാഗ്യം സങ്കുചിത മനസ്സുകളുടെ ദുശ്ശീലമാണ്.

-ബാൽസാക്ക്

രണ്ടുപേർ തമ്മിലുള്ള ഏററവും കുറഞ്ഞ അകലമാണ്. ചിരി

-വാാട്ട് കെല്ലി

ആഗ്രഹങ്ങളാണ് എല്ലാ ദുഃഖങ്ങൾക്കും ഹേതു.

-ശ്രീബുദ്ധൻ

വിവേകമില്ലാത്തൊരു സുന്ദരി പന്നിയുടെ മൂക്കിലെ മൂക്കുത്തി പോലെയാണ്.

-സോളമൻ

ഏററവും കുറഞ്ഞ കാര്യങ്ങൾ കൊണ്ട് തൃപ്തിപ്പെടുന്നവനാണ് ധനവാൻ. കാരണം തൃപ്തിപ്പെടുന്നവനാണ് ധനവാൻ. കാരണം തൃപ്തിയാണ് ഏററവും വലിയധനം.

-സോക്രട്ടീസ്



അശോകൻ

"സമൂഹത്തിൽ അനാചാരങ്ങളും ക്രൂരതകളും ദുരിതങ്ങളും മറ്റുമുണ്ടായിരിക്കാം. അതൊക്കെയും സംസാരജീവിത സമുദ്രത്തിലെ തിരമാലകൾ മാത്രം. മിഥ്യാപ്രായമായ ആ തിരമാലകൾക്കപ്പുറത്താണ് സത്യം."

എം.കെ.സാനു





## പ്രിയപ്പെട്ടവൻ സുധീഷ്

ഞങ്ങളിൽ നിറഞ്ഞുനിന്ന
ചുവന്ന താരമേ....
നിൻെറ ചിന്തയുടെ തീവ്രത
ഞങ്ങളറിയുന്നു
ഞങ്ങളിൽ
സമരവീര്യമുണർത്തി
നീ മറഞ്ഞുപോയെങ്കിലും.
പ്രിയ സഖാവേ,
നീ വീഴ്ത്തിയ രക്തത്തുള്ളികൾ
ഞങ്ങളുടെ നെഞ്ചിൽ
നെരിപ്പോടുകൾ ഉയർത്തുന്നു.
ഈ നെരിപ്പോടുകൾ
സമരപഥങ്ങളിൽ ആഗ്നി പടർത്തും
ഇവിടെ....
നീ ഏൽപ്പിച്ച ദൗത്യവുമായി,
നിൻെറ സ്വപ്നങ്ങളിലെ
ചുവപ്പൻ പ്രഭാതത്തിലേക്ക്
ഞങ്ങളുടെ യാത്ര ശക്തമാകട്ടെ

മാഗസിൻ പ്രവർത്തകർ



തോക്കും ലാത്തിയുമായ് മുടിതുള്ളിയ
സർക്കാരിൻ തേർവാഴ്ചകളെ
എതിരിട്ടവരുടെ ഹൃദ്രക്തത്താൽ
കുതിരും വെള്ള മണൽത്തരികൾ
നാളത്തെപ്പുതു സംസ്ക്കാരത്തിൻ
നാളം നെയ്യുകയാണെങ്ങും....

വയലാർ

## മദ്യവിപത്ത്

മദ്യക്കുപ്പികൾ മനുജനെ മയക്കുന്നു.
മദ്യം അകത്താക്കി ലഹരിയാൽ ആടുന്നു
നാടും നഗരവും ചോരയാൽ മുങ്ങുന്നു
നാട്ടുകാരെല്ലാരു ഭ്രാന്തൻമാരാകുന്നു.
മദ്യത്തിൻ അടിമയാം മനുഷ്യപുത്രാ, നീ
മദ്യംവെടിയുക ലഹരി വെടിയുക
മദ്യം വെടിഞ്ഞ് നീ ബുദ്ധിമാനാകുക
മാതൃഭൂമിതൻ മാനമുയർത്തുക

മാഗസിൻ കമ്മിറ്റി

# ആദ്യ നാളുകൾ

ഇ.എം.എസ്. നമ്പൂതിരിപ്പാട്

കടപ്പാട് ചിന്ത
ലക്കം ജൂലൈ-93

ഞാനൊരു സ്കൂൾ വിദ്യാർത്ഥിയായിരുന്ന കാലത്ത് ഉപന്യാസമെഴുതാൻ ഞങ്ങളോടാവശ്യപ്പെടാറുള്ള വിഷയങ്ങളിലൊന്ന് ഇന്നത്തെ വിദ്യാർത്ഥികൾ നാളത്തെ പൗരൻമാർ എന്നതായിരുന്നു. ഞാൻ തന്നെയും അതെക്കുറിച്ച് എഴുതിയിട്ടുണ്ട്.

അന്ന് ഇന്നത്തെപ്പോലെ വിദ്യാർത്ഥി പ്രസ്ഥാനങ്ങളൊന്നും ഉണ്ടായിരുന്നില്ല. എന്നിരിക്കിലും വിദ്യാർത്ഥികൾ രാജ്യത്തിൻെറ സ്വാതന്ത്ര്യപ്രസ്ഥാനത്തിൽ തൽപ്പരരായിരുന്നു. ബ്രിട്ടീഷ് ഭരണാധികാരികൾ പഞ്ചാബിൽ നടത്തിയ മർദ്ദനത്തിൽ പ്രതിഷേധിച്ച് സ്കൂളുകളും മറ്റും ബഹിഷ്ക്കരിക്കാനുള്ള മഹാത്മാഗാന്ധിയുടെ ആഹ്വാനമനുസരിച്ച് ഏതാനും വിദ്യാർത്ഥികൾ പഠിത്തം ഉപേക്ഷിക്കുകയുണ്ടായി. (അവരിൽ ഒരാളാണ് എൻെറ അമ്മയുടെ പിതൃസഹോദരീപുത്രൻ; അദ്ദേഹം പിന്നീട് ദേശീയ ദിനപത്രമായ മാതൃഭൂമിയുടെ സ്ഥാപകനായിത്തീർന്നു.) ഞാൻ പഠിച്ചിരുന്ന വിദ്യാലയത്തിലും 1928-ൽ സൈമൺകമ്മീഷൻ ബഹിഷ്ക്കരണം നടത്തുകയുണ്ടായി. ഞാൻ അതിൽ പങ്കെടുത്തിരുന്നില്ല. നന്നേ കുറച്ചുപേർ മാത്രമേ അതിൽ പങ്കെടുത്തിരുന്നുള്ളൂ.

തുടർന്ന് ഞാൻ കോളേജിൽ ചേർന്നപ്പോൾ രാജ്യത്ത് 1930-ലെ ഉപ്പുസത്യാഗ്രഹ പ്രസ്ഥാനം അലയടിക്കുകയായിരുന്നു. ഉപ്പുസത്യാഗ്രഹത്തിൻെറ ഉദ്ദേശ്യലക്ഷ്യങ്ങൾ പ്രചരിപ്പിക്കുന്നതിലും ദേശീയ നേതാക്കളുടെ അറസ്റ്റിൽ പ്രതിഷേധിച്ച് റാലികൾ സംഘടിപ്പിക്കുന്നതിലും ഞങ്ങളിൽ പലരും സജീവമായി പങ്കെടുത്തു. ഖാദി പ്രചാരണംപോലുള്ള വിവിധ 'നിർമ്മാണ' പ്രവർത്തനങ്ങളിലും ഞങ്ങൾ ഏർപ്പെട്ടു. എന്നാൽ, ഇതെല്ലാം ഏതെങ്കിലുമൊരു വിദ്യാർത്ഥിസംഘടനയിലൂടെയെന്നതിനേക്കാൾ കോൺഗ്രസ്സ് കമ്മിറ്റിയുടെ നേരിട്ട് കീഴിലും ആഭിമുഖ്യത്തിലുമായിരുന്നു.

സ്കൂളിലെയും കോളേജിലെയും ഈ പ്രവർത്തനമാണ് 1932 ജനുവരി ആദ്യത്തിൽ മഹാത്മാഗാന്ധിയേയും മറ്റെല്ലാ സമുന്നത നേതാക്കളെയും അറസ്റ്റ് ചെയ്തപ്പോൾ പങ്കെടുക്കാൻ എന്നെ പ്രാപ്തനാക്കിയത്. ഗാന്ധിയുടെയും മറ്റ് നേതാക്കളുടെയും അറസ്റ്റിനെ തുടർന്ന് ആരംഭിച്ച സിവിൽ നിയമലംഘന പ്രസ്ഥാനത്തിൽ ഞാൻ പങ്കെടുത്തു. എന്നെ അറസ്റ്റുചെയ്ത് മൂന്നുകൊല്ലത്തേക്ക് ശിക്ഷിച്ചു. ഒരു മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്തകൻ എന്ന നിലയ്ക്കുള്ള എൻെറ ജീവിതത്തിൻെറ തുടക്കം അതായിരുന്നു. അതാവട്ടെ പിന്നീട് എന്നെ സോഷ്യലിസത്തിലേക്കും കമ്യൂണിസത്തിലേക്കും ചെന്നെത്തിക്കുകയും ചെയ്തു.

വിദ്യാർത്ഥികളെ വാളണ്ടിയർമാരായി റിക്രൂട്ട് ചെയ്യുക എന്നതായിരുന്നു അക്കാലത്ത് സ്വാതന്ത്ര്യ പ്രസ്ഥാനത്തിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തത്തിൻെറ രീതി. വിദ്യാർത്ഥികൾക്ക് പ്രത്യേകം സംഘടനയൊന്നും അന്നുണ്ടായിരുന്നില്ല. അഖിലേന്ത്യാ വിദ്യാർത്ഥി ഫെഡറേഷൻ എന്ന പേരിൽ സ്വതന്ത്രമായി പ്രവർത്തിക്കുന്ന ഒരു വിദ്യാർത്ഥി സംഘടന രൂപംകൊണ്ടത് 1936-ലാണ്. ഇതിനുമുൻകൈയെടുത്തത് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി ആയിരുന്നുവെങ്കിലും അതൊരു പാർട്ടീ സംഘടനയായിരുന്നില്ല. അതിൻെറ ഔദ്യോഗിക പദവികൾ കമ്യൂണിസ്റ്റുകാരല്ലാത്ത വിദ്യാർത്ഥികളും സുപ്രധാനമായ സ്ഥാനം വഹിച്ചിരുന്നു.

വ്യവസായ തൊഴിലാളികളുടെ എ.ഐ.ടി.യു.സിയെയും ആയിടെ രൂപംകൊണ്ട അഖിലേന്ത്യാ കിസാൻസഭയെയുംപോലെ എ.ഐ.എസ്.എഫും സാമ്രാജ്യവിരുദ്ധ സ്വാതന്ത്ര്യ പ്രസ്ഥാനത്തിൻെറ ഉദ്ദേശ്യലക്ഷ്യങ്ങളോട് പ്രതിജ്ഞാബദ്ധമായിരുന്നു. പ്രത്യയശാസ്ത്രപരമായ നിലപാടും രാഷ്ട്രീയ കൂറും എന്തു തന്നെയായാലും അതൊന്നും പരിഗണിക്കാതെ, ഇന്ത്യൻ സ്വാതന്ത്ര്യ പ്രസ്ഥാനത്തോടൊപ്പം നിൽക്കുകയും പോരാടുകയും ചെയ്യുന്ന ആർക്കും അതിൽ പ്രവേശനമുണ്ടായിരുന്നു. ഓരോ രാഷ്ട്രീയ പാർട്ടിക്കും അതിൻെറ സ്വന്തമായ ട്രേഡ് യൂണിയനുകൾ, കിസാൻസഭകൾ, വിദ്യാർത്ഥി സംഘടനകൾ തുടങ്ങുന്നതിനെക്കുറിച്ച് വർഗങ്ങളുടെ അഥവാ ജനസമൂഹത്തിൻെറ ജനാധിപത്യപരമായി പ്രവർത്തിക്കുന്ന പൊതുസംഘടനകളിൽ കമ്യൂണിസ്റ്റുകാരും സോഷ്യലിസ്റ്റുകാരും മറ്റ് രാഷ്ട്രീയ പാർട്ടികളുടെ സജീവപ്രവർത്തകരും സർവോപരി കോൺഗ്രസ്സുകാരായ ബഹുജനങ്ങളും സജീവമായി പ്രവർത്തിക്കുക- ഇതായിരുന്നു അക്കാലത്തെ വർഗ്ഗബഹുജനസംഘടനകളുടെ പ്രവർത്തന രീതി.

ഈ രീതി 1942-വരെ തുടർന്നു. ക്വിറ്റിന്ത്യാ സമരത്തിനുള്ള ആഹ്വാനം ഇന്ത്യൻ ജനസമൂഹത്തെ കോൺഗ്രസ്സിനു പിന്നിൽ അണിനിരത്തിയെങ്കിലും വ്യവസായ തൊഴിലാളികളും കൃഷിക്കാരും വിദ്യാർത്ഥികളുമെല്ലാം കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള അതാത് വിഭാഗത്തിൻെറ വർഗ-ബഹുജന സംഘടനകളിലായിരുന്നു. കമ്യൂണിസ്റ്റുകാർക്ക് ഈ നില കൈവരാൻ കാരണം വർഗ- ബഹുജന സംഘടനകളിലെ അംഗങ്ങൾക്ക് അവർ നൽകിപ്പോന്ന നിസ്വാർത്ഥ സേവനമായിരുന്നു. ക്വിറ്റിന്ത്യാ സമരത്തെ ആസ്പദമാക്കി കോൺഗ്രസ്സ് അംഗീകരിച്ച രാഷ്ട്രീയ നയസമീപനത്തോട് ഈ വർഗ-ബഹുജന സംഘടനകൾക്ക് യോജിപ്പുണ്ടായിരുന്നില്ല. അതിനാൽ ക്വിറ്റിന്ത്യാ പ്രക്ഷോഭണത്തെ കേന്ദ്രീകരിച്ചുള്ള തങ്ങളുടെ പ്രവർത്തന പരിപാടികൾ നടപ്പാക്കാൻ അവ ഒരു പ്രതിബന്ധമാണെന്ന് കോൺഗ്രസ് നേതാക്കൾ കണക്കാക്കി. വ്യവസായ തൊഴിലാളികളുടെയും വിദ്യാർത്ഥികളുടെയും എതിർ സംഘടന എ.ഐ.ടി.യു. സിക്കെതിരായി ഐ.എൻ.ടി.യു.സിയം എ.ഐ.എഫിനെതിരായി വിദ്യാർത്ഥി കോൺഗ്രസ്സും രൂപീകരിക്കാൻ കോൺഗ്രസ് നേതൃത്വത്തിൽ ഒരു പ്രത്യേക സംഘടന ആവശ്യമില്ലെന്നും കോൺഗ്രസ്സ്

നേതാക്കൾ കണക്കിലാക്കി. കർഷകജനസാമാന്യത്തെ കോൺഗ്രസ് കീഴിൽ നേരിട്ട് അണിനിരത്തിപ്പോന്നു.

നാൽപ്പതുകളിൽ കോൺഗ്രസ്സ് ചെയ്തപോലെ പിന്നീട് മറ്റ് പാർട്ടികളും തങ്ങളുടെ 'സ്വന്തം' ട്രേഡ് യൂണിയനുകളും മറ്റ് വർഗബഹുജന സംഘടനകളും രൂപീകരിക്കാൻ തുടങ്ങി. ഇന്നിപ്പോൾ രാഷ്ട്രീയ പാർട്ടികളെയോ ഗ്രൂപ്പുകളെയോപോലെ അത്ര തന്നെ വർഗ്ഗബഹുജന സംഘടനകളുണ്ട്. തങ്ങൾ പ്രതിനിധീകരിക്കുന്നതെന്ന് പറയപ്പെടുന്ന വർഗ്ഗ-ബഹുജന സംഘടനകളുടെ ഐക്യത്തിനും കെട്ടുറപ്പിനും വിനാശകരമാണ് കക്ഷിരാഷ്ട്രീയത്തെ ആസ്പദമാക്കി സമാന്തര സംഘടനകളോ അഥവാ എതിർ സംഘടനകളോ രൂപീകരിക്കുന്നതെന്ന് അവയുടെ സംഘാടകരും നേതാക്കളും മനസ്സിലാക്കുന്നില്ല. അതിനാൽ തങ്ങൾ ഉയർത്തിപ്പിടിക്കുന്ന വർഗ-ബഹുജന താൽപ്പര്യങ്ങൾക്ക് എതിരായ വർഗ്ഗത്തെ അഥവാ സാമൂഹ്യശക്തിയെ പ്രത്യക്ഷത്തിൽതന്നെ സഹായിക്കുന്ന നടപടിയാണത്.

ഇന്നിപ്പോൾ ഒന്നല്ലെങ്കിൽ മറ്റൊരു രാഷ്ട്രീയ പാർട്ടിയുടെ നേതൃത്വത്തിൽ വ്യവസായ തൊഴിലാളികളുടെയും കർഷക തൊഴിലാളികളുടേതുമെന്നപോലെ കൃഷിക്കാർ, യുവാക്കൾ, മഹിളകൾ, വിദ്യാർത്ഥികൾ എന്നീ വിഭാഗങ്ങളുടെയെല്ലാം സംഘടനകളുണ്ട്- സി.പി. എമ്മിന്റെ നേതൃത്വത്തിലുള്ള എസ്.എഫ്.ഐ, സി.പി.ഐ.യുടെ നേതൃത്വത്തിലുള്ള എ. ഐ.എസ്.എഫ്, കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള എൻ.എസ്.യു (ഐ) ബി.ജെ.പിയുടെ നേതൃത്വത്തിലുള്ള എ.ബി.വി.പി. തുടങ്ങിയവ. ഏതൊരു രാഷ്ട്രീയ പാർട്ടിക്കും ഉള്ളതിനേക്കാൾ വിശാലമായ താൽപ്പര്യങ്ങളും പ്രശ്നങ്ങളും വിദ്യാർത്ഥി സമൂഹത്തിന്, അതായത് നാളത്തെ പൗരൻമാരായ ഇന്നത്തെ വിദ്യാർത്ഥികൾക്ക് ഉണ്ടെന്ന കാര്യം ഈ പ്രക്രിയയിൽ കാണാതെ പോകുന്നു. അതിനാൽ നാളത്തെ പൗരൻമാരായ ഇന്നത്തെ വിദ്യാർത്ഥികളുടെ താൽപ്പര്യങ്ങൾ ഏറ്റെടുത്ത് സ്വമേധയാ പ്രവർത്തിക്കുന്ന സ്വതന്ത്ര വിദ്യാർത്ഥി സംഘടനകൾ ഉണ്ടാവേണ്ടത് ആവശ്യമാണ്. അതുകൊണ്ട് വിദ്യാർത്ഥി സംഘടനാ നേതാക്കളും പ്രവർത്തകരും, ഏതെങ്കിലും രാഷ്ട്രീയപാർട്ടി വരച്ച വരക്കപ്പുറംകടന്ന്, വിദ്യാർത്ഥികളുടെ പൊതുവായ പ്രശ്നങ്ങളെയും ആവശ്യങ്ങളെയും ആസ്പദമാക്കി വേണം പ്രവർത്തിക്കാൻ.



# പനിനീർ കുമിളകൾ



അരുവികളിൽ കളംകളം പാടി ഒഴുകും-
കുഞ്ഞ് പനിനീർ കുമിളകളെ!

നിങ്ങളീ അരുവിതൻ മക്കളല്ലൊ?
നിങ്ങളീ ഗാനത്തിൻ താളമല്ലൊ!

ആടി ഉലയും ജലതരംഗത്തിൻ മുകളിൽ-
ഊഞ്ഞാലാടും കുഞ്ഞ് പനിനീർ കുമിളകളെ!

നിങ്ങളീ അരുവിതൻ മക്കളല്ലോ?
നിങ്ങളീ ഗാനത്തിൻ താളമല്ലൊ!

പെട്ടെന്ന് ജനിക്കാനും പെട്ടെന്ന് മരിക്കാനും
നിങ്ങളീ ഭൂമിയിൽ എന്തുചെയ്തു.

നിങ്ങളീ അരുവിതൻ മക്കളല്ലൊ!
നിങ്ങളീ ഗാനത്തിൻ താളമല്ലൊ!!

സുഭാഷ്. എ
I B2

# വീണ



മൂകമായ് കേഴുന്നു എൻ വീണ മണി വീണ
ഗതകാല സ്മരണകൾ മധുരവുമായ്
നിൻ ശ്രുതികൾ മീട്ടുവാൻ ശ്രമിച്ചു ഞാൻ
ഒരാശ്വാസ വാക്കിനു തുല്യമായി
കാലത്തിൻ താളുകൾ മറിച്ചു ഞാൻ
ഓർമ്മതൻ ഫലകം വീണുടഞ്ഞൂഴിയിൽ
നീതന്ന മധുരമാം സംഗീതമിന്നെൻെറ
കർണ്ണപുടങ്ങളിൽ പ്രതിദ്ധ്വനിയ്ക്കുന്നുവോ
ഇന്നെനിക്കാവില്ല നിന്നെ താരാട്ടുവാൻ
എന്നേ എൻ മനസ്സിൻെറ തന്ത്രികൾ അറ്റുപോയ്
അതുപോൽ നീയും എന്നിൽ നിന്നകന്നുപോയ്
അന്നു നിന്നിൽ നിന്നുതിർന്നു വീണാ സംഗീതമോ
എന്നിലൊരാത്മ വിലാപമായ്
ഇന്നു ദുഃഖസംഗീതമായ്
മാറുന്നു ഭൂമിയിൽ...

പിടയുമാത്മാവിനോട് മൊഴിയേണം
കൂട്ടുകാരാ, നീയെൻെറ നിഴലായിരുന്നെന്ന്
നിഴലിൻ നിലയ്ക്കാത്തൊരുയിരായിരുന്നെന്ന്
സല്ലപിക്കാനില്ല നേരമെൻ ദുഃഖമേ
മണിമുഴങ്ങുന്ന കേട്ടില്ലേ! അങ്ങകലെ

മറവിതൻ പുറംമ്പോക്കിൽ
ഓർമ്മക്ക് ചിതകുറിക്കുന്നുണ്ട് കർമ്മികൾ
കാലമാം മുമ്പേയീ പിണ്ഡമങ്ങെത്തണം
കണ്ണീരിനാലെയുദകം കുഴയ്ക്കണം

അസ്ഥിത്വമുട്ടികളടുക്കണം, ഓർമ്മതൻ
അസ്ഥി പൊട്ടുന്നതും കണ്ടുനിന്നീടണം
ചെങ്കനൽ ചുറ്റിലീചെഞ്ചോര വറ്റവേ
വിടകൊള്ളണം; വിദൂരത്ത്
വഴിക്കണ്ണും കൊളുത്തിയേറയായ്
കാക്കുന്നൊരമ്മയെ കാണണം
കമ്പിളിചുറ്റിൽ തണുപ്പിനെകൊല്ലുന്നൊ-
രമ്മക്കുവേണ്ടിയാ-
രാമായണത്തിൻെറ താളുകൾ താണ്ടണം
ഇനിയിറങ്ങട്ടെ, ദൂരെ സൂര്യനാഴ്ന്നല്ലോഓ...
ഇനി നടക്കട്ടെ, താണ്ടുവാനേറയുണ്ടല്ലോ...
മണിമുഴങ്ങുന്നു 'ഓർമ്മതൻ മരണമായ്'
ഘടികാരമലറുന്നു.....

റെജി. എ
II C2


22 ct സ്വർണ്ണാഭരണങ്ങൾക്ക്

# അൽ- അറഫാ
## ജൂവല്ലേഴ്സ് A/c

പള്ളിമുക്ക്, കൊല്ലം

ഫോൺ: Shop: 76778, Res: 76206



നിസാ ഹബീബ് I A2

**വീ**ണ്ടും ഒരു പ്രഭാതംകൂടി. എൻെറ വിനുവിൻെറ സാന്നിദ്ധ്യം ഉണ്ടായപോലെ. ഇന്ന്, ഇന്നല്ലെ ആ ദിനം. സെപ്റ്റംബർ 7. എൻെറ വിനുവിൻെറ വേർപാടിന് ഇന്ന് ഒരുവർഷം തികയുന്നു. മോനേ..... എൻെറ വിനുക്കുട്ടാ.... അമ്മയെ ഈ ദുഷിച്ച ലോകത്താക്കി നീയും പോയല്ലോ. എൻെറ ഓമനേ. അന്ന് നീ എന്തു ചുറുചുറുക്കോടെയാണ് കോളേജിലേക്ക് പോയത്. അമ്മയ്ക്ക് പതിവായി തരാറുള്ള ഉമ്മയുംതന്ന് പതിവില്ലാതെ ഞാൻ പോകുകയാണ് അമ്മേ എന്ന് പറഞ്ഞാണ് നീ പുറപ്പെട്ടത്. അമ്മ അത് തിരുത്തിപറയിക്കാൻ തുനിഞ്ഞപ്പോൾ ഈ അമ്മയുടെ ഓരോ വിശ്വാസങ്ങൾ എന്ന് നീ ചിരിച്ചുതള്ളി. പക്ഷേ, നിൻെറ വാക്കുകൾ എത്ര ശരിയായി. അമ്മയെവിട്ട് നീ പോകുകതന്നെ ചെയ്തല്ലോ. നീ അത് പറഞ്ഞപ്പോൾ നിൻെറ അന്ത്യയാത്രാമൊഴിയാണെന്ന് ഞാൻ അറിഞ്ഞിരുന്നില്ലല്ലോ കുട്ടാ.

കാമ്പസ് രാഷ്ട്രീയത്തിൻെറ ബലിയാടായി മാറിയ നിൻെറ പേരിലും ഇന്ന് ധാരാളം സംഘടനകളുണ്ട്. ഓരോ കക്ഷിയും നിന്നെ അവരുടെ രക്തസാക്ഷിയാക്കാൻ ശ്രമിക്കുന്നു.

എന്തിനായിരുന്നു നീ കൊല്ലപ്പെട്ടത്. നിൻെറ മോഹങ്ങളുടേയും ആദർശങ്ങളുടെയും പൂർത്തീകരണത്തിനോ. നിൻെറ പാർട്ടിയുടെ ഉന്നതിക്കുവേണ്ടിയോ. ഈ അമ്മയ്ക്കറിയില്ല കുട്ടാ നീ എപ്പോഴും പറയുമായിരുന്നല്ലോ ഈ അമ്മയ്ക്കൊന്നും അറിയില്ലാന്ന്. നേരാണ് മോനേ എല്ലാവരും തമ്മിലടിച്ച് മരിക്കുന്നതെന്തിനാണെന്ന് അമ്മയ്ക്കറിയില്ല.

നിൻെറ അച്ചനെപ്പോലെ നിനക്കും ഒരു പ്രത്യേകചിന്താശീലം എക്കാര്യത്തിലുമുണ്ടായിരുന്നല്ലോ. ബൈബിൾ വചനങ്ങളും ഗീതോപദേശവും നിനക്ക് ഒരുപോലെ ഹൃദിസ്ഥമായിരുന്നല്ലോ. ഒരുപാട് മോഹങ്ങളോടെ നീ കോളേജിൽ ചേർന്നു. നിൻെറ അച്ചൻെറ മരണത്തിനു ശേഷം കഴിഞ്ഞ 10 വർഷക്കാലമായി കണ്ണിലെ കൃഷ്ണമണിപോലെ വളർത്തിയ നിന്നെ അമ്മ ഒരായിരം ഉപദേശങ്ങളോടെയാണ് അവിടേക്ക് പറഞ്ഞുവിട്ടത്. ക്ലാസ്സിലും കളിയിലും നീ ഒന്നാമനായി. നിൻെറ പ്രസംഗപാടവം, ഗാനമാധുരി. എല്ലാറ്റിനുംപുറമേ സംഘടനാ പാടവം നിന്നെ രാഷ്ട്രീയത്തിലേക്ക് നയിച്ചു.

അമ്മയ്ക്ക് അത് ഇഷ്ടമായിരുന്നു. സമാധാനപൂർണ്ണമായ രാഷ്ട്രീയം. നിൻെറ ആഗ്രഹം അതായിരുന്നല്ലോ. എന്നിട്ട് നീ എൻെറ പൊന്നു മോനേ... നീ മരണപ്പെട്ടത് എന്തിനായിരുന്നെടാ....

ആലോചിച്ചിരുന്ന് സമയംകടന്നു പോയതറിഞ്ഞില്ല. അമ്പലത്തിൽ നിൻെറ പേരിൽ ഒരു പുഷ്പാഞ്ജലി നടത്തണം. പള്ളിയിൽ നിൻെറയും എൻെറ തോമസിൻെറയും കുഴിമാടത്തിനരികിലിരുന്ന് ഈ അമ്മയൊക്കൊന്ന് പ്രാർത്ഥിക്കണം.

"വിനോദ്, അശ്വതിനക്ഷത്രം" എന്ന് പൂജാരിയോട് പറഞ്ഞപ്പോൾ അരികിൽ പണ്ടെത്തെപ്പോലെ കളിയാക്കാൻ നീകൂടി ഉണ്ടായിരുന്നെങ്കിൽ എന്ന് മനസ്സ് വെറുതെ മോഹിച്ചു.

"മകനും പോയിട്ട് ഒരു വർഷായില്ല്യേ. നീ ഒരുപാട് ക്ഷീണിച്ചിരിക്കുന്നു. വിഷമിക്കണ്ടാന്നു പറഞ്ഞാലും ഫലണ്ടാവില്ല്യ എന്നറിയാം. എല്ലാം മോളിലുള്ളവൻെറ ഒരു കളീല്ലേ കുട്ട്യേ" പൂജാരിയുടെ വാക്കുകൾ അവളെ ഓർമ്മയിൽ നിന്നുണർത്തി.

പൂജാരിയോട് ഒന്നും പറയാതെ പ്രസാദവുമായി ആൽത്തറയിലൂടെ അവൾ നടന്നു.

'നമ്മുടെ തോമാക്കുട്ടീൻെറ ഭാര്യയാ അത്. ആ കോലോത്തെകുട്ടി. മകനും നഷ്ടപ്പെട്ടപ്പോ അതിന് ആകെ ഗതിയില്ലാണ്ടായി' ആരോ ആരോടോ പറയുന്നത് കേട്ടു.

കുഴിമാടത്തിൻറരികിൽ വളരെനേരമായി കൈകൾകൂപ്പി ഇരിക്കുന്ന ഒരു സ്ത്രീരൂപം അപ്പോഴാണ് അച്ചൻ കണ്ടത്. അത് ഭാനുത്തമ്പുരാട്ടിയല്ലേ. തോമായുടെ മേരിക്കുട്ടി. ഇന്ന് പതിവില്ലാതെളതെന്താ എന്ന് മനസ്സിൽ വിചാരിച്ചുകൊണ്ട് അച്ചൻ അവളുടെ അടുക്കലേക്ക് ചെന്നു.

"മകളേ"

അവളെ തൊട്ടുവിളിക്കാൻ അച്ചൻ തുനിഞ്ഞപ്പോൾ ജീവൻ നഷ്ടപ്പെട്ട ആ ശരീരം തോമസുകുട്ടിയുടെയും വിനുവിൻെറയും കുഴിമാടത്തിനടുത്ത് കുഴഞ്ഞുവീണു. ആ ആത്മാവിൻെറ ശാന്തിക്കായി കൈകളുയർത്തി പ്രാർത്ഥിച്ച് നിൽക്കാനേ അച്ചനു കഴിഞ്ഞുള്ളൂ.



# പഴഞ്ചൊല്ലുകൾ

- അൻസ് അമീൻ II Bcom.

1. ആരാന്റെ പറമ്പിലെ പുല്ലു കണ്ട് പയ്യിനെ വാങ്ങരുത്.
2. ഇട്ടിയമ്മ ചാടിയാൽ കൊട്ടിയമ്പലത്തോളം
3. ഉത്തിക്കയററിയാൽ ഊരിപ്പോരും
4. എരിയുന്ന പുരയിൽ നിന്ന് ഊരുന്ന കഴുക്കോൽ ലാഭം
5. കള്ളിക്ക് വേലി വേണ്ട ചുള്ളിക്ക് കോടാലി വേണ്ട
6. കോളില്ലാത്ത കായലിൽ അമരക്കാർ അനവധി
7. തന്നെത്താനറിയാത്തവൻ പിന്നെത്താനറിയും
8. മണലളന്നാലും മനസ്സളക്കാനാവില്ല
9. മൂന്നു പെണ്ണുള്ള വീട്ടിൽ മുററമടിക്കില്ല
10. മോരിന് വന്നവൾ പയ്യിന്റെ വില ചോദിക്കണോ
11. വെയിൽ കൊണ്ടവനേ തണലിന്റെ സുഖമറിയൂ
12. മുള്ളിന് മുന ചെത്തിക്കൊടുക്കണോ
13. മീൻതല വേണ്ടാത്ത പൂച്ചയുണ്ടോ
14. കടൽ ചാടാനാശയുണ്ട്, തോടുചാടാനാവതില്ല
15. പഞ്ചപാണ്ഡവന്മാർ കട്ടിൽക്കാലുപോലെ മൂന്ന്

ചെറുകഥ

# ഭ്രമണം

ജയൻ ജെ.പി
IInd Maths

“സ്റ്റാർട്ട് ഇമ്മീഡിയറ്റ്ലി, വൈഫ് ഈസ് വെരി സീരിയസ്”. ശിപായികൊണ്ടുവന്ന ടെലിഗ്രാമിൽക്കൂടി തന്റെ കണ്ണുകൾ ഒരിക്കൽക്കൂടി പായുമ്പോൾ, തലയിലിരുന്ന് ഒരായിരം വണ്ടുകൾ മൂളുന്നതുപോലെ തോന്നി.

മുന്നോട്ട് അലറിവിളിച്ച് പായുന്ന തീവണ്ടിയിലിരുന്ന്, പിന്നിലേക്ക് പായുന്ന ആ പച്ചപ്പ് നോക്കിയിരിക്കാൻ എന്ത് മനോഹാരിതയാണ്! പക്ഷേ, തനിക്ക് അത് ആസ്വദിക്കാൻ കഴിയുമോ. തന്റെ മേഴ്സി മരണവുമായി മല്ലിടുമ്പോൾ!

“ദൈവമേ, എന്റെ മേഴ്സിക്ക് ഒരാപത്തും വരുത്തരുതേ” അറിയാവുന്ന സകല ദൈവങ്ങളെയും വിളിച്ച് പ്രാർത്ഥിച്ചു. മേഴ്സിയെക്കുറിച്ചുള്ള ഓർമ്മകൾ എന്നെ വല്ലാതെ വേട്ടയാടി.

തന്റെ കോളേജ് ദിനങ്ങൾ. കോളേജിലെ ശക്തമായൊരു വിദ്യാർത്ഥിപ്രസ്ഥാനത്തിൽ ചെത്തിനടക്കുന്ന കാലം. ന്യൂകമേഴ്സിനെ പരിചയപ്പെടുന്ന ദിനങ്ങൾ. ഞങ്ങൾക്ക് പരിചയപ്പെടാൻ താൽപ്പര്യം കൂടുതലും പെൺകുട്ടികളെ ആയിരുന്നല്ലോ!

ഓരോരുത്തരുടെയും ഭാവചേഷ്ടകൾ കാണാൻതന്നെ എന്തു രസമാണ്.

ചിലർ പേരുപറയാൻ മടിക്കുന്നു. ചിലർ തലകുമ്പിട്ട് മനോഹരമായ കാൽനഖങ്ങൾ കൊണ്ട് എന്തൊക്കെയോ കുത്തിക്കുറിക്കുന്നു. പൊതുവേ എല്ലാവർക്കും നാണം.

അങ്ങനെ പരിചയപ്പെടുമ്പോൾ രണ്ടാമത്തെ ബഞ്ചിലെ അങ്ങേയറ്റത്തെ വിദ്യാർത്ഥിയിലായിരുന്നു എന്റെ ഊഴം. ആ കുട്ടിയെനോക്കി ആദ്യ ഇനമായ പേരുചോദിച്ചു. പഞ്ചപാവത്തെപ്പോലെയിരുന്ന ആ പെണ്ണ് കൂസലില്ലാതെ “പേരയ്ക്കാ” എന്ന് പറയുമ്പോൾ ഞാൻ ആകെ ചമ്മിപ്പോയിരുന്നു. എങ്കിലും അത് പുറത്തുകാണിക്കാതെ ‘നല്ല പേര്’ എന്നുപറഞ്ഞ് അടുത്ത ആളിലേക്ക് നീങ്ങാനേ എനിക്ക് കഴിഞ്ഞുള്ളൂ. ആ രീതിയിൽ ഒരു പഴുത്ത പേരയ്ക്കാപോലെ ഈ പേരയ്ക്കായുടെ മുഖം മാറിയിരുന്നു.

“തനിക്ക് ഇതിലും നല്ലതായി യോജിക്കുന്ന പേര് കാന്താരി”യെന്നാണ് എന്ന് പറയണമെന്ന് തോന്നി, പക്ഷേ.....

ഈ സംഭവത്തിനുശേഷം യാദൃച്ഛികമായി എവിടെയോവച്ച് പരിചയപ്പെടുകയുണ്ടായി. ഈ പേരയ്ക്കായുടെ പേര് ‘മേഴ്സി’ എന്നറിയാൻ കഴിഞ്ഞു.

ഞാൻ കോളേജ് ഇലക്ഷനിൽ മത്സരിച്ച് ജയിക്കുമ്പോൾ ആ ജയത്തിനുപിന്നിൽ മേഴ്സിയുടെ വലുതല്ലെങ്കിലും ചെറുതായിട്ടൊരു സഹായവും ഉണ്ടായിരുന്നു. ഇതിനുശേഷം ഞങ്ങൾ വളരെയധികം അടുത്തുകഴിഞ്ഞിരുന്നു.

ഇതിനു കൂട്ടുകാർ പ്രേമം എന്നൊക്കെ പറഞ്ഞുകളിയാക്കിയിരുന്നു. യഥാർത്ഥത്തിൽ ഞങ്ങൾക്ക് പ്രേമപ്പനി ഒന്നും ഇല്ലായിരുന്നു. ഞങ്ങൾ പക്ഷേ, പരസ്പരം മനസ്സിലാക്കാൻ ശ്രമിച്ചിരുന്നു എന്നുള്ളത് സത്യം.

എന്റെ മനസ്സാക്ഷിയോട് സത്യസന്ധമായി പറയാൻ സാധിക്കുമോ, എന്തോ ഒരു പ്രത്യേകത ഏതോ ഒരു വികാരം മനസ്സിന്റെ ഉള്ളറകളിലെവിടെയോ എന്റെ മേഴ്സിയോട് ഇല്ലായിരുന്നുവെന്ന്? ഇതിനു കൂട്ടുകാർ പറഞ്ഞതുപോലെ പ്രേമം എന്നാണോ പേര്?

അവളുടെരൂപം എവിടെകണ്ടാലും മനസ്സിൽ തെളിഞ്ഞാൽപ്പോലും ഊഞ്ഞാലിലാടി തിരിച്ചുവരുമ്പോഴുണ്ടാകുന്നതുപോലെ ഒരു വികാരം എനിക്ക് അനുഭവപ്പെടുന്നതെന്തേ?

ജീവിതത്തിൽ വസന്തത്തിന്റെ നാളുകൾ എന്ന് വിശേഷിപ്പിക്കുന്ന എന്റെ കോളേജ് ജീവിതത്തിനോട് വിടപറഞ്ഞു.

പക്ഷേ, മേഴ്സിയെ എനിക്ക് കാണാതിരിക്കാൻ കഴിയുമായിരുന്നോ?

വർഷാവസാനപരീക്ഷകഴിഞ്ഞ് നാട്ടിലേക്ക് തിരിക്കാൻ തുടങ്ങിയ മേഴ്സിയെ തിരിച്ചുവിളിച്ചുകൊണ്ടുവന്ന് കോളേജിലെ ആ വാകമരച്ചുവട്ടിൽവച്ച് മനസ്സിലുണ്ടായിരുന്നതെല്ലാം തുറന്നുപറഞ്ഞു. പക്ഷേ, ഇതെല്ലാം കേട്ടുകഴിഞ്ഞ ശേഷം ഒരുമറുപടിയും പറയാതെ ഒരപരിചിതനെപ്പോലെ എന്നെ തനിച്ചാക്കിപ്പോന്ന അവളെ നോക്കി ഞാൻ ചലിക്കാനാവാതെ നിന്നുപോയി.

പിറ്റേന്നത്തെ പോസ്റ്റിൽ എനിക്ക് ഒരു ലെറ്റർ ഉണ്ടായിരുന്നു. അത് മേഴ്സിയുടേതായിരുന്നു. ഞാൻ പറഞ്ഞകാര്യങ്ങൾ ഒരുതരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ എഴുതി രണ്ടുദിവസംമുമ്പ് എനിക്ക് പോസ്റ്റുചെയ്ത എഴുത്തായിരുന്ന അത്. ഒരു കൊച്ചുകുട്ടിയെപ്പോലെ തുള്ളിച്ചാടാൻ തോന്നിപ്പോയി ആ നിമിഷങ്ങളിൽ.

അവസാനം നാട്ടുകാരുടെയും വീട്ടുകാരുടെയും എതിർപ്പിനെ വകവയ്ക്കാതെ രണ്ടു വ്യത്യസ്തജാതിയിൽപ്പെട്ട ഞങ്ങൾ തമ്മിൽ രജിസ്റ്റർമാര്യേജ് ചെയ്യുമ്പോൾ, ഈ മതഭ്രാന്തൻമാരുടെ ലോകത്തിൽ സഹായത്തിനുണ്ടായിരുന്നത് നാലോ അഞ്ചോ സുഹൃത്തുക്കൾ മാത്രമായിരുന്നു.

വിവാഹമൊക്കെകഴിഞ്ഞശേഷമാണ് മുന്നിലുള്ള പച്ചയായ ജീവിതത്തെക്കുറിച്ചും അതിലെ അത്യാവശ്യഘടകമായ പണത്തെക്കുറിച്ചും ചിന്തിക്കുന്നത്. ഇന്നാട്ടിലെ തൊഴിലിന്റെ നിഘണ്ടുവിൽ എനിക്കൊരു ജോലി ഇല്ലായിരുന്നു എന്ന് പറയുന്നതാവും ശരി. ഇല്ലെങ്കിൽ എന്റെ ശ്രമങ്ങൾ വിഫലമാകുമായിരുന്നോ? വിവാഹംകഴിഞ്ഞ് കുറച്ചുനാളുകൾക്കുശേഷം ആർമിയിൽ എനിക്കൊരു ജോലി ശരിയായി.

ഈ സമയത്തൊക്കെ വീട്ടുകാരുടെ എതിർപ്പ് അലിഞ്ഞലിഞ്ഞ് ഇല്ലാതായിരുന്നു.

പട്ടാളക്യാമ്പുകളിലെ കഷ്ടപ്പാടുനിറഞ്ഞ ട്രയിനിംഗുകളിൽ ഏക ആശ്വാസം എന്റെ മേഴ്സിയുടെ എഴുത്തുകൾ മാത്രമായിരുന്നല്ലോ.

ഞാൻ ആദ്യ അവധിക്ക് നാട്ടിലെത്തുമ്പോൾ മേഴ്സി ക്രമാതീതമായി വളരെയധികം മെലിഞ്ഞുകാണപ്പെട്ടു.

കാരണം തിരക്കിയപ്പോൾ ഒരു വരണ്ടചിരി മാത്രമായിരുന്നു മറുപടി.

പിന്നേതോ ഒരു ദിവസം തലയുടെ ഒരു വശത്തും പുറകിലുമായി വേദനകൊണ്ട് പുളയുകയായിരുന്ന മേഴ്സിയെയാണ് കാണാൻ കഴിഞ്ഞത്.

എന്റെ നിർബന്ധപ്രകാരം ഡോക്ടറെ കാണാൻ പോകുമ്പോൾ “ബ്രെയിൻട്യൂമർ” എന്ന മാരകമായ ഒരസുഖത്തിന് അടിമയാണ് എന്റെ മേഴ്സി എന്നൊന്നും ആലോചിക്കാനേ കഴിയുമായിരുന്നില്ല.

വളരെ നാളായി തുടങ്ങിയ വേദനയെക്കുറിച്ച് ഒരിക്കൽപ്പോലും എനിക്ക് എഴുതിയില്ലല്ലോ.

ഈ വേദനയും സഹിച്ചുകൊണ്ടാണല്ലോ ദൈവമേ എന്റെ സുഖത്തെക്കുറിച്ച് മാത്രമെഴുതിയത്.

മനസ്സിന്റെ വേദന കണ്ണുനീരായി മാറുകയാണോ? അസുഖത്തിന് കുറച്ചൊരു ഭേദം അനുഭവപ്പെട്ടപ്പോൾ വീണ്ടും ജോലിസ്ഥലത്തേക്ക് തിരിച്ചു. മനസ്സിനൊരു സമാധാനവുമില്ലായിരുന്നു. ചികിത്സയ്ക്കുവേണ്ടിവന്ന ഭീമമായ കടം, ജോലിസ്ഥലത്തുനിന്ന് ഹാജരാവാനുള്ള അവസാനത്തെ ഓർഡർ, ഇതൊക്കെ ഓർത്തപ്പോൾ തിരിച്ചുപോരേണ്ടിവന്നു. വീണ്ടും ഇതാ ഒരശിപാതംപോലെ ടെലിഗ്രാം? ഞടുക്കമാണോ, വേദനയാണോ സങ്കടമാണോ? ദൈവത്തിനോട് എന്തെന്നില്ലാത്ത ദേഷ്യം തോന്നിപ്പോയി.

ഭയങ്കരമായ ബഹളമാണ് എന്നെ ചിന്തയിൽ നിന്നുണർത്തിയത്. വണ്ടി ഏതോ സ്റ്റേഷനിലെത്തിയിരുന്നു. സ്ഥലകാലബോധം വീണ്ടെടുക്കാൻ പിന്നെയും സമയം വേണ്ടിവന്നു. ഏതോ ഒരു നിമിഷത്തിൽ ദൂരെയുള്ള ആ മഞ്ഞബോർഡിലെ പല ഭാഷകളിലുള്ള കറുത്ത അക്ഷരങ്ങളിൽ എന്റെ കണ്ണുകൾ ഉടക്കിനിന്നു.

അതെ, എനിക്ക് ഇറങ്ങാനുള്ള സ്റ്റേഷനെ

ശേഷം 78-ാം പേജിൽ.



# കേരള കൗമുദി

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോഴിക്കോട്

**Navajeevan Advertising Co.**

*(Advertising agents for leading News Papers)*

Chinnakkada, Beach Road, Kollam.

PHONE: 76770, 76297, 77912

# സായാഹ്ന ശബ്ദം

കൊല്ലത്തു നിന്ന് പ്രസിദ്ധീകരിക്കുന്നു.



# കൊതിപ്പിക്കുന്ന കല്യാണ സാരികൾക്ക്

"യാത്ര നാര്യസ്തു പൂജ്യന്തേ
രമന്തേ തത്ര ദേവതാ
സ്ത്രൈ നാസ്തൂന പൂജ്യന്തേ
സർവ്വാസ്തത്രാ ഫലാക്രിയ
മനു (മനുസ്മൃതി)

**എവിടെ സ്ത്രീകൾ ആദരിക്കപ്പെടുന്നുവോ, അവിടെ ദേവതകൾ പ്രസാദിക്കുന്നു എവിടെ അവർ ആദരിക്കപ്പെടുന്നില്ലയോ അവിടെ ചെയ്യുന്ന പ്രവർത്തികൾ എല്ലാം വിഫലമാകും. സ്ത്രീകൾ ആദരിക്കപ്പെടുന്ന ഗൃഹങ്ങളിൽ ശാന്തിയും ഐശ്വര്യവും നിറയും. അവർ ദുഃഖിക്കാൻ ഇടവരുന്ന ഗൃഹങ്ങൾ നാശമടയും**

## ഫാഷൻ
## ടെക്സ്റ്റൈൽസ്

മെയിൻറോഡ്, കൊല്ലം

കെ.ജി. അനിൽകുമാർ
ഒന്നാംവർഷ ഗണിതശാസ്ത്രബിരുദം

# സമർപ്പണം

നാരങ്ങാനത്തിന്റെ കാറ്റിനൊരുവശ്യതയുണ്ട്. ഉദിച്ചുയരുന്നതെവിടെയാണെന്നറിയില്ല. റബ്ബർമരച്ചീന്തുകൾക്കിടയിലൂടെ ഊർന്നുപറക്കുമ്പോൾ അപഹരിക്കുന്നതും എന്താണെന്ന് പറയാൻ കഴിയില്ല. കാറ്റ് കിഴക്കൻ മലകൾക്കിടയിൽ നങ്കൂരമിടുമ്പോൾ തെക്കേ കുന്നിന്റെ താഴ്‌വാരത്തിൽ ശംഖൊലി കേൾക്കാം. പിന്നെ പാദസരം. അപ്പോൾ കുട്ടികൾപറയും കാറ്റ് ചിരിക്കുന്നുവെന്ന്. കാറ്റിൽ ചുള്ളികൾ പൊട്ടിത്തെറിക്കുമ്പോൾ, റബ്ബർകാ അടർന്നുവീഴുമ്പോൾ അപ്പോഴും കുട്ടികൾ പറയും കാറ്റ് ചിരിക്കുന്നു.

തെക്കേ അടിവാരത്തിൽ ഉച്ചവണ്ടിവന്നുനിന്ന് പുറപ്പെട്ടപ്പോൾ വെള്ളിടിവെട്ടി: “ആരാടാ പറഞ്ഞത് എനിയ്ക്ക് വട്ടാണെന്ന്, ങേ, ആരാന്ന്...” പാങ്കരൻ ചേട്ടന്റെ കാപ്പിക്കടയിലെ കുപ്പിഗ്ലാസ്സുകൾ നിരത്തിൽ വീണു ചിതറി. ആൽത്തറതണലിൽ ചീട്ടുകളിച്ചും വർത്തമാനം പറഞ്ഞിരുന്നവരും ഒതുങ്ങിമാറിനിന്നു.

ചന്തകഴിഞ്ഞു മടങ്ങുകയായിരുന്ന അന്നക്കൊച്ചും പിള്ളയും ഭയന്നു. നാരായണൻ വന്നിട്ടുണ്ട്. അവർ കാലുകൾ വലിച്ചുവച്ച് നടന്നു. “ന്റെ ഈശ്വരാ കാട്ടീതടിയെടുക്കാൻ പോയിയവൻ തിര്യെ വരാതിരുന്നാ ആ അമ്മിണിക്കും കുഞ്ഞുങ്ങക്കും സ്വയിരത കിട്ട്യേനെ...” കുന്നിന്റെ മേൽമൂടിയിലെത്തിയിട്ടും കവലയിൽ അടർന്നടർന്നുവീഴുന്ന നാരായണന്റെ പുകിലുകൾ അവർ നേർത്ത് കേൾക്കുന്നുണ്ടായിരുന്നു.

വയലിറക്കിലെ ഓലി ഇറച്ചപ്പോൾ കിട്ടിയ മഞ്ഞമീനിനെ കുട്ടികൾ കണ്ണാടി ഭരണിയിലിട്ട് ഇറായത്ത് വച്ചിട്ടുണ്ടായിരുന്നു. നാലാളും പൊടിയരിത്തീറ്റകൊടുത്ത് രസിക്കുമ്പോഴാണ് പിള്ളയും അന്നക്കൊച്ചും വന്നത്.

“മക്കളേ അമ്മയിന്ത്യേ?”

അമ്മിണി ഇറങ്ങിവന്നു. വിറ്റുവരവൊക്കെ പറഞ്ഞ്, കുട്ടയിൽ ബാക്കിവന്ന ചീരക്കെട്ടുകളും പണവും കൊടുക്കുമ്പോൾ പിള്ള വിഷമിച്ച് അതിലേറെ പരിഭ്രമത്തോടെ പറഞ്ഞു: “എത്തിയിട്ടുണ്ട്, നാരായണൻ കുഞ്ഞ്.” അമ്മിണിയുടെ മുഖം വാടി. കണ്ണുകൾ കൂമ്പി. “എപ്പോ...?”

“ഓ അറിയില്ല. ചന്ത വിട്ടുവരുമ്പോ കണ്ടു. കവലയിൽ നല്ല അഭ്യാസം.”

അമ്മയുടെ മുഖം വാടുന്നത് കുട്ടികൾ കണ്ടു. അച്ചരൻ വരുന്നുണ്ടെന്ന്. അച്ചരനും കുട്ടികൾക്ക് കാറ്റാണ്. എപ്പോഴാണ് എന്തിനാണെന്നറിയാതെ ചിലപ്പോൾ ഒരു കുളിർകാറ്റായ് മറ്റു ചിലപ്പോൾ തോട്ടത്തിലപ്പാടെ ഒച്ചവച്ച് ഭ്രാന്തമായ വേഗത്തിൽ എല്ലാം നശിപ്പിക്കുംപോലെ വീശിയടിയ്ക്കുന്ന കൊടുങ്കാറ്റായ് വരുന്ന അച്ചരൻ.

ഒരു കൊടുങ്കാറ്റിന്റെ ഓർമ്മ മനസ്സിൽ നിന്ന് വിട്ടുമാറിയിട്ടില്ല.

ഒരു ശൈത്യരാത്രിയിൽ നാരായണനു വേണ്ടി വാതിൽ തുറന്നുകൊടുത്തപ്പോൾ പിന്നിൽ നനഞ്ഞുനിൽക്കുന്ന സ്ത്രീയെ കണ്ടു. അയാൾക്കൊപ്പം അവളും വാതിൽപ്പടികടക്കാനാഞ്ഞപ്പോൾ അമ്മിണി തടഞ്ഞു. പിന്നെ കൊടുങ്കാറ്റ്. വൻവൃക്ഷങ്ങൾ പിഴുതെറിയപ്പെട്ടു: ഉണരുമ്പോൾ അമ്മിണി, മുറ്റത്ത് നനഞ്ഞു കുഴഞ്ഞ മണ്ണിൽ മുഖമമർത്തി കിടക്കുകയായിരുന്നു.

പിന്നെയെപ്പോഴോ ഈടികൾ കടന്ന് തെന്നിത്തെറിച്ച് വെള്ളപൊട്ട് വരുന്നതു



പോലെ കണ്ടപ്പോൾ അമ്മിണി കുട്ടികളെ തന്നിലേക്കടുപ്പിച്ചുനിർത്തി വിറപൂണ്ടു. ഇപ്പോൾ തോട്ടം വിജനമാണ്. ഒരിലപോലും അനങ്ങാതെ എല്ലാം ധ്യാനത്തിലാണ്.

നാരായണൻ വന്ന് തിണ്ണയിൽ കയറിയിരുന്ന് നീട്ടിവിളിച്ചു. “അമ്മിണിയേ... എടീ...” പിന്നെ അകത്തേക്ക് പാളിനോക്കി. അപ്പോൾ കുഞ്ഞുങ്ങളെ വാരിപ്പിടിച്ച് ചുവരിൽ ചേർന്നുനിൽക്കുന്ന അമ്മിണിയെ കണ്ടു.

“ഭാര്യേ, നീയിവിടെ ഉണ്ടായിരുന്നോ?”

മടിശീലയിൽനിന്ന് ബീഡിയെടുത്ത് ചുണ്ടിൽ തിരുകി തീ കത്തിച്ചു. കൊള്ളിയണച്ച് വലിച്ചെറിഞ്ഞ് പുകയൂതിവിട്ടു. ചാരായത്തിന്റെ പുകഞ്ഞമണം പരന്നപ്പോൾ അവൾ ഒച്ചവയ്ക്കാതിരിക്കാൻ, ബദ്ധപ്പെട്ട് ചുമച്ചു. അപ്പോൾ നാരായണൻ ചിരിച്ചു.

“കഞ്ഞിയെടുക്കട്ടെ...”

“ഓ വേണ്ട” അയാൾ പിന്നെയും പുകയൂതിവിട്ട് വല്ലാത്ത താളത്തിലിരുന്നു. ഇത് വക്കാണത്തിനുള്ള പുറപ്പാടാണെന്ന് അവൾക്കറിയാം.

“ലോറിയേന്ന് എന്നെറങ്ങി?” അമ്മിണി സ്നേഹത്തോടെ ചോദിക്കാൻ ശ്രമിച്ചു.

“അഞ്ചാറ് ദൈവസമായി.” അവിടമാകെ ബീഡിപ്പുകപരന്ന് താനതിലകപ്പെട്ട് തളരുന്നതുപോലെ അമ്മിണിയ്ക്ക് തോന്നി. അമ്മിണി പിന്നെയും ചുമച്ചു. ചുമ നിൽക്കുന്നില്ലന്നു കണ്ടപ്പോൾ അവൾ മനസ്സുകൊണ്ട് സ്വയം പ്രാകി. നാരായണന്റെ മുഖത്തെ പേശികൾ വലിഞ്ഞുമുറുകുന്നത് അവൾ ഇടയ്ക്കെപ്പോഴോ കണ്ട് ഭയപ്പെട്ട് കുട്ടികളെ ഒന്നുകൂടി ചേർത്തമർത്തി നിന്നു.

“ഓ നിനക്ക് പിടിക്കത്തില്ലായിരിക്കും ഈ ബീഡിപ്പുക അല്ല്യോടീ. എന്നു മുതൽക്കാ. നിന്റെ ജാരനീശീലമൊന്നും കാണത്തില്ല.”

അയാൾ മുറ്റത്തേക്ക് ചാടിയിറങ്ങി, കൈലി ഉയർത്തിയുടുത്ത് കലിതുള്ളി. “ഭ്ഭ” മുറ്റത്തേക്ക് ആട്ടിത്തുപ്പി. അതിന്റെ ശക്തിയിൽ അയാൾ ഒന്നടങ്കം ഒന്നു കുലുങ്ങിവിറച്ചു.

“ഞാനറിഞ്ഞു നീയെങ്ങന്യാ ജീവിക്കുന്നെന്ന്. ചീരകൃഷീടെ പേരുംപറഞ്ഞ് നെനക്ക് വ്യഭിചാരമല്ല്യോടീ ജോലി...”

അത്രയും ക്രൂരതകേട്ടപ്പോഴും അമ്മിണി ചലിച്ചില്ല. കുട്ടികൾ കേൾക്കുമല്ലോ എന്നവൾ ഭയന്നതുമില്ല. എന്നിട്ടും രോഷം അടങ്ങാതെ അയാൾ താലായിൽകിടന്ന കൂന്താലിയെടുത്ത് ഈടി കയറി ചീരച്ചെടികൾ തഴച്ചു നിന്നിരുന്നിടത്തേക്ക് ചെന്നു. അവിടമാകെ കിളച്ച്, മണ്ണിളക്കി മറിച്ച് ഒക്കെയും നശിപ്പിച്ചു. പിന്നെ കൂന്താലി വലിച്ചെറിഞ്ഞ് മറ്റൊരു വെളുത്തപൊട്ടായി ദൂരേക്ക്, അങ്ങകലേക്ക് മറിഞ്ഞു. അപ്പോൾ പതിവില്ലാതെ ഒരു സാന്ത്വനകാറ്റ് അമ്മിണിയെ തേടിയെത്തി.

ഭ്രമണം

ത്തിയിരുന്നു. ചാടിപ്പിരണ്ട് കമ്പാർട്ടുമെൻറിന് പുറത്തെത്തുമ്പോൾ അവസാനത്തെ ചൂളംവിളിയും കേൾക്കുന്നുണ്ടായിരുന്നു.

മേഴ്സിയെക്കുറിച്ചോർത്ത് ഹോസ്പിറ്റലിലെത്താനുള്ള വെമ്പലോടെ സ്റ്റേഷനുപുറത്ത് എത്തുമ്പോഴാണ് ആ നടുക്കുന്ന വാർത്തയറിയുന്നത്.

കേരളത്തിൽ അന്ന് ബന്ദാണത്രേ!

എന്തുചെയ്യണമെന്നറിയാതെ ഇടിവെട്ടേറ്റവനെപ്പോലെ നിന്നുപോയി.

കാൽ താഴെ ഉറയ്ക്കുന്നില്ല. കുഴഞ്ഞുപോകുന്നു. അമർത്തിചവിട്ടി. മേഴ്സിയുടെ വിളറിയമുഖം മുന്നിൽ പ്രത്യക്ഷപ്പെട്ടുവോ? എൻെറ മേഴ്സിയുടെ അടുത്ത് എത്തിയേ തീരൂ.

ഓരോ ടാക്സിക്കാരനോടും എത്രരൂപാ തരാമെന്ന് പറഞ്ഞിട്ടും എൻെറ സങ്കടം കരഞ്ഞു പറഞ്ഞിട്ടുപോലും ഒരാളും വരാൻ തയ്യാറായില്ല. എൻെറ വാക്കുകൾ കരച്ചിലായി മാറിയരുന്നോ?

അവസാനം എൻെറ സങ്കടംകേട്ട് മനസ്സലിഞ്ഞ മധ്യവയസ്ക്കനായ ഒരു ടാക്സിഡ്രൈവർ എൻെറകൂടെ വരാൻ തയ്യാറായി. ഇന്ന് ഏത് കാര്യത്തിനും തൊട്ടതിനും പിടിച്ചതിനുമെല്ലാം ബന്ദാണല്ലോ ബന്ദ്? ബന്ദ് ദിനത്തിൽ ഈച്ച പോലും അനങ്ങരുത് എന്ന പ്രമാണം വേറെ. അധികാരക്കസേരയാളുന്നവനുമാരും ജാതിമതത്തിൻെറ പേരിലുമുള്ളവൻമാരും കാണിച്ചുകൂട്ടുന്ന പേക്കൂത്തുകൾ വേറെ ഇതിനെല്ലാം ദൈവം ഒരിക്കൽ മറുപടി കൊടുക്കില്ലേ?

ഈ രാജ്യം നാശത്തിൻെറ വക്കത്താണോ?

ഏകദേശം ഒന്നോ രണ്ടോ കിലോമീറ്റർ പിന്നിട്ടിരുന്നു. എന്തോ ഒരാരവംകേട്ട് തല ഉയർത്തുമ്പോൾ മുൻപിലെ ഗ്ലാസ്സിനുനേർക്ക് പതിയുന്ന ഒരു വലിയ ഇരുമ്പുപാര... പിറ്റേന്നത്തെ പത്രത്തിലെ പ്രധാനവാർത്ത ഇതായിരുന്നു.

"ബന്ദ് വൻ വിജയം, ആക്രമത്തിൽ ഒരാൾ കൊല്ലപ്പെട്ടു. കൊല്ലംസ്വദേശി സുരേഷ് എന്ന ജവാൻ ഇതിൽപ്പെടും."

# ഭ്രാന്തൻ

നൗഷാദ്. എം
III BA

*കത്തിയെരിഞ്ഞുകൊണ്ടിരുന്ന തീനാളങ്ങൾ ആ വിറകുകഷണങ്ങളെ നക്കിത്തുടയ്ക്കുന്നുണ്ടായിരുന്നു. അതിനുമപ്പുറത്തായി ആ തീനാളങ്ങളിലേക്കുറ്റുനോക്കിക്കൊണ്ട് അയാളിരുന്നു. ഒട്ടിയ കവിളുകളും തിളങ്ങുന്ന കണ്ണുകളുമുള്ള ഒരു ചെറുപ്പക്കാരൻ. അയാളുടെ കൈവിരലുകൾ നീണ്ടു വളർന്ന താടിരോമങ്ങൾക്കിടയിലൂടെ എന്തോ പരതുന്നുണ്ടായിരുന്നു.*

*മാതാപിതാ ഗുരുദൈവം എന്നയാൾ എവിടെയോ കേട്ടിരുന്നു. പക്ഷേ, അയാൾക്ക് മാതാവും പിതാവും ഉണ്ടായിരുന്നില്ല, ഗുരുവും. ദൈവത്തെക്കുറിച്ചയാൾക്ക് ഒന്നുമറിയില്ലായിരുന്നു. നീ നിൻെറ അയൽക്കാരനെ സ്നേഹിക്കുക എന്നയാളോട് ആരോ പറഞ്ഞു. പക്ഷേ, അയാൾക്കാകട്ടെ അയൽക്കാരുമില്ലായിരുന്നു.*

*ഒരു ദിവസം ഏതോ വെളിപാടുകൊണ്ടെന്നവണ്ണം അയാൾ ക്രിസ്തുവിൻെറ ക്രൂശിതരൂപം കാണാനായി പള്ളിയിലേക്ക് കയറിച്ചെന്നു. അവിടെനിന്ന് അവന് ആട്ടും തുപ്പുമാണ് ലഭിച്ചത്. പിന്നീടവൻ മുസ്ലിം പള്ളിയിലേക്കായി യാത്ര. അവർ അവനെ ചവിട്ടിപ്പുറത്താക്കി. അവൻ അമ്പലത്തിൽ കയറിയെന്ന കാരണത്താൽ അവിടെ ശുദ്ധികലശം നടത്തി.*

*അടുത്ത ദേശീയോത്സവംവന്നു. വീഥികളെല്ലാം കൊടിതോരണങ്ങളാൽ അലംകൃതമായി. മതിലുകളെല്ലാം വെളുത്തു. പക്ഷേ, ആരും അവനെ തിരിഞ്ഞുനോക്കിയില്ല. അവന് വോട്ടുണ്ടായിരുന്നില്ലല്ലോ? പൊതുജനത്തിനും അയളെ വേണ്ടായിരുന്നു. ആ ഭ്രാന്തനിൽ നിന്നവർക്കെന്തു നേടാൻ.*

*ഒടുവിൽ ഒരുദിവസം അവൻ ആ തെരുവീഥിയിൽ മരിച്ചുകിടന്നിരുന്നു. അവൻെറ കടവായിൽനിന്നും ഒലിച്ചിറങ്ങിയ ചോരപ്പുഴയ്ക്കുചുറ്റും ഈച്ചയാർക്കുന്നുണ്ടായിരുന്നു. ഒരു ദിവസം അതവിടെ കിടന്നു. ഒടുവിൽ ഏതോ ഒരു 'സാമൂഹ്യസ്നേഹി'യുടെ കാരുണ്യത്താൽ ആ ജഡം നീക്കുവാനായി മുനിസിപ്പാലിറ്റിയുടെ വണ്ടിയെത്തി. അപ്പോൾ എവിടെനിന്നോ പള്ളിമണികൾ മുഴങ്ങിതുടങ്ങി. ദൂരെ അമ്പലത്തിൽനിന്നും കീർത്തനങ്ങൾ കേൾക്കുന്നുണ്ടായിരുന്നു. അപ്പോൾ അതുവഴി ഒരു മുസൽമാൻെറ ശവശരീരവുമായി കുറച്ചുപേർ നടന്നടുത്തു. അവരുടെ 'ലാഇലാഹ ഇല്ലല്ലാഹ്' വവിളികൾകൊണ്ട് അന്തരീക്ഷം മുഖരിതമായി. അപ്പോഴേയ്ക്കും അയാളുടെ ജഡം വണ്ടിയിൽ കയറ്റിയിരുന്നു.*





# സ്മരണികൾ

സ്മരണകൾ, സ്മരണകൾ സ്മരണകൾ.
മനസിന്റെ വൃന്ദാവനികയിലെ–
മരിക്കാത്ത സ്മരണകൾ,സ്മരണകൾ.
നമ്മുടെ വഴിയിലെ 'ടീനേജിൽ' നേടിയ
ഒരിക്കലും മറക്കാത്ത സ്മരണകൾ.

നല്ല ക്ലാസിന്റെയും പരമബോറിന്റെയും
നല്ലുപദേശത്തിന്റെയും, നന്നാകില്ലെന്നു
പറഞ്ഞതും വാനിടത്തിലേക്ക് പറക്കാൻ
ശ്രമിക്കുന്ന പാതാളത്തിലൊളിക്കാൻ വെമ്പും-
ന്ന മരിക്കാത്ത സ്മരണകൾ സ്മരണകൾ.

സൗഹൃദത്തിന്റെ –മുറുമുറുപ്പിന്റെ
ശുദ്ധ കാമ്പസിന്റെയും ഭീകരതയുടേയും
നാണംകുണുങ്ങുന്ന വിതുമ്പുവാൻ–
വെമ്പുന്ന പൊട്ടിച്ചിരിക്കുന്ന പൊട്ടി–
ക്കരയുന്ന മരിക്കാത്ത സ്മരണകൾ
സ്മരണകൾ

പരീക്ഷയുടേയും–ഇലക്ഷന്റെയും
ഓഡിറ്റോറിയത്തിന്റെയും, കാൻറീനി–
ലെയും
'ചുററലിന്റെ' ഫലമായി പലരും തന്ന
സൗഹൃദചിരിയുടെ – കാമചിരിയുടെ
ശുദ്ധപുഞ്ചിരിയുടെ – കാപട്യചിരിയുടെ
മരിക്കാത്ത സ്മരണകൾ, സ്മരണകൾ.

'വിദ്യാമയമാകും' ട്യൂഷൻസെൻററിലെയും
വഴികളിലേയും –വണ്ടികളിലേയും
കൂട്ടത്തിലിന്നത്തെ വീട്ടിലെയും
ചുററിപ്പററിയുള്ള ബഹു'വിററുകൾ'
സ്മരണകൾ, സ്മരണകൾ മരിക്കാത്ത
സ്മരണകൾ.

"ഈ സ്മരണകളുടെയാകെയൊരു–
സാഫല്യമതിന്നായി
ജീവിതത്തിന്നുടെ വിശാലമാം പാതയി–
ലെവിടെ വെച്ചെങ്കിലുമൊന്നു കാണുമ്പോ –
ഴുവാക്കു ചോദിക്കയോ, 'നെട്ടോട്ടമാണോ'
ന്നു ചിരിക്കയോ ചെയ്യണേ നീ"

# സ്നേഹസാമ്രാജ്യത്തിലെ ഇണപ്രാവുകൾ

ജയകുമാർ· III Bot

സൂര്യകാന്തി..... സൂര്യദേവനെ കാന്തനായി സ്വീകരിച്ചവൾ.........ഒരിക്കലും സഫലമാകില്ല എന്നറായാമെങ്കിലും സുന്ദരസ്വപ്നങ്ങൾ മാത്രം കാണുന്ന വൾ......... ഇന്നും അവൾ വിടർന്നിരിക്കുന്നു............ തന്റെ കാന്തനെ കാണാൻ.............! സൂര്യരശ്മികളുടെ തലോടലേറ്റ് ആത്മനിർവൃതി കൊള്ളുന്ന ആ സൂര്യകാന്തിപ്പൂക്കളുടെ നൈർമ്മല്യത്തെ മനസ്സിൽ വാഴ്ത്തവേ അരുന്ധതി ഒരു കാഴ്ചകണ്ടു. അകലെ, ഒരു മരക്കൊമ്പിൽ സല്ലപിച്ച് കൊണ്ടിരിക്കുന്ന ഇണപ്രാവുകളുടെ നേരെ നിറയൊഴിക്കാനൊരുമ്പെടുന്ന മനുഷ്യൻ.........! നിമിഷങ്ങൾക്കകം ആ ഇണകൾ ഒരിക്കലും ഒരുമിയ്ക്കാനാകാത്ത വിധത്തിൽ വേർപിരിയും. ആ ചിന്ത അരുന്ധതിയിൽ നടുക്കമുളവാക്കി. ഭൂതകാലത്തിന്റെ നൊമ്പരപ്പെടുത്തുന്ന ഓർമ്മകളിലേക്ക് മനസ്സ് തിരിയവേ അവൾ അലറി."അരുതേ.... നിറയൊഴിക്കരുതേ....! തന്റെ നേരെ ഓടിക്കിതച്ച്‌വരുന്ന സ്ത്രീയെ ആ മനുഷ്യൻ അമ്പരപ്പോടെ നോക്കി. ഈ ഇരുപതാം നൂറ്റാണ്ടിൽ ഒരു സ്ത്രീയായി വാല്മീകി ജന്മമെടുത്തിരി ക്കുന്നുവോ.......? ക്രമേണ അമ്പരപ്പ് ക്ഷോഭത്തിന് വഴിമാറികൊടുത്തു. താഴെ നടക്കുന്ന സംഭവവികാസങ്ങ ളൊന്നുമറിയാതെ സൗഹൃദം പങ്കിടുന്ന ആ ഇണകളെയും തന്നെ തടയാനൊരുമ്പെടുന്ന സ്ത്രീയെയും അയാൾ മാറി മാറി നോക്കി. മനസ്സിൽ കൗതുകമുണർത്തിക്കൊണ്ട് ആ സ്ത്രീയുടെ സ്വരം വീണ്ടുമുയർന്നു:

"അവയെ നശിപ്പിക്കുന്നതുകൊണ്ട് നിങ്ങൾക്ക് എന്താണുനേട്ടം ? മാംസത്തിന്റെ രുചി ആസ്വദിക്കുവാനോ........? അങ്ങനെയെങ്കിൽ മറ്റൊരു സന്ദർഭത്തിൽ നിങ്ങൾക്ക് ഈ കൃത്യംചെയ്യ്തുകൂടെ? ഒരായിരം സ്വപ്നങ്ങളുമായി ഒരുമിച്ചിരിക്കുന്ന നിമിഷത്തിൽ പെട്ടെന്ന് തന്റെ ഇണയുടെ അന്ത്യം കാണേണ്ടി വരിക............! അതെന്ത് ദുസ്സഹമാണ്!" ഒരു പൊട്ടിച്ചിരിയോടെ അയാൾ ആ വാക്കുകളെ എതിരേററു.

"എനിക്ക് വേണ്ടത് മാംസമല്ല; ആത്മസംതൃപ്തിയാണ്. എനിക്ക് നിഷേധിക്കപ്പെട്ട സുഖം അവ അനുഭവിക്കുവാൻ പാടില്ല. ഞാൻ......ഞാൻ അവയെ കൊല്ലും....."ആ തിളക്കമുള്ളകണ്ണുകൾ ചോരനിറമാകുന്നത് കണ്ട് അരുന്ധതി ഭയന്നു. നിമിഷങ്ങൾ കഴിയുന്തോറും ആ മുഖം കൂടുതൽ കൂടുതൽ ബീഭത്സ മാവുകയാണ്. പെട്ടെന്നൊരു നിമിഷം, നിനച്ചിരിക്കാതെ ആ മുഖത്തെ ക്രൂരതയുടെ നിഴൽ മാഞ്ഞു. കണ്ണുകളിലെ ചോര നിറം കണ്ണുനീരിലൂടെ പുറത്തേയ്ക്കൊഴുകി. എന്തു ചെയ്യുമെന്നറിയാതെ പകച്ചു നിൽക്കുന്ന അരുന്ധതിയുടെ നേരെ അയാൾ തിരിഞ്ഞു: "എനിക്ക് വേണ്ടി, എന്റെ സന്തോഷത്തിനുവേണ്ടി ചെയ്യാനൊരുങ്ങിയ ആദ്യത്തെ തെററാണിത്. അതിൽ നിന്നും എന്നെ പിന്തിരിപ്പിച്ച നിങ്ങളോട് എനിയ്ക്ക് നന്ദിയുണ്ട്."

ഒരു നിമിഷത്തെ മൗനത്തിനുശേഷം അയാൾ തിരിഞ്ഞു നടന്നു.

"ഒന്നു നിൽക്കൂ......" അരുന്ധതിയുടെ അപേക്ഷ അയാളുടെ കാലുകളെ നിശ്ചലമാക്കി. എന്താണ് വേണ്ടതെന്ന ചോദ്യവുമായി ആ മനുഷ്യൻ മെല്ലെ തിരിഞ്ഞു.

"അസ്വസ്ഥമായ ചിലഓർമ്മകൾ നിങ്ങളുടെ മനസ്സിൽ കിടന്ന് വീർപ്പ് മുട്ടുന്നതുപോലെ എനിക്ക് തോന്നുന്നു. കഴിയുമെങ്കിൽ എന്നോട് പറയൂ. ഒരു പക്ഷേ നിങ്ങൾക്ക് അതൊരു ആശ്വാസമാകും."

അരുന്ധതിയുടെ വാക്കുകൾ അയാളെ ചിന്തയിലാഴ്ത്തി. ഒരു നീണ്ട നിശ്വാസമുതിർത്തുകൊണ്ട് അയാൾ പറഞ്ഞു:

"നിങ്ങൾ പറഞ്ഞത് ശരിയാണ്. ചില ഓർമ്മകൾ എന്റെ മനസ്സിനെ മഥിക്കുന്നു. എന്റെ സമനില തെററിക്കുന്ന ആ രഹസ്യങ്ങൾ മററുള്ളവരുടെ മുമ്പിൽ എന്നെ ഭ്രാന്തനാക്കുന്നു. എന്നിലെ എന്നെ മനസ്സിലാക്കാൻ ആരും ശ്രമിച്ചില്ല. എന്നെ കുറിച്ചറിയാൻ താല്പര്യമെടുത്ത ആദ്യത്തെ വ്യക്തിയാണ് നിങ്ങൾ. മററുള്ള വരെല്ലാം എന്നെ ക്രൂശിച്ചു.

സമൂഹത്തിലെ തിന്മകൾക്കെതിരെ യുദ്ധം പ്രഖ്യാപിച്ച ഒരു കൂട്ടം ആട്ടിൻതോലണിഞ്ഞ ചെന്നായ്ക്കളുടെ ഇടയിലാണ് ഞാൻ പിറന്നു വീണത്. വാക്ക്കൊണ്ട് എതിർക്കുന്ന കാര്യങ്ങളോട് അവർ പ്രവൃത്തികൊണ്ട് അനുകൂലിച്ചു. അവരുടെ രഹസ്യസ്വഭാവം പൊതുജനങ്ങളോട് തുറന്നുകാട്ടുവാൻ എന്റെ മനസ്സു വെമ്പി. പക്ഷെ ഞാനറിയാതെ തന്നെ ഞാൻ അവരുടെ അടിമയായി. ഭൗതികസുഖങ്ങളുടെ പുതിയ ലോകങ്ങൾ അവർ എനിക്ക് കാണിച്ചുതന്നു. അങ്ങനെ കൗമാരപ്രായത്തിൽ തന്നെ എന്റെ ജീവിതാശ്വാസത്തിന്റെ കടിഞ്ഞാൺ അവർ ഏറെടുത്തു. മയക്കുമരുന്നിന്റെയും മദിരാക്ഷികളു ടെയും സുഖം ആസ്വദിച്ചകൊണ്ടിരിക്കേ ഏതോ ഒരു നാൾ ഞാൻ മനുഷ്യജന്മത്തിന്റെ മഹത്വത്തെ കുറിച്ചോർത്തു. ആ ചിന്ത നാൾക്കുനാൾ വളർന്നുവന്നു. എന്റെ കൈകാലു കളിലെ ചങ്ങലകളുടെ ശക്തി ഞാൻ അന്നാദ്യമായി കണ്ടു.

സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള അദമ്യമായ ആഗ്രഹം തന്ന ശക്തികൊണ്ട് ഞാൻ എന്നെ സ്വതന്ത്രനാക്കി. പക്ഷെ എന്റെ ജീവിതത്തിൽ കടിഞ്ഞാൺ കൈയ്യിലെടുത്ത നിമിഷത്തിൽ ഞാൻ തളർന്നു. അത് എങ്ങനെ പിടിക്കണ മെന്ന് അറിയില്ല. ചുററിലും നിന്ദയുടെ കൂരമ്പുകൾ എയ്യാൻ ജനം കാത്തു നിന്നു. അപ്പോൾ ഒരി മലാഖയപ്പോലെ അവൾ വന്നു. വെറോനിക്കയെ പോലെ അവൾ എന്നെ ആശ്വസിപ്പിച്ചു. പാപിയായ എന്റെ മുഖം അവൾ തുടച്ചു. എന്റെ സ്വപ്നത്തിലെ രാജകുമാരിയായിരുന്നു അവൾ. ഒരു പുതിയ ജീവിതത്തിനായി ഞങ്ങൾ ഉടമ്പടി ചെയ്ത നിമിഷം അവിടെ ഒരു വെള്ളിടി വെട്ടി. ആർത്തലച്ച് പെയ്യുന്ന പേമാരി.....! ശക്തമായ കൊടുങ്കാററിൽ അവൾ പറന്നു പോയി. പിന്നെ ഞാൻ കണ്ടു; അകലെ ഉയർന്നു വരുന്ന ജലനിരപ്പിൽകൂടി അവൾ ഒഴുകിപോകുന്നത്.........! എന്റെ സ്വപ്നങ്ങൾ അങ്ങനെ തകർന്നു. പിന്നീട് ലക്ഷ്യബോധമില്ലാതെ, അനാഥനായി ഞാൻ ജീവിച്ചു; ഇത്രയും നാൾവരെ.....!''

''നിങ്ങളുടെ അരുന്ധതി ഒരു സ്നേഹബന്ധത്തിന് തന്റെ സ്ത്രീത്വം തീറെഴുതി കൊടുത്തിരിക്കുന്നു. അമ്മയുടെ നിർവൃതി എന്താണെന്ന് അവൾക്കറിയില്ല. ജനിച്ചപ്പോൾ ഏകയായിരുന്നത്പോലെതന്നെ അവൾ ഇപ്പോഴും ഏകയാണ്. ഇനി അവൾക്ക് രണ്ടോ മൂന്നോ മാസംകൂടി മാത്രമേ ആയുസ്സുള്ളു. നീണ്ട മുപ്പത്തിയേഴു വർഷങ്ങൾക്ക് ശേഷം അവൾ തന്റെ കൂട്ടുകാരനെ കണ്ടു; ഇന്ന് അയാളുടെ സ്വരംകേട്ടു. ഇനി സന്തോഷത്തോടെ മരണത്തെ അവൾക്ക് സ്വാഗതം ചെയ്യാം.''

വിദൂരതയിലമർന്നിരുന്ന കണ്ണുകൾ ചിമ്മിത്തുറന്നു കൊണ്ട് അയാൾ അരുന്ധതിയെ നോക്കി. ആ കണ്ണുകൾ വീണ്ടും ചോരനിറമാകുന്നത് അരുന്ധതി കണ്ടു. തോക്കിൻ കുഴൽ അരുന്ധതിയുടെ നേരെ നീട്ടിക്കൊണ്ട് അയാൾ മുരണ്ടു:



സൂചികുത്തേററതുപോലെ അരുന്ധതി ഒന്നു പുളഞ്ഞു. അനേകം ചോദ്യചിഹ്നങ്ങൾ മനസ്സിൽ ഉയർന്നു വന്നു. അറിയാതെ അവൾ ചോദിച്ചു:

''നിങ്ങളുടെ ആ കൂട്ടുകാരി ഇപ്പോൾ എവിടെയാണ്.....?

''അവൾ....... എന്റെ അരുന്ധതി ഇപ്പോൾ ആരുടെയെങ്കിലും ഭാര്യയായിരിക്കും. ഒരമ്മയുടെ നിർവൃതി അവൾ അനുഭവിക്കുകയായിരിക്കും. പിന്നീട വളെ ഞാൻ കണ്ടിട്ടില്ല.''

ഉയർന്നുവന്ന തേങ്ങൽ അമർത്തികൊണ്ട് അവൾ പറഞ്ഞു:

''നീ എന്താണ് പറയുന്നത്? എന്റെ അരുന്ധതിയോ നീ......? അല്ല........ നീ അവളല്ല.........! അവളുടെ കണ്ണുകൾ നിന്റെ ഈ നിർജ്ജീവമായ കണ്ണുകൾ പോലെയല്ല. ആ തിളക്കമുള്ള കണ്ണുകൾ എനിക്ക് മറെറന്തിനേക്കാളും സുപരിചിതമാണ്. ഇനി നീ ഇത് ആവർത്തിച്ചു പറഞ്ഞാൽ നിനക്ക് നേരെ ഞാൻ നിറയൊഴിക്കും.''

പൊട്ടിക്കരഞ്ഞ്കൊണ്ട് അരുന്ധതി ആ മനുഷ്യന്റെ കാൽക്കൽ വീണു.

''ജോണി.......''

To 85

# ഗോപന്റെ പാവക്കുട്ടി

ചെറുകഥ : കാക്കനാടൻ

കടപ്പാട് ഇന്ത്യാ ടുഡേയോട്

ഗോപന് രണ്ടര വയസ്സായിരുന്ന കാലത്ത് അന്ന് വിദേശത്തായിരുന്ന ഒരമ്മാവൻ നാട്ടിൽ വന്നപ്പോൾ അവന് ഒരു പാവക്കുട്ടിയെ സമ്മാനിച്ചു. കിടത്തുമ്പോൾ കണ്ണടയ്ക്കുന്ന ഒരു പാവക്കുട്ടി.

പാവക്കുട്ടി സുന്ദരിയായിരുന്നു. അവൾക്കു സ്വർണ്ണ നിറമുള്ള മുടിയും റോസ് നിറമുള്ള ശരീരവും ബ്രൗൺ നിറമുള്ള പ്രകാശമാനമായ കണ്ണുകളും തുടുത്ത കവിളുകളും ചുവന്ന അധരങ്ങളുമുണ്ടായിരുന്നു. അവളുടെ മൂക്കിന്റെ തുമ്പത്തുമുണ്ടായിരുന്നു ചുവപ്പിന്റെ ഒരു മുത്ത്. ഇളം തവിട്ടു നിറത്തിലുള്ള നേർത്ത പട്ടുതുണിയുടെ കുട്ടിക്കുപ്പായം അവളുടെ ശരീരത്തിനു നന്നേ ഇണങ്ങി. റെഇള്ള പാദരക്ഷകളാണ് അവൾ ധരിച്ചിരുന്നത്.

നേരെ പിടിച്ചിരുത്തുകയോ നിർത്തുകയോ ചെയ്യുമ്പോൾ അവൾ വലിയ കണ്ണുകൾ മലർക്കെ തുറക്കുകയും കിടത്തുമ്പോൾ അവൾ കണ്ണുകൾ ചിമ്മി അടയ്ക്കുകയും ചെയ്യുന്നത് ഗോപൻ അത്ഭുതത്തോടെയും കൗതുകത്തോടെയും നോക്കിക്കണ്ടു. പാവക്കുട്ടി കിടന്നു കണ്ണുകളടച്ചപ്പോൾ അവൻ കൊഞ്ചിപ്പറഞ്ഞു.

"മ്മേ, മ്മേ, വാവ ഒങ്ങി."

പാവക്കുട്ടി നേരെ ഇരുന്നു കണ്ണുതുറന്നപ്പോൾ അവൻ കൈകൊട്ടി "ഹ, ഹ, ഹ!" എന്നു പൊട്ടിച്ചിരിച്ചു.

ഗോപനു പാവക്കുട്ടിയെ വളരെ ഇഷ്ടപ്പെട്ടു. അവൻ സദാസമയവും പാവക്കുട്ടിയോടൊപ്പം കളിച്ചുകൊണ്ടിരുന്നു. അവനും പാവക്കുട്ടിയുമായുള്ള കളികൾ വീട്ടിലെ മുതിർന്നവരിൽ കൗതുകമുണർത്തി.

ഗോപന് ഒരു സംശയമേ ഉണ്ടായിരുന്നുള്ളു. പാവക്കുട്ടി എന്തേ നടക്കുന്നില്ല? അത് അവൻ അമ്മയുടെ മുമ്പിൽ ഉന്നയിക്കുകയും ചെയ്തു. അമ്മ ചിരിച്ചു.

"അതെങ്ങനാ മോനേ? പാവക്കുട്ടി നടക്വോ?"

"നാൻ നക്കൂല്ലോ." അവൻ കൊഞ്ചി.

"നീ മനുഷ്യക്കുട്ടിയല്ലേ? മനുഷ്യക്കുട്ടികളാ നടക്കുക. പാവക്കുട്ടി നടക്കില്ല."

അവനു വ്യസനം തോന്നി. എന്നിട്ടും അവൻ വിട്ടില്ല. "പൂത്തക്കുത്തീം പത്തിക്കുത്തീം നക്കൂല്ലോ."

അവന്റെ ഇളം സംശയത്തിനു വിശദീകരണം നല്കാൻ അമ്മയ്ക്കു കഴിഞ്ഞില്ല.

അവൻ പറഞ്ഞു: "ൻെറ വാവക്കുത്തി നക്കും."

"നടക്കും, നടക്കും." അമ്മ ചിരിച്ചു.

ഗോപൻ വളരുകയായിരുന്നു. ഒപ്പം പാവക്കുട്ടിയും. അവൻ പാവക്കുട്ടിയെ പിടിച്ചു നടത്തി. പാവക്കുട്ടിയോടു കൊച്ചുവർത്തമാനം പറഞ്ഞു. അവർ തമ്മിലുള്ള സംസാരം പക്ഷേ മറ്റാരും കേട്ടില്ലെന്നു മാത്രം. അവൻ പാവക്കുട്ടിയെ കെട്ടിപ്പിടിച്ചു കിടന്നാണുറങ്ങിയത്.

ഗോപൻ സ്കൂളിൽ പോകാൻ തുടങ്ങി. പാവക്കുട്ടിയെ കൂടെ കൊണ്ടുപോകാൻ ഒരുങ്ങിയപ്പോൾ അമ്മ വിലക്കി. "ആരെങ്കിലും കട്ടുകൊണ്ടു പോകും."

അതു ശരിയാണെന്ന് അവനും തോന്നി. എങ്കിലും പാവക്കുട്ടിയെ വിട്ടുപിരിഞ്ഞിരുന്ന മണിക്കൂറുകളിൽ അവന് ഒരുതരം നൊമ്പരപ്പെടുത്തുന്ന ഏകാന്തത അനുഭവപ്പെട്ടു. എത്രവേഗം സ്കൂൾ ബെല്ലടിക്കുന്നു, എത്രവേഗം റിക്ഷാക്കാരൻ വീട്ടിലേക്കുള്ള വഴി ചവിട്ടുന്നു എന്നൊക്കെയായിരുന്നു എപ്പോഴും അവന്റെ ആലോചന. വീട്ടിലെത്തിക്കഴിഞ്ഞാൽ യൂണിഫോം മാറുന്നതിനുമുമ്പ്, ഭക്ഷണം കഴിക്കുന്നതിനുമുമ്പ് അവൻ പാവക്കുട്ടിയുടെ അടുത്തേക്കോടി. അവളെ വാരിയെടുത്ത് ഉമ്മവച്ചു. യൂണിഫോമൊക്കെ മാറ്റിക്കഴിഞ്ഞ് പാവക്കുട്ടിയോടൊപ്പമിരുന്ന് ഭക്ഷണം കഴിച്ചു.

അവനും പാവക്കുട്ടിയുമായുള്ള സൗഹൃദം വീട്ടിലെ മുതിർന്ന അംഗങ്ങൾക്കു ചിരിക്കാനുള്ള വക നല്കി. അവർ ചിരിക്കുകയും അവർ തമ്മിലുള്ള ബന്ധത്തെക്കുറിച്ചു സംസാരിക്കുകയും ചെയ്തു.

നാൾ ചെല്ലുന്തോറും ഗോപന് പാവക്കുട്ടിയോടുള്ള അഭിനിവേശം വളർന്നുകൊണ്ടേയിരുന്നു. കുട്ടിക്കൗതുകത്തിനപ്പുറത്തേക്ക് അവരുടെ സൗഹൃദം വളരുകയായിരുന്നു. രാവേറെ ചെല്ലുവോളം ഗോപൻ പാവക്കുട്ടിയോടു കൊച്ചുവർത്തമാനം പറഞ്ഞ് ചിരിച്ചു കളിച്ചു കിടന്നു.

ഒരുദിവസം രാവിലെ അവൻ അമ്മയോടു പറഞ്ഞു.

"അമ്മേ, ഇന്നലെ രാത്രി പാവക്കുട്ടി എനിക്കൊരു കഥ പറഞ്ഞുതന്നു. നല്ലൊരു കഥ. രാജകുമാരന്റെയും രാജകുമാരിയുടെയും കഥ. രാജകുമാരിയെ ആരോ കള്ളന്മാർ പിടിച്ചുകൊണ്ടുപോയി. രാജകുമാരൻ ഒറ്റയ്ക്കായി. രാജകുമാരൻ ഒരുപാടു കരഞ്ഞു. അമ്മേ, എന്റെ പാവക്കുട്ടിയെ ആരെങ്കിലും കള്ളന്മാരു പിടിച്ചോണ്ടു പോകുമോ?"

അമ്മ അമ്പരന്നു. അമ്പരപ്പു മറച്ചുവച്ച് അമ്മ പറഞ്ഞു.

"ഇല്ല, മോന്റെ പാവക്കുട്ടിയെ ആരും പിടിച്ചോണ്ടു പോവാതെ അമ്മ സൂക്ഷിച്ചോളാം."

"എന്റെ നല്ല അമ്മ!" ഗോപൻ അമ്മയെ കെട്ടിപ്പുണർന്നു.

അമ്മയുടെ മനസ്സ് പക്ഷേ ആ നേരത്ത് ഏതോ നിഗൂഢ ഭീതികളുടെ വിദൂരതീരങ്ങളിൽ വേച്ചു വേച്ച് അലഞ്ഞുനടക്കുകയായിരുന്നു.

പിന്നീട് ഒരുനാൾ ഗോപൻ അമ്മയോട് മറ്റൊരു കാര്യം പറഞ്ഞു. അപ്പോഴേക്കും അവന് ഏതാണ്ട് പത്തു വയസ്സായിരുന്നു.

"അമ്മേ, ഇത്ര നാളും മറന്നിരുന്ന ഒരു കാര്യം ഞാൻ ഇന്നലെ ചെയ്തു."

"എന്താ മോനേ?" അമ്മ ജിജ്ഞാസുവായി. പത്തു വയസ്സിൽ അവൻ വിവേകത്തിന്റെ വരമ്പത്താണെന്ന് അമ്മ ന്യായമായി ധരിച്ചിരുന്നു.

"എന്റെ പാവക്കുട്ടിക്ക് പേരിട്ടു."

"ങേ?" അമ്മ ചിരിച്ചു. ചിരിക്കു പിന്നിൽ വെറും ചിരിയല്ലാത്ത മറ്റെന്തിന്റെയൊക്കെയോ കാർമേഘപടലങ്ങളുണ്ടായിരുന്നു. അവ കനത്തു പെയ്യാതിരിക്കാൻ അമ്മ ആവോളം യത്നിച്ചു. പെയ്താൽ, അതു മഴയായി വീണാൽ ഒരു യുഗപ്പകർച്ച സംഭവിച്ചുകൂടായ്കയില്ല എന്ന് അമ്മയ്ക്ക് അറിയാമായിരുന്നു.

"ഞാനൊരുപാടാലോചിച്ചിട്ടാണമ്മേ, അവൾക്കു പേരിട്ടത്. ഇട്ട പേരെന്താന്നറിയണ്ടേ അമ്മയ്ക്ക്?"

അമ്മ ഒരു കലിയുഗത്തിന്റെ വക്കത്തുനിന്നുകൊണ്ട് മൂളി. "ങൂം."

"രാധ." ഗോപൻ പറഞ്ഞു.

അമ്മ നടുങ്ങി. നടുക്കത്തിന്റെ പൊരുൾ എന്താണെന്ന് അമ്മയ്ക്കു തന്നെ അറിയില്ലായിരുന്നു.

"നല്ലപേരല്ലേ അമ്മേ?" ഗോപൻ ചോദിച്ചു.

അമ്മ മറുപടി പറഞ്ഞില്ല. മറുപടികൾക്കപ്പുറത്തെ അജ്ഞതയുടെ, അന്ധമായ, അകാരണമായ ആശങ്കയുടെ, ഇല്ലിക്കാടുകളിൽ കുരുങ്ങിക്കിടക്കുകയായിരുന്നു അമ്മയുടെ മനസ്സ്.

"എന്താമ്മേ, നല്ല പേരല്ലേ? അമ്മയ്ക്കിഷ്ടപ്പെട്ടില്ലേ?" ഗോപന്റെ ചോദ്യം.

"നല്ല പേരാ മോനേ. അമ്മയ്ക്കിഷ്ടായി." അമ്മ മകനെ പുണർന്നു. ആ ആലിംഗനത്തിനു പിന്നിലെ ആശങ്കയും പരിഭ്രാന്തിയും അമ്മയുടെ മാത്രം വകയായിരുന്നു.

ഗോപന് കൂട്ടുകാരുണ്ടായിരുന്നില്ല. അടുത്ത വീട്ടിലെ കുട്ടികളുടെ കൂട്ടത്തിൽനിന്ന് അവൻ നാണിച്ച് ഒതുങ്ങി മാറുകയായിരുന്നുവെന്ന് അമ്മ കണ്ടു. മറ്റു കുട്ടികൾ ഫുട്ബോളും ഷട്ടിൽ കോക്കും ക്രിക്കറ്റും കളിച്ചപ്പോൾ ഗോപൻ പാവക്കുട്ടിയോടൊപ്പം അവന്റെ മുറിയിൽ ഒളിച്ചിരുന്നു. അമ്മയുടെ ഉള്ളിൽ ഒരു സംഭ്രമം നീറിപ്പുകഞ്ഞു.

"രാധ നന്നായി ചെസ്സ് കളിക്കും." ഒരുനാൾ ഗോപൻ പറഞ്ഞു.

"ഉവ്വോ? നല്ല കാര്യം." അമ്മ പറഞ്ഞു. അമ്മ ചിരിച്ചു. പക്ഷേ അമ്മയിലെ ആന്തരാഗ്നി കൂടുതൽ ശക്തമാവുകയായിരുന്നു.

"നല്ല രസമാ രാധേടെ കളി കാണാൻ." ഗോപൻ തുടർന്നു: "ഉണ്ണ്യേട്ടനെക്കാൾ ഭംഗിയായി കളിക്കും."

ഉണ്ണ്യേട്ടൻ ഗോപന്റെ ഒരമ്മാവന്റെ മകനാണ്. പത്താം ക്ലാസ്സ് വിദ്യാർത്ഥിയാണ്. ഭേദപ്പെട്ടൊരു ചെസ്സ് കളിക്കാരനാണ്. അക്കാരണം കൊണ്ടു തന്നെ ഗോപന്റെ ആരാധനാമൂർത്തിയാണ്. ഗോപനും നന്നായി ചെസ്സ് കളിച്ചിരുന്നു. പാവക്കുട്ടിയെ അടുത്തിരുത്തിക്കൊണ്ടാണ് അവൻ ഉണ്ണ്യേട്ടനുമായി കളിച്ചത്. ഇടയ്ക്കിടെ അവൻ അടക്കിപ്പിടിച്ച ശബ്ദത്തിൽ പാവക്കുട്ടിയുടെ കാതുകളിൽ എന്തോ മന്ത്രിച്ചു. എന്നിട്ട് ഉണ്ണ്യേട്ടനോടു പറഞ്ഞു.

"നൈറ്റിന്റെ കഴിഞ്ഞമൂവില്ലേ? അതിവളാണെനിക്കു പറഞ്ഞുതന്നത്."

ഉണ്ണി ചിരിച്ചു: "അപ്പൊ അവള് മിടുക്കിയാണല്ലോ."

"ആണോന്നോ?" ഗോപൻ ആവേശത്തോടെ പറഞ്ഞു: "നല്ല കഥ! ഉണ്ണ്യേട്ടനെന്തായിത്ര സംശയം?"

"ഏയ്, എനിക്കു സംശയമൊന്നുമില്ല." ഉണ്ണി പിന്നെയും ചിരിച്ചു.

ഉണ്ണിക്കു തമാശയായിരുന്നു. പക്ഷേ, അമ്മയ്ക്കതു തമാശയായി തോന്നിയില്ല.

അമ്മ കാര്യമായി തിരക്കി:

"ഉണ്ണീ, ഈ കുട്ടിക്കെന്താ കുഴപ്പം?"

"ആർക്ക്?"

"നമ്മുടെ ഗോപന്."

"ഒന്നുമില്ലപ്പച്ചീ. അവനാ പാവക്കുട്ടിയോടു വല്യ സ്നേഹമാ. അതിനു ജീവനുണ്ടെന്നാ അവന്റെ വിചാരം. സാരമില്ല."

"സാരമില്ലേ?" അമ്മയുടെ ശബ്ദം അവിശ്വാസത്തിന്റേതായിരുന്നു.

ഗോപൻ പിന്നെയും വളർന്നു. അവനോടൊപ്പം രാധ എന്ന പാവക്കുട്ടിയും. പാവക്കുട്ടിയുടെ വളർച്ച അവന്റെ മുമ്പിൽ മാത്രമായിരുന്നു. മറ്റുള്ളവർ അവളുടെ വളർച്ച കണ്ടില്ല.

ശാഖോപശാഖകളുള്ള ഒരു വലിയ വൃക്ഷം മാതിരി ആയിരുന്നു ഗോപന്റെ അമ്മയുടെ തറവാട്. ആ പരിസരത്തൊക്കെത്തന്നെ പടർന്നുപന്തലിച്ചു വളർന്നു കിടക്കുകയായിരുന്നു കുടുംബ

വൃക്ഷം. അതിനാൽ അയല്ക്കാരൊക്കെ ബന്ധുക്കളായിരുന്നു.

ബന്ധുവീട്ടിലെ സമപ്രായക്കാരോ ഭിന്ന പ്രായക്കാരോ ആയ കുട്ടികളുമായി ഗോപന് യാതൊരു ബന്ധവും ഉണ്ടായിരുന്നില്ല. കണ്ടാൽ ചിരിക്കുക, ഒന്നോ രണ്ടോ വാക്കുകളിൽ കുശലപ്രശ്നം ഒതുക്കുക. അത്രമാത്രം. വല്ലപ്പോഴും വിശേഷ ദിവസങ്ങളിൽ ഉണ്ടാകാവുന്ന സദ്യകൾക്കുപോലും അവൻ അപൂർവ്വമായേ ഹാജരായിരുന്നുള്ളു.

ഗോപൻ തികച്ചും അവന്റേതായ ഒരു സ്വകാര്യ ലോകത്തിലായിരുന്നു. അവന്റെയും അവന്റെ പാവക്കുട്ടിയുടെയും മാത്രമായൊരു ലോകം. ആ ലോകം സൗന്ദര്യം നിറഞ്ഞതായിരുന്നു. സൗരഭ്യം നിറഞ്ഞതായിരുന്നു. സ്വപ്നത്തെക്കാൾ മനോഹരമായിരുന്നു. പുറംലോകം അവരിരുവരെയും സംബന്ധിച്ചേടത്തോളം അയഥാർത്ഥമായിരുന്നു. അസത്യമായിരുന്നു. അപ്രസക്തമായിരുന്നു.

പുറംലോകത്തുനിന്നൊഴിഞ്ഞുമാറി, സ്വന്തം സ്വകാര്യലോകത്തിന്റെ വിശുദ്ധിയിൽ അവർ പലതരം കേളികളിലേർപ്പെട്ടു. ആ കേളികളിലൂടെ ആനന്ദത്തിന്റെ തേൻ തുള്ളികൾ ആവോളം നുണഞ്ഞു.

ഗോപന് കൗമാരപ്രായം കഴിഞ്ഞിരുന്നു. അവന്റെ ശബ്ദം വളർന്നു. മാംസപേശികൾ ഉറച്ചു. മേൽച്ചുണ്ടിന്മേൽ പട്ടുപോലെ മിനുത്ത രോമം കുനുത്തു. പക്ഷേ സമപ്രായക്കാരായ മറ്റു കുട്ടികളെ അപേക്ഷിച്ച് അവൻ ദുർബ്ബലനായി കാണപ്പെട്ടു. അവന്റെ കണ്ണുകൾ എപ്പോഴും ഉറക്കം തൂങ്ങി. അവന്റെ സംസാരം വളരെ പതിഞ്ഞ ശബ്ദത്തിലായിരുന്നു. ഭക്ഷണക്കാര്യത്തിൽ അവൻ പിന്നോക്കമായിരുന്നു.

അമ്മ വല്ലാതെ ദു:ഖിച്ചു. അന്നോളം അമ്മയുടെ വാക്കുകൾ സാരമില്ലെന്നു തള്ളിക്കളഞ്ഞിരുന്ന അച്ഛനും ക്രമേണ ഉല്ക്കണ്ഠാകുലനായി തുടങ്ങി.

അവർ നാട്ടുവൈദ്യന്മാരെയും ഡോക്ടർമാരെയും സമീപിച്ചു. അടിസ്ഥാനപരമായി ഗോപന് യാതൊരുവിധ രോഗവുമില്ലെന്ന് ഭിഷഗ്വരന്മാർ വിധിച്ചു. വിശപ്പുണ്ടാക്കാനുള്ള ചില അരിഷ്ടങ്ങളും ടോണിക്കുകളും ഒക്കെ അവർ നല്കി. വൈമനസ്യത്തോടെയാണെങ്കിലും അമ്മയെ അനുസരിച്ച് അവൻ അതു കഴിച്ചു. പക്ഷേ അവന്റെ വിശപ്പും ദാഹവും പഴയ പടി തന്നെ തുടർന്നു.

"ഡോക്ടർമാർ പറഞ്ഞിട്ടും വൈദ്യന്മാർ പറഞ്ഞിട്ടും അമ്മയ്ക്കു വിശ്വാസം വരുന്നില്ലേ? എനിക്കൊരസുഖവുമില്ലമ്മേ," ഗോപൻ കരയുന്ന അമ്മയെ സാന്ത്വനപ്പെടുത്താൻ ശ്രമിച്ചു. അമ്മയുടെ തേങ്ങലുകൾ കൂടുതൽ ഉച്ചത്തിലാവുകയാണ് ചെയ്തത്.

പഠിത്തത്തിൽ അവൻ മോശമായിരുന്നില്ല. ഉയർന്ന ഫസ്റ്റ്ക്ലാസ്സോടുകൂടിയാണ് അവൻ പത്താംക്ലാസ്സ് പാസ്സായത്. കോളേജിലും അവൻ സമർത്ഥനായിരുന്നു. അവൻ കവിതകളെഴുതിയിരുന്നു. അവന്റെ കവിത കണ്ട അപൂർവ്വം ആൾക്കാർ അവനിലെ കവിയെ വാനോളം പുകഴ്ത്തി. അവരുടെ പുകഴ്ത്തൽ അവനിൽ പക്ഷേ യാതൊരു താല്പര്യവും ജനിപ്പിച്ചില്ല. സ്തുതി വാക്കുകൾ ഏറെ ആയപ്പോൾ നീരസം പ്രകടമാവുന്ന മുഖത്തോടെ അവൻ സ്ഥലംവിട്ടു.

അവന്റെ ഏക താല്പര്യം തന്റെ പാവക്കുട്ടിയുടെ സമീപം എത്തുക എന്നതായിരുന്നു. കഴിയുന്നത്ര സമയം അവളോടൊപ്പം ചെലവിടുക എന്നതായിരുന്നു. ആ നിമിഷങ്ങളെ സ്വർഗ്ഗതുല്യമാക്കിത്തീർക്കുക എന്നതായിരുന്നു. ആ വേളകളിൽ അവൻ മറ്റെല്ലാം മറന്നു. അവർ അലൗകികാനന്ദത്തിന്റെ ഏതോ ആകാശങ്ങളിൽ പറന്നു നടക്കുകയായിരുന്നു.

ആ പറക്കലുകൾക്കിടയിലൊരു നാൾ, സാന്ദ്രമായ വികാരത്തിന്റെ ഒരു നിമിഷത്തിൽ അവൻ പാവക്കുട്ടിയോടു ചോദിച്ചു:

"രാധേ, നീ എന്നെങ്കിലും എന്നെ വിട്ടു പോകുമോ?"

അവളുടെ മറുപടി മറ്റൊരു ചോദ്യമായിരുന്നു:

"എന്നെങ്കിലും നീ എന്നെ ഉപേക്ഷിക്കുമോ?"

ഗോപൻ കിതച്ചുകൊണ്ട് പറഞ്ഞു: "ഒരിക്കലുമില്ല."

"എങ്കിൽ ഒരിക്കലും ഞാൻ നിന്നെ വിട്ടുപോവുകയില്ല."

അവർക്കു ചുറ്റിലും ആകാശത്തിൽ മേഘങ്ങൾ ഇരുണ്ടു. ഉഗ്രമായി കാറ്റുവീശി. മഴ ഇരമ്പിപ്പെയ്യാൻ തുടങ്ങി. നനഞ്ഞ തൂവലുകളുമായി അവർ അവരുടെ കിളിക്കൂട്ടിലേക്കു മടങ്ങി.

കാറ്റും മഴയും മിന്നൽപ്പിണരും ആകാശങ്ങളെയും ഭൂമിയെയും നടുക്കിയപ്പോൾ അവർ പരസ്പരം കൊക്കും ചുണ്ടും ചിറകുമുരുമ്മി സ്വന്തം അറയിൽ ഒതുങ്ങിക്കൂടിയിരുന്നു. കൊച്ചുവർത്തമാനങ്ങളിലൂടെ ഉള്ളിലെ ഭീതി മായ്ച്ചുകളയാൻ ശ്രമിച്ചു.

"ഇവന്റെ ഈ പാവക്കുട്ടിക്കളി അപകടമാണ്," ഗോപന്റെ അമ്മയും അച്ഛനും ഉണ്ണ്യേട്ടനും കൂടിയിരിക്കെ അമ്മയാണതു പറഞ്ഞത്. അവരുടെ ആശങ്ക അസ്ഥാനത്തല്ലെന്ന് മറ്റുള്ളവരും സമ്മതിച്ചു.

"ആദ്യമാദ്യം ഞാനത് കാര്യമായെടുത്തില്ല. ഇപ്പോഴാണതിന്റെ ഗൗരവം എനിക്കു മനസ്സിലാവുന്നത്." അച്ഛൻ പറഞ്ഞു.

"എന്തെങ്കിലും പരിഹാരമാർഗ്ഗം കണ്ടെത്തിയേ പറ്റൂ." ഉണ്ണിയുടെ അഭിപ്രായം.

അവർ മൂവരും വളരെനേരം വിഷയം ചർച്ച ചെയ്തു.

അവരുടെ ചർച്ചകളെക്കുറിച്ചൊന്നുമറിയാതെ, അവരുടെ ലോകത്തിന്റെ നിലനില്പുതന്നെ വിസ്മരിച്ചുകൊണ്ട് ഗോപൻ അവന്റെ പാവക്കുട്ടിയുമായി കളിച്ച്, പാറിപ്പറന്നു നടന്നു.

ആകസ്മികമായാണ് അതു സംഭവിച്ചത്. ഗോപന് പൊടുന്നനെ ഒരു പനി ഉണ്ടായി. പനി അകാരണമായിരുന്നില്ല. ഒരു വൈകുന്നേരത്ത് അവൻ കോളേജിൽ നിന്നു മടങ്ങിവന്നപ്പോൾ അവന്റെ പാവക്കുട്ടിയെ കണ്ടില്ല. ഗോപൻ പരിഭ്രാന്തനായി. നോക്കാവുന്നേടത്തൊക്കെ നോക്കി.

"അമ്മേ, എന്റെ പാവക്കുട്ടി എവിടെ?" അവൻ തിരക്കി.

"ആവോ." അമ്മ കൈമലർത്തി.

"അമ്മയല്ലേ എന്നോടു പറഞ്ഞത് എന്റെ പാവക്കുട്ടിയെ അമ്മ നോക്കിക്കൊള്ളാമെന്ന്?"

അമ്മ മറുപടി ഒന്നും പറഞ്ഞില്ല.

നിമിഷങ്ങളോളം ഗോപൻ അമ്മയുടെ നുണ പറയുന്ന കണ്ണുകളിലേക്ക് നോക്കിക്കൊണ്ടിരുന്നു.

എന്നിട്ട് അവൻ എണീറ്റ് സ്വന്തം കിടപ്പറയിൽ പോയി പനിച്ചു കിടന്നു.

നേരം കുറെ ചെന്നപ്പോൾ അവന്റെ പനി ഏറി. അമ്മ പരിഭ്രാന്തയായി. അവൻ എന്തൊക്കെയോ അവ്യക്തമായി പുലമ്പുന്നുണ്ടായിരുന്നു. അച്ഛനും ഉണ്ണിയും എത്തിയിരുന്നില്ല.

ഉണ്ണിയാണ് നേരത്തെ വന്നത്. പൊള്ളുന്ന പനി അവനെ വിരട്ടി. അവൻ ഉടനടി ഡോക്ടറെ വിളിക്കാൻ പോയി. ഡോക്ടർ വന്നു. പരിശോധിച്ചു. ഒരു മന:ശാസ്ത്രജ്ഞൻ കൂടി ആയിരുന്ന ഡോക്ടർ പറഞ്ഞു.

"എന്തോ ഒരു ഷോക്ക് ഉണ്ട്, ഗോപന്. അവനു പ്രിയപ്പെട്ട എന്തെങ്കിലും നഷ്ടപ്പെട്ടിട്ടുണ്ടോ?"

അമ്മ തെല്ലിട ആലോചിച്ചു.

"ഉവ്വ്, ഡോക്ടർ." അവർ പറഞ്ഞു:

"അവന്റെ ഒരു പാവക്കുട്ടി കാണാതായി. അതു ഞാനെടുത്തു മാറ്റിവച്ചതാണ്. അവന് ഏതാണ്ടൊരു ഭ്രാന്തുപോലെയാണത്."

"നിങ്ങൾ ചെയ്തത് വിഡ്ഢിത്തമാണ്." ഡോക്ടർ പറഞ്ഞു: "അതു മാറ്റിവയ്ക്കലല്ല മരുന്ന്. അതു കൊടുക്കൂ. അവന്റെ അസുഖം മാറും. പിന്നീട് നമുക്കു മറ്റുകാര്യങ്ങൾ ആലോചിക്കാം."

അമ്മ പാവക്കുട്ടിയെ എടുത്തുകൊണ്ടുവന്നു.

"മോനേ, മോനേ, ഇതാ നിന്റെ പാവക്കുട്ടി."

അമ്മ നെഞ്ചത്തേക്ക് കിടത്തിയ പാവക്കുട്ടിയെ ഗോപൻ കെട്ടിപ്പിടിച്ചു. അവൻ കണ്ണുതുറന്നു. ചിരിച്ചു. പാവക്കുട്ടിയെ മുറുകെ പുണർന്നുകൊണ്ട് അവൻ വീണ്ടും കണ്ണടച്ചു. ഒരത്ഭുതം പോലെ അവന്റെ പനി പെട്ടെന്ന് നിന്നു.

ആ രാത്രി പാവക്കുട്ടി ഗോപനോടു പറഞ്ഞു.

"നമുക്കിവിടം വിട്ടുപോകാം."

"എങ്ങോട്ട്?"

"ആദ്യം അമ്പലത്തിലേക്ക്. പിന്നെ എങ്ങോട്ടെങ്കിലും."

അവർ ഉടുത്തൊരുങ്ങി, ഇറങ്ങി. ആകാശത്തിൽ ഒരു ചന്ദ്രൻ നിന്നു ചിരിക്കുന്നുണ്ടായിരുന്നു. പാടത്ത് നിലാവ് പരന്നിരുന്നു.

അമ്പലമുറ്റത്തെ നിലാവത്ത് അവർ കൈകോർത്തു നിന്നു. ദേവിയുടെ തിരുമുമ്പിൽ നിന്ന് അവർ പരസ്പരം പുണർന്നു.

ഏതോ അപൂർവ്വ സ്വർഗ്ഗലോകങ്ങളിലേക്കുള്ള യാത്രയുടെ തുടക്കമോ? ●



എന്റെ മനസ്സിലേക്കുള്ള മറ്റൊരു വാതിലാണീ ജാലകം. ഇതെപ്പോഴും തുറന്നു കിടക്കുകയാണ്. ഇതിലൂടെ സൂര്യനും ചന്ദ്രനും എന്നെ സന്ദർശിക്കുന്നു. നക്ഷത്രങ്ങളും എന്നെ നോക്കുന്നുണ്ടാവാം. ദൂരം.... പച്ച പടർപ്പു നിറഞ്ഞു നിൽക്കുന്ന മരങ്ങൾ. അവ പലപ്പോഴും എന്നെ കണ്ടു തലയാട്ടി പരിചയം കാണി ക്കുന്നു. വസന്തത്തിൽ പൂത്താലമുയർത്തി എന്നെ കാണി ക്കുന്നു. ഞാൻ.... നിശബ്ദമായി എല്ലാം കാണണം. പുഴയുടെ വിലാപം എന്നെ നടുക്കുന്നു.

വല്ലപ്പോഴും എത്തുന്ന കാറ്റിനുപോലും എന്റെ സ്വരം അപരിചിതമാണ്. ഈ മുറിയിൽ എന്നെ അസ്വസ്ഥമാക്കുന്ന ഏതോ ഗന്ധം നിറഞ്ഞു നിൽപ്പുണ്ട്. ചുവരുകളിൽ, എന്റെ പുസ്തകങ്ങളിൽ, പിന്നെ ഈ മുറിയിലെ എല്ലാറ്റിലും ഞാൻ നിറഞ്ഞു നിൽക്കുന്നു.

ഞാൻ മാത്രം... എന്റെ സ്വപ്നങ്ങളിലെ നായകൻമാർ പോലും. ഇവയും ജനാലകളിലെ എന്റെ കാഴ്ചകളുമായിരുന്നു. എല്ലാം നിഴലുകളാണ് ഞാൻ പോലും.

നാമം ജപിച്ചു ജന്മത്തെ കീഴടക്കാൻ ശ്രമിക്കുന്ന മുത്തശ്ശി—നിരാശ മാത്രംകൈത മുതലായുള്ള അച്ഛൻ എങ്കിലും കുറ്റം മാത്രം കാണുന്ന അമ്മ പിന്നെ ചേട്ടൻ— ഇവരെയെല്ലാം യന്ത്രങ്ങളാണ്. അവരേക്കാളേറെ എനിക്ക് ജീവിതം തുടിപ്പു നൽകുന്നത് ഈ കാഴ്ചകളാണ്. എന്റെ ക്യാൻവാസുകളിൽ നിറങ്ങൾ കൊഴിയുന്നു. വസന്തവും ശിശിരവും, പുഴയുടെ കരച്ചിലും മാറി മാറി ചായങ്ങളിലൊഴുകി...വീണ്ടും ജനലിങ്കൽ അഭയംതേടുന്നു. ..... എന്റെ മോഹംക്കൊരുത്തൻ വന്നില്ലല്ലോ!

കാലഹരണപ്പെട്ട പ്രതാപത്തിന്റെ തേങ്ങൽ........ അവർ പെട്ടെന്നു വിഷാദം പൂണ്ടു, പുഴ തേങ്ങി........ നീയെന്നെ പിരിയുമോ? ഞാനാ ചോദ്യം എന്നോടു ചോദിച്ചു...... . പിരിയുമോ? ഇല്ല കഴിയില്ലപെണ്ണ്"



ഭർതൃമതിയാവേണമെന്ന തത്വം— ആരാണുണ്ടാക്കിവച്ചത്? രാത്രിയിൽ പതറിയ കാലും ചിലമ്പിയ സ്വരവുമായ് അച്ഛൻ ചേട്ടനോടു പൊട്ടിത്തെറിച്ചു— നീ കാണുന്നില്ലേ—അവൾക്ക് ഇരുപത്തൊന്നായി. പിന്നെ അച്ഛൻ ലഹരിയിൽ പൊട്ടിക്കരഞ്ഞു വീണുറങ്ങി. മുറ്റത്ത് തുളസിത്തറയിൽ തിരിയണഞ്ഞു. ഞാനെന്ന പെൺകുട്ടി ക്യാൻവാസിൽ അവ്യക്തരൂപങ്ങൾ വരച്ചു. അവയ്ക്കു എന്റെ തന്നെ ദുഃഖച്ഛായയുണ്ടായിരുന്നു. മരങ്ങളുടെ മർമ്മരം എന്റെ മുന്നിൽ നിശബ്ദമായി— കാറ്റെന്നെ കാണാൻ വന്നില്ല, പുഴമാത്രം വീണ്ടും തേങ്ങി. എന്റെ സ്വപ്നങ്ങളിൽ ഞാൻ മാത്രം ബാക്കിയായി.

ഞാൻ വീണ്ടും കരഞ്ഞു നീലാകാശമേ നീയും എന്നെ വിട്ടോ? രാവിലെ ഉണരണം... പുതിയ മുല്ലപ്പൂക്കൾ നോക്കി ചിരിച്ചു. പ്രഭാതം സുന്ദരമായിരുന്നു. സായാഹ്നം കളങ്കം ചേർക്കപ്പെട്ടിരുന്നു. ഒരു പകൽ നേരത്തിന്റെ ജീവിതം ഒരു ചെറുപൂവിന്റെ ജീവിതം എല്ലാം വഴിത്താരകൾ—ആരംഭങ്ങൾ—അവസാനങ്ങൾ—ഒരിക്കൽ മുത്തശ്ശി വിളിച്ചുണർത്തി—അറിഞ്ഞില്ലേ മോൾടെ ഭാഗ്യം! ഞാൻ എനിക്കന്യയാവുകയാണോ? ഞാൻ വിതുമ്പി. മറ്റൊന്നിനോടു പറ്റിച്ചേരാൻ എന്റെ സ്വപ്നങ്ങളെ വിട്ട്?

അമ്മ പറഞ്ഞു മോളെ, അവർക്ക് കാപ്പികൊണ്ടുകൊട് കരഞ്ഞില്ല—യന്ത്രമായി മാറി കഴിഞ്ഞിരുന്നു. അയാളുടെ മുഖത്തേക്ക് നോക്കിയില്ല ചോദിച്ച ചോദ്യങ്ങൾക്ക് ഉത്തരം കൊടുത്തു. വലിയ ഉദ്യോഗമാണ് നല്ല സ്വത്തും മുത്തശ്ശി ചിരിച്ചു. അച്ഛൻ തിരികെ വന്നു പറഞ്ഞു അവർക്കിഷ്ടപ്പെട്ടത്രെ. ഞാൻ നിരാശയാകുന്നതറിഞ്ഞു. ഞാനെന്ന ഭാരം കുളിക്കാൻ പോയപ്പോൾ പുഴയുടെ മാറിൽ തലചായ്ച്ച് തേങ്ങി....... ഞങ്ങൾ നിന്റെ സ്വപ്നങ്ങളിൽ ഒതുങ്ങട്ടെ— പോകൂ..... പുഴകൂടി ഉപേക്ഷിച്ചപ്പോൾ വീണ്ടും വിതുമ്പി......

